കേരള സർക്കാർ

# പട്ടികവർഗ്ഗ വികസന വകുപ്പ്
# പ്രവൃത്തി പഠന റിപ്പോർട്ട്
# 2020






ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ 4) വകുപ്പ്

കേരള സർക്കാർ

# ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (എ.ആർ 4 ) വകുപ്പ്

# പട്ടികവർഗ്ഗവികസനവകുപ്പ്

# പ്രവൃത്തിപഠന റിപ്പോർട്ട്

# 2020

# പട്ടികവർഗ്ഗവികസനവകുപ്പിൽ
# ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (എ.ആർ 4 ) വകുപ്പ്
# നടത്തിയ പ്രവൃത്തിപഠന റിപ്പോർട്ട്

# 2020

| | | |
|---|---|---|
| പഠനസംഘം | : | ശ്രീ.ഷാജി.റ്റി.എസ്<br>(സെക്ഷൻ ഓഫീസർ)<br>ശ്രീ. ബിമൽ.വി<br>(അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ)<br>ശ്രീ. ദിലീപ് കുമാർ.ആർ<br>(അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ) |
| മേൽനോട്ടം വഹിച്ചത് | : | ശ്രീ.നാസറുദ്ദീൻ.എ<br>(ഡെപ്യൂട്ടി സെക്രട്ടറി) |
| മാർഗ്ഗനിർദ്ദേശം നൽകിയത് | : | ശ്രീ.ഗോപാൽ വി.എസ്<br>(അഡീഷണൽ സെക്രട്ടറി) |
| റിപ്പോർട്ട് അംഗീകരിച്ചത് | : | ഡോ: ആശ തോമസ്<br>(അഡീഷണൽ ചീഫ് സെക്രട്ടറി) |

ഉള്ളടക്കം


| അധ്യായം | ശീർഷകം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം (Introduction) | 1-4 |
| 2 | പ്രവൃത്തി പഠനത്തിന്റെ ഉത്ഭവം (Genesis of work study) | 5-6 |
| 3 | രീതിശാസ്ത്രം (Methodology) | 7-8 |
| 4 | സംഘടനാ അപഗ്രഥനം (Organisation Analysis) | 9-13 |
| 5 | വസ്തുതകളും അപഗ്രഥനവും (Facts & Analysis) | 14-74 |
| 6 | ക്ഷേമ സ്ഥാപനങ്ങൾ (Welfare Institutions) | 75-96 |
| 7 | പൊതു ശിപാർശകൾ (General Recommendations) | 97-103 |
| 8 | ചെലവുകളും നേട്ടങ്ങളും- വിശകലനം (Cost - Benefit Analysis) | 104-105 |
| 9 | ശിപാർശകളുടെ സംക്ഷിപ്തം (Summary of Recommendations) | 106-112 |
| 10 | തുടർ നടപടികൾ (Further Actions) | 113 |
| | കൃതജ്ഞത (Acknowledgement) | 114 |
| | അനുബന്ധങ്ങളുടെ പട്ടിക (List of Annexures) | 115 |

# അധ്യായം 1
# ആമുഖം
# (Introduction)

1.1 ഇന്ത്യൻ ഭരണഘടനയുടെ 342 അനുച്ഛേദം പ്രകാരമുള്ള പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജനവിഭാഗങ്ങളെയാണ് പട്ടികവർഗ്ഗം എന്ന സംജ്ഞയിൽ വിവക്ഷിയ്ക്കുന്നത്. ഓരോ സംസ്ഥാനങ്ങളിലേയോ കേന്ദ്രഭരണ പ്രദേശങ്ങളിലേയോ ഗോത്രസമൂഹങ്ങളേയോ ഗോത്രസമൂഹങ്ങളിലെ വ്യത്യസ്ത വിഭാഗങ്ങളേയോ പ്രത്യേകമായി കണക്കാക്കിയാണ് ഭരണഘടനാ അനുച്ഛേദത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആകയാൽ ഒരു സംസ്ഥാനത്തിലെ പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തുന്നതായ ഗോത്രവിഭാഗം മറ്റൊരു സംസ്ഥാനത്തിൽ അങ്ങനെയല്ലാതാകുന്ന അവസരങ്ങൾ കാണാവുന്നതാണ്. പട്ടികവർഗ്ഗങ്ങളുടെ വിജ്ഞാപനം ഓരോ സംസ്ഥാനങ്ങളിലേയും അവരുടെ ജീവിതനിലവാരം തുടങ്ങിയ അവസ്ഥകൾ പരിഗണിച്ചുകൊണ്ട് സംസ്ഥാന പരിധിയ്ക്കുള്ളിൽപ്പെടുന്നതാണ് എന്ന് പൊതുവെ പറയാവുന്നതാണ്. പട്ടികവർഗ്ഗവിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി പൊതുവായി താഴെ പറയുന്ന മാനദണ്ഡങ്ങളാണ് കണക്കിലെടുക്കുന്നത്.

- പ്രാകൃത സ്വഭാവ സവിശേഷതകൾ
- ഭൂമിശാസ്ത്രപരമായ ഒറ്റപ്പെടൽ
- വ്യത്യസ്തമായ സംസ്കാരം
- പൊതുസമൂഹവുമായി ബന്ധപ്പെടാനുള്ള വിമുഖത
- സാമ്പത്തികമായ പിന്നോക്കാവസ്ഥ

1.2 വിവിധങ്ങളായ പാരിസ്ഥിതികവും ഭൗമശാസ്ത്രവും കാലാവസ്ഥാപരവുമായ കാരണങ്ങളാലും ഗോത്രവിഭാഗങ്ങൾ പൊതുവെ എത്തിച്ചേരാൻ പ്രയാസമുള്ള സമതലങ്ങൾ മുതൽ വനാന്തർഭാഗങ്ങളിലെ കുന്നുകളിൽ വരെയാണ് കഴിഞ്ഞുവരുന്നത്. ചില ഗോത്രവിഭാഗങ്ങൾ ഏറെക്കുറെ പൊതുസമൂഹവുമായി ചേർന്നുനിൽക്കുന്ന ജീവിതശൈലി പിൻതുടർന്നു തുടങ്ങിയിട്ടുണ്ടെങ്കിലും മറ്റ് ചില വിഭാഗങ്ങൾ സമൂഹത്തിന്റെ മറ്റേ അറ്റത്തുള്ള കണ്ണികളായി തുടരുന്നു. താഴെ പറയുന്ന

സവിശേഷതകളുടെ അടിസ്ഥാനത്തിൽ ഭാരതത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന 75 സമുദായങ്ങളെ പ്രാക്തന ഗോത്രവിഭാഗങ്ങൾ എന്ന് വിവക്ഷിച്ച് പ്രത്യേക പരിഗണന അർഹിക്കുന്നവരായി കണക്കാക്കുന്നു.

- പുരാതനമായ പണിയായുധങ്ങളുടേയും കുഴി സാങ്കേതികതയുടേയും ഉപയോഗം.
- ജനസംഖ്യയിലുള്ള നിശ്ചലവും നെഗറ്റീവുമായ വളർച്ചാ നിരക്ക്.
- സാക്ഷരതാ നിരക്കിലെ പരിതാപകരമായ അവസ്ഥ.
- സമ്പദ് വ്യവസ്ഥയുടെ ഉപജീവനനില.

1.3 വിവിധ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 750 ജനവിഭാഗങ്ങളെയാണ് പട്ടികവർഗ്ഗ വിഭാഗങ്ങളായി വിജ്ഞാപനം ചെയ്തിരിക്കുന്നത്. 2011-ലെ ജനസംഖ്യാ കണക്കെടുപ്പ് പ്രകാരം ഇന്ത്യൻ ജനസംഖ്യയുടെ 8.6% അഥവാ 10.43 കോടി പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെടുന്നു. 1000 പുരുഷന്മാർക്ക് 990 സ്ത്രീകൾ എന്നതാണ് ഇന്ത്യൻ പട്ടികവർഗ്ഗ വിഭാഗത്തിലെ ലിംഗാനുപാതം. ഇന്ത്യൻ പട്ടികവർഗ്ഗ ജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗവും മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, ഒറീസ്സ, ഗുജറാത്ത്, രാജസ്ഥാൻ, ജാർഖണ്ഡ്, ഛത്തീസ്ഗഢ് സംസ്ഥാനങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഡൽഹി, പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങളിലും പുതുച്ചേരി, ചണ്ഡീഗഢ് എന്നീ കേന്ദ്രഭരണ പ്രദേശങ്ങളിലും പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഒരു സമുദായത്തേയും ഉൾപ്പെടുത്തിയിട്ടില്ല.

**കേരളം**

1.4 2001-ലെ സെൻസസ് പ്രകാരം കേരളത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ 3,64,189-ഉം ഇത് ആകെ ജനസംഖ്യയുടെ 1.5 ശതമാനവുമാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ ജനസംഖ്യയുള്ളത് വയനാട് ജില്ലയിലാണ്. ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിലായാണ് കേരളത്തിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ സിംഹഭാഗവും കേന്ദ്രീകരിച്ചിരിക്കുന്നത്. കേരളത്തിലെ പ്രധാനപ്പെട്ട 35 ഗോത്രവിഭാഗങ്ങളിൽ പണിയ സമുദായമാണ് ജനസംഖ്യയിൽ മുന്നിട്ട് നിൽക്കുന്നത്. വിവിധ തലങ്ങളിലുള്ള പിന്നോക്കാവസ്ഥ കണക്കിലെടുത്ത് കേരളത്തിലെ പട്ടികവർഗ്ഗ ജനസംഖ്യയിലെ 5 ശതമാനത്തോളം വരുന്ന ചോലനായ്ക്കർ, കുറുമ്പർ, കാട്ടുനായ്ക്കർ, കാടർ, കൊറഗർ എന്നീ അഞ്ച് സമുദായങ്ങളെ പ്രാക്തന

ഗോത്രവിഭാഗങ്ങൾ എന്ന് കണക്കാക്കി പ്രത്യേക ശ്രദ്ധ നൽകേണ്ട വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രാക്തന ഗോത്രവിഭാഗത്തിൽത്തന്നെ എറ്റവും പിന്നോക്കാവസ്ഥയിലുള്ളവരായ ചോലനായ്ക്കരിൽ മലപ്പുറം ജില്ലയിലെ നിലമ്പൂരിലെ മഞ്ചേരി വനത്തിനുള്ളിൽ കാണുന്ന ഏതാനും കുടുംബങ്ങൾ മാത്രമേ ബാക്കിയുള്ളൂ. മറ്റ് പ്രാക്തന ഗോത്രവിഭാഗങ്ങളായ കാട്ടുനായ്ക്കർ വയനാട് ജില്ലയിലും കോഴിക്കോട്, മലപ്പുറം ജില്ലകളിലെ ചില പ്രദേശങ്ങളിലും, കാടർ തൃശ്ശൂർ, പാലക്കാട് ജില്ലകളിലും കുറുമ്പർ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലും കൊറഗർ കാസർഗോഡ് ജില്ലയിലുമായാണ് കണ്ടുവരുന്നത്.

1.5 കേരളത്തിലെ ആദിവാസി ജനതയുടെ മഹാഭൂരിപക്ഷവും കർണ്ണാടക, തമിഴ് നാട് അതിർത്തികളുമായി ചേർന്നുകിടക്കുന്ന പശ്ചിമഘട്ട മലനിരകളിലും അതിർത്തിയോടനുബന്ധിച്ച വനപ്രദേശങ്ങളിലുമായാണ് അധിവസിക്കുന്നത്. കേരളത്തിലെ ആദിവാസി ജനസംഖ്യയുടെ പകുതിയോളം പേർ വയനാടൻ വനങ്ങളിലായാണ് വസിക്കുന്നത്. യഥാർത്ഥത്തിൽ ആദിവാസ ഗോത്രസമൂഹമാണ് വയനാട്ടിലെ യഥാർത്ഥ ആദിമജനത (Original inhabitants). എന്നാൽ പിൽക്കാലത്തുണ്ടായ കുടിയേറ്റങ്ങൾ കാരണം ആദിവാസി ജനതയുടെ എണ്ണത്തിൽ മാറ്റമുണ്ടാവുകയും കുടിയേറ്റക്കാരേയും കയ്യേറ്റക്കാരേയും ചെറുത്തുനിൽക്കുവാൻ കഴിയാതെ പിൻവാങ്ങിയ ആദിവാസി ജനത ഇന്ന് വയനാട്ടിലെ ആകെ ജനസംഖ്യയുടെ 20 ശതമാനത്തിലേക്ക് ചുരുങ്ങുകയും ചെയ്തിരിക്കുന്നു. കേരളത്തിലെ ആദിവാസി ഗോത്രജനത പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് താഴെപറയും പ്രകാരമാണ്.

| ഏരിയ | ഗോത്രങ്ങൾ |
|---|---|
| കാസർഗോഡ് | കൊറഗർ, മറാഠി |
| വയനാട് | പണിയർ, കുറിച്യർ, കാട്ടുനായ്ക്കർ, മുള്ളുകുറുമർ, അടിയർ, കണ്ടവടിയർ, തച്ചനാടർ, കനലാടി |
| അട്ടപ്പാടി | ഇരുളർ, കുറുമ്പർ, മുടുഗർ |
| നിലമ്പൂർ | ചോലനായ്ക്കർ, അറനാടർ, കാടർ, ആമർ, പണിയർ |

| | |
|---|---|
| പറമ്പിക്കുളം | കാടർ, മലയർ, മലമലാസർ |
| ഇടുക്കി | മലമ്പണ്ടാരം, മലപ്പുലർ, മലയരയർ, ഊരാളി, മുതുവാൻ, മന്നാൻ |
| നെടുമങ്ങാട് | കാണിക്കാർ, മലനാടർ |

## അധ്യായം 2

## പ്രവൃത്തി പഠനത്തിന്റെ ഉദ്ഭവം

## (Genesis of the Study)

2.1 മുഖ്യധാരയിൽ നിന്നും ഒഴിഞ്ഞുമാറി നിൽക്കുന്നതും സവിശേഷതയുള്ളതുമായ പ്രത്യേക ജനവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നതാണ് പട്ടികവർഗ്ഗ വികസന വകുപ്പ്. 2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ 4,84,839 ആണ്. പട്ടികവർഗ്ഗ വകുപ്പ് 2008-ൽ നടത്തിയ സാമൂഹിക സാമ്പത്തിക സർവ്വെ പ്രകാരം 4762 പട്ടികവർഗ്ഗ സങ്കേതങ്ങളിലായി 1,07,965 കുടുംബങ്ങൾ അധിവസിക്കുന്നതിൽ 504 സങ്കേതങ്ങൾ റിസർവ് വനത്തിനകത്തും 948 സങ്കേതങ്ങൾ വനത്തിന്റെ പ്രാന്തപ്രദേശങ്ങളിലുമാണ് സ്ഥിതി ചെയ്യുന്നത്. വന്യജീവികളുടെ ആക്രമണ ഭീഷണി നേരിടുന്ന ആയിരത്തോളം സങ്കേതങ്ങൾ ഉൾപ്പെടെയുള്ള ഇത്തരം സങ്കേതങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് ധാരാളം വെല്ലുവിളികൾ നേരിടുന്നുണ്ടെന്നും, 2003, 2014 വർഷങ്ങളിലെ ഭേദഗതി വിജ്ഞാപനങ്ങളിലൂടെ യഥാക്രമം കരിമ്പാലൻ, മറാഠി എന്നീ സമുദായങ്ങളും പട്ടികവർഗ്ഗ വിഭാഗത്തിലെത്തിയതോടെ ജനസംഖ്യ വർദ്ധിക്കുകയും, വിവിധ മേഖലകളിലായി 96 പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടും, 1980-ൽ പട്ടികവർഗ്ഗ വികസന വകുപ്പ് രൂപീകരിച്ച സമയത്തുള്ള മാനവ വിഭവശേഷിയിൽ നാമമാത്രമായ വർദ്ധനവ് മാത്രമാണ് വന്നിട്ടുള്ളതെന്നും കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം പൊതുസമൂഹ നിലവാരത്തിൽ എത്തിക്കുന്നതിന് കാര്യക്ഷമവും, സമയബന്ധിതവും ദീർഘവീക്ഷണത്തോടു കൂടിയുള്ളതുമായ പദ്ധതികളുടെ ആവിഷ്കരണം, നിരീക്ഷണത്തോടു കൂടിയുള്ള നിർവ്വഹണം, അവലോകനം, മറ്റു വകുപ്പുകളുടെ പ്രവർത്തനങ്ങളുമായുള്ള ഏകോപനം എന്നിവയ്ക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിലവിലുള്ള മാനവവിഭവശേഷി അപര്യാപ്തമാണെന്നും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിലവിലുള്ള ഓഫീസുകൾ വിവിധ ജില്ലകളിലെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ലെന്നും നിലവിലുള്ള തസ്തികകൾക്കു പുറമെ ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് വകുപ്പിനെ

ശാക്തീകരിക്കേണ്ടത് വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമായതിനാൽ അധിക തസ്തികകളും പുതിയ ഓഫീസുകളും അനുവദിക്കണമെന്നുള്ള പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 26/02/2018-ലെ ഇ 1/9274/17 നമ്പർ അഭ്യർത്ഥനയാണ് പ്രവൃത്തി പഠനത്തിന് ആധാരമായത്. ഡയറക്ടറുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ സമഗ്രമായ പ്രവൃത്തി പഠനം നടത്തണമെന്ന് 01/09/2018-ലെ 112/ഡി3/18/പജപവവിവ നമ്പർ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആവശ്യപ്പെടുകയുണ്ടായി. പഠനത്തിനായുള്ള ഊഴം കണക്കാക്കാതെ പ്രവൃത്തി പഠനം അടിയന്തിരമായി ഏറ്റെടുക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 03/11/2018-ൽ ഉത്തരവായതിനെ തുടർന്ന് പഠനം നടത്തുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-4) വകുപ്പിനെ ചുമതലപ്പെടുത്തുകയുണ്ടായി.

# അധ്യായം 3
# രീതിശാസ്ത്രം
# (Methodology)

3.1 പട്ടികവർഗ്ഗ വികസന വകുപ്പിൽ പ്രവൃത്തി പഠനം നടത്തുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് ഡയറക്ടർ, വകുപ്പിലെ മറ്റ് സീനിയർ ഉദ്യോഗസ്ഥർ എന്നിവരുമായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള പഠനസംഘം 17.12.2018- ൽ ഒരു പ്രാഥമിക ചർച്ച നടത്തിയിരുന്നു. ചർച്ചയെത്തുടർന്ന് സമഗ്രമായ പ്രവൃത്തി പഠനം നടത്തുന്നതിന്റെ ആവശ്യകതയും പഠനരീതികളും നിശ്ചയിക്കുന്നതിനുവേണ്ടി ഒരു പ്രാഥമിക പഠനം (Pilot Study) നടത്തുകയുണ്ടായി. പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ എ,ഇ സെക്ഷനുകളും, നെടുമങ്ങാട് സംയോജിത പട്ടിക വർഗ്ഗ വികസന പ്രോജക്ട് ഓഫീസ് (ഐ.റ്റി.ഡി.പി), നെടുമങ്ങാട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, ഞാറനീലി മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയുമാണ് പ്രാഥമിക പഠനത്തിനായി തിരഞ്ഞെടുത്തത്. വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥരുടെ വാർഷിക ജോലിഭാരം പരിശോധിച്ചതിൽ പട്ടിക വർഗ്ഗ വകുപ്പ് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിലെ ആവശ്യങ്ങളിൻമേൽ തീരുമാനം അറിയിക്കുന്നതിലേക്കായി വിശദമായ പഠനം അനിവാര്യമാണെന്നും, മറ്റ് തസ്തികകളെ അപേക്ഷിച്ച് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയുടെ ചുമതലകൾ കൂടുതലും ഫീൽഡ് തല പ്രവർത്തനമായതിനാലും, വകുപ്പിന് കീഴിലെ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ നിർദ്ദേശങ്ങളും, വകുപ്പ് മുഖാന്തരം നടപ്പാക്കുന്ന പദ്ധതികൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ നല്കുന്നതിനും ഫീൽഡ് പഠനത്തിന് പ്രാമുഖ്യം നല്കികൊണ്ടുള്ള പഠനരീതിയാണ് ഉചിതമെന്നും പ്രാഥമിക പഠനത്തിൽ ബോദ്ധ്യമാവുകയുണ്ടായി.

3.2 പ്രവൃത്തി പഠനത്തിന്റെ ഭാഗമായി മനുഷ്യ വിഭവ ശേഷി കണക്കാക്കുന്നതിന് സാധാരണ ഉപയോഗിക്കുന്ന സമ്പ്രദായങ്ങളായ **ചർച്ചയും അഭിമുഖവും, നിരീക്ഷണം, സെൽഫ് ലോഗിംഗ്, അനലറ്റിക്കൽ എസ്റ്റിമേഷൻ തുടങ്ങിയവ പഠനത്തിനായി ഉപയോഗിക്കുകയും നിലവിൽ ലഭ്യമായ വിവരങ്ങൾ (സിന്തറ്റിക് ഡാറ്റ) ആവശ്യമുള്ളയിടങ്ങളിൽ പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.** ഫീൽഡ് തല

പ്രവർത്തനം കൂടുതലുള്ള വകുപ്പ് ആയതിനാൽ ഫീൽഡ് സന്ദർശനം വഴി വിവിധ ഓഫീസർമാരൊടൊപ്പം ഫീൽഡിൽ സമയം ചെലവഴിച്ച് നേരിട്ടുള്ള വിലയിരുത്തൽ നടത്തിയിട്ടുമുണ്ട്. സംസ്ഥാന സർക്കാരിലെ ഒരു ജീവനക്കാരൻ ഒരു വർഷം 1700 man-hours ജോലി ചെയ്യേണ്ടതാണെന്ന അടിസ്ഥാന തത്വത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമുള്ള തസ്തികകളുടെ എണ്ണം കണ്ടെത്തുകയാണ് സാധാരണ ചെയ്തു വരുന്നത്. ക്ലറിക്കൽ തസ്തികകളുടെ കാര്യത്തിൽ ഈ മാനദണ്ഡം പ്രയോഗിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള പ്രവൃത്തി പഠനത്തിലൂടെ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളെ വിമർശനാധിഷ്ഠിത പരിശോധന (critical examination) നടത്തിയാണ് യുക്തിസഹവും പ്രായോഗികവുമായ തീരുമാനങ്ങളിലേക്ക് എത്തിച്ചേർന്നിട്ടുള്ളത്.

## അധ്യായം 4
## സംഘടനാ അപഗ്രഥനം
## (Organisation Analysis)

4.1 സ്വാതന്ത്ര്യലബ്ധിക്കു ശേഷം പട്ടികവർഗ്ഗക്കാർക്കു വേണ്ടിയുള്ള പദ്ധതികൾ ആദ്യകാലങ്ങളിൽ നടപ്പാക്കിയിരുന്നത് പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികളുടെ ഭാഗമായിട്ടായിരുന്നു. പട്ടികവർഗ്ഗക്കാർക്കായിട്ടുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ അവർ പരമ്പരാഗതമായി ആചരിച്ചു വന്നിരുന്ന പ്രത്യേക ഗോത്ര സംസ്കാരത്തിന് കോട്ടം തട്ടാത്ത രീതിയിലും അതേസമയം കാലത്തിന്റെ ആവശ്യങ്ങൾക്ക് അനുസരിച്ചും ആയിരിക്കേണ്ടതാണ്. ഇവരെ സമൂഹത്തിലെ ഇതര വിഭാഗത്തോടൊപ്പം വികസന കാര്യത്തിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്. പട്ടികവർഗ്ഗക്കാരുടെ ആവശ്യങ്ങൾ ക്കനുസരിച്ചുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനോ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനോ മേൽ സൂചിപ്പിച്ച സംവിധാനത്തിൽ കഴിഞ്ഞിരുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിലാണ് അഞ്ചാം പദ്ധതിയുടെ ആദ്യ വർഷം മുതൽ (1974-75) പട്ടികവർഗ്ഗക്കാർക്കു മാത്രമായിട്ടുള്ള പട്ടികവർഗ്ഗ ഉപപദ്ധതി (റ്റി.എസ്.പി) സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പാക്കിത്തുടങ്ങിയത്. ഇതര ജനവിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി പ്രത്യേകം ഗോത്രങ്ങളായി (ഊര്, കുടി മുതലായവ) പട്ടികവർഗ്ഗക്കാർ അധിവസിച്ചു വരുന്നതിനാൽ ജനസംഖ്യാനുപാതികമായി അവരുടെ ക്ഷേമവികസനത്തിന് ഉതകുന്ന പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പ്രകാരം ഓരോ പട്ടികവർഗ്ഗ പ്രദേശത്തിനും അവശ്യം വേണ്ട ഭൗതിക സജ്ജീകരണങ്ങൾക്കും, സാമ്പത്തിക വികസനത്തിനും അവരുടെ തനതു സാംസ്കാരിക സവിശേഷതയ്ക്ക് കോട്ടം വരുത്താതെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. അതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിനുവേണ്ടി 1975-ൽ പട്ടികവർഗ്ഗ വികസനവകുപ്പ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

4.2 പാലക്കാട് ജില്ലയിലെ ചന്ദ്രനഗർ ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്ന "ഹരിജൻ ക്ഷേമവകുപ്പ്" വിഭജിച്ചാണ് പട്ടികവർഗ്ഗ വികസനവകുപ്പ് രൂപീകരിച്ചത്. വിഭജനം നടന്നെങ്കിലും ഭരണപരമായ നിയന്ത്രണം ഹരിജൻ ക്ഷേമവകുപ്പിനു

തന്നെയായിരുന്നു. ഭരണപരമായ സൗകര്യാർത്ഥം പിന്നീട് ഡയറക്ടറേറ്റ് തിരുവനന്തപുരത്തേയ്ക്ക് മാറ്റി. 17/01/1980-ൽ ഭരണപരമായ പൂർണ്ണ നിയന്ത്രണം പട്ടികവർഗ്ഗ വികസനവകുപ്പിന് ലഭ്യമാക്കി പ്രത്യേക വകുപ്പായി പ്രവർത്തനം ആരംഭിച്ചു തുടങ്ങി.

4.3 1975-ൽ വകുപ്പ് രൂപീകരിക്കുന്ന സമയത്ത് പുനലൂർ, കാഞ്ഞിരപ്പള്ളി, തൊടുപുഴ, മണ്ണാർക്കാട്, നിലമ്പൂർ, മാനന്തവാടി എന്നിങ്ങനെ 6 ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസുകളാണ് ഉണ്ടായിരുന്നത്. എന്നാൽ അട്ടപ്പാടിയിൽ സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട് (ഐ.റ്റി.ഡി.പി) രൂപീകരിച്ചു കൊണ്ടാണ് ഈ മേഖലയിൽ എല്ലാ വികസന പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നത്.

4.4 1980-ൽ പട്ടികവർഗ്ഗ ഉപപദ്ധതിയിൽപ്പെടുത്തി പുനലൂർ, ഇടുക്കി, നിലമ്പൂർ, മാനന്തവാടി എന്നീ പട്ടികവർഗ്ഗ വികസന ഓഫീസുകളെ സംയോജിത പട്ടികവർഗ്ഗ പ്രോജക്ടുകളായി രൂപീകരിച്ചു. 1983-84 മുതൽ സമ്പൂർണ്ണ സംയോജിത പട്ടികവർഗ്ഗ പ്രോജക്ടുകളായി ഈ നാല് ഓഫീസുകളും പ്രവർത്തനം ആരംഭിച്ചു. പിന്നീട് ഓരോ സംയോജിത പട്ടികവർഗ്ഗ പ്രോജക്ടുകളുടെയും ഭരണപരമായ അധികാരപരിധി റവന്യൂ ജില്ലകൾക്കനുസരിച്ച് പുനർ:നിർണ്ണയിച്ച് വയനാട് ജില്ലയിൽ കൽപ്പറ്റ സംയോജിത പട്ടികവർഗ്ഗ പ്രോജക്ടിന്റെ അധികാരപരിധി വൈത്തിരി താലൂക്കായി നിശ്ചയിക്കുകയും ചെയ്തു. 1991-ൽ മാനന്തവാടി, സുൽത്താൻബത്തേരി ഓഫീസുകളും നിലവിൽ വന്നു. അതിന് ശേഷം ചാലക്കുടി, പാലക്കാട്, അടിമാലി ഓഫീസുകൾ വിവിധ കാലഘട്ടങ്ങളിലായി നിലവിൽ വന്നു. നിലവിൽ 7 സംയോജിത പട്ടികവർഗ്ഗ പ്രോജക്ട് ഓഫീസുകളും 10 പട്ടികവർഗ്ഗ വികസന ഓഫീസുകളും പ്രവർത്തിച്ചുവരുന്നു.

4.5 വകുപ്പിന്റെ രൂപീകരണസമയത്ത് 26 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളും, 6 സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസുകളുമാണ് ഉണ്ടായിരുന്നത്. 1982-ൽ 12 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളും 2016-ൽ 5 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളും അനുവദിച്ചിരുന്നു.

4.6 പട്ടികവർഗ്ഗ വികസന വകുപ്പ് തലവൻ ഐ.എ.എസ്. കേഡറിലുള്ള ഉദ്യോഗസ്ഥനാണ്. ഡയറക്ടറേറ്റ് തലത്തിൽ ഒരു ജോയിന്റ് ഡയറക്ടർ, 2 ഡെപ്യൂട്ടി ഡയറക്ടർമാർ ഒരു സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ ഫിനാൻസ്

ഓഫീസർ, 2 അസിസ്റ്റന്റ് ഡയറക്ടർമാർ ഒരു പ്ലാനിംഗ് ഓഫീസർ എന്നിവർ ഡയറക്ടറെ സഹായിക്കുന്നു. ജില്ലാതലത്തിൽ 17 ഓഫീസുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ ഓഫീസുകളുടെ അധികാരപരിധി റവന്യൂ ജില്ലകളെ അടിസ്ഥാനപ്പെടുത്തിയല്ല നിശ്ചയിച്ചിട്ടുള്ളത്. വയനാട് ജില്ലയിൽ 3 ജില്ലാതല ഓഫീസുകളും പാലക്കാട്, ഇടുക്കി ജില്ലകളിൽ 2 ജില്ലാതല ഓഫീസുകളും പ്രവർത്തിച്ചുവരുന്നു. ആലപ്പുഴ ജില്ലയിൽ ജില്ലാതല ഓഫീസ് പ്രവർത്തിക്കുന്നില്ല.

4.7 വകുപ്പിനു കീഴിൽ ജോലി ചെയ്തു വരുന്ന ജില്ലാതല ഓഫീസർമാർ 2 കാറ്റഗറിയിലാണ് ജോലി ചെയ്തു വരുന്നത്. അസിസ്റ്റന്റ് ഡയറക്ടർ കേഡറിലുള്ള പട്ടികവർഗ്ഗ വികസന ഓഫീസർ (ടി.ഡി.ഒ) ഡെപ്യൂട്ടി ഡയറക്ടർ കേഡറിലുള്ള സംജാതിക പട്ടികവർഗ്ഗ പ്രോജക്ട് ഓഫീസർ (പി.ഒ) എന്നിങ്ങനെയാണ് ജോലി ചെയ്തു വരുന്നത്. ഓരോ പ്രോജക്ട് ഓഫീസർ/ പട്ടികവർഗ്ഗ വികസന ഓഫീസർമാരുടെ കീഴിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫിസർമാർ ജോലി ചെയ്തു വരുന്നു. ഇതു കൂടാതെ 1182 പട്ടികവർഗ്ഗ പ്രൊമോട്ടർമാരും ജോലി ചെയ്തു വരുന്നുണ്ട്. ഇവർ പട്ടികവർഗ്ഗ വികസന വകുപ്പും പട്ടികവർഗ്ഗ കുടുംബങ്ങളും തമ്മിലുള്ള കണ്ണിയായി പ്രവർത്തിച്ചുവരുന്നു. ഓർഗനൈസേഷൻ ചാർട്ട് അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.

<u>വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന മറ്റ് സ്ഥാപനങ്ങൾ</u>

| സ്ഥാപനം | ആകെ എണ്ണം |
|---|---|
| മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ (MRS) | 20 |
| പോസ്റ്റ് മെട്രിക് ഹോസ്റ്റൽ | 3 |
| പ്രി മെട്രിക് ഹോസ്റ്റൽ | 106 |
| ഏകാദ്ധ്യാപക വിദ്യാലയങ്ങൾ | 23 |
| പെരിപ്പറ്ററ്റിക് സെന്ററുകൾ | 7<br>( വയനാട്-6, മലപ്പുറം -1) |
| കിന്റർ ഗാർട്ടനുകൾ | 10 |
| നഴ്സറി സ്കൂളുകൾ | 13 |

| | |
|---|---|
| ബാലവാടി /വികാസ് വാടി | 4 |
| ബാലവിജ്ഞാനകേന്ദ്രം | 3 |
| അഗതി മന്ദിരങ്ങൾ | 3 |
| മിഡ് വൈഫറി സെന്റർ | 4 |
| ആയുർവേദ ഡിസ്പെൻസറികൾ | 17 |
| ആയുർവേദ ആശുപത്രി | 1 |
| മൊബൈൽ മെഡിക്കൽ യൂണിറ്റ് | 2 |
| ഒ.പി.ക്ലിനിക്ക് | 5 |

**<u>വകുപ്പിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ</u>**

| ക്രമ നമ്പർ | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം |
|---|---|---|
| 1 | ജോയിന്റ് ഡയറക്ടർ | 1 |
| 2 | ഡെപ്യൂട്ടി ഡയറക്ടർ | 2 |
| 3 | പ്രോജക്ട് ഓഫീസർ | 7 |
| 4 | അസിസ്റ്റന്റ് ഡയറക്ടർ | 3 |
| 5 | ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ | 10 |
| 6 | അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ | 7 |
| 7 | അസിസ്റ്റന്റ് ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ | 6 |
| 8 | സീനിയർ സൂപ്രണ്ട് | 18 |
| 9 | ട്രെയിനിംഗ് ഓഫീസർ | 1 |
| 10 | സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർ | 4 |
| 11 | ജൂനിയർ സൂപ്രണ്ട് | 18 |
| 12 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 53 |
| 13 | ഫെയർ കോപ്പി സൂപ്രണ്ട് | 1 |
| 14 | ഇൻഡസ്ട്രിയൽ സൂപ്പർവൈസർ | 1 |
| 15 | സൂപ്പർവൈസർ | 2 |
| 16 | എം.ആർ.എസ് മാനേജർ | 18 |
| 17 | ഹെഡ് ക്ലാർക്ക് | 2 |

| | | |
|---|---|---|
| 18 | ക്ലാർക്ക്/സീനിയർ ക്ലാർക്ക് | 157 |
| 19 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1 |
| 20 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 7 |
| 21 | ടൈപ്പിസ്റ്റ് | 31 |
| 22 | ഡ്രൈവർ | 24 |
| 23 | ക്ലാർക്ക്- വാർഡൻ//സീനിയർ ക്ലാർക്ക് -വാർഡൻ | 111 |
| 24 | നഴ്സറി സ്കൂൾ ടീച്ചർ | 13 |
| 25 | ഇൻസ്ട്രക്ടർ | 21 |
| 26 | റെക്കോർഡ് അറ്റൻഡർ | 1 |
| 27 | ഹോക്കി കോച്ച് | 1 |
| 28 | അറ്റൻഡർ | 23 |
| 29 | ഓഫീസ് അറ്റൻഡന്റ് | 92 |
| 30 | ആയ | 166 |
| 31 | വാച്ച്മാൻ | 252 |
| 32 | സെക്യൂരിറ്റി ഗാർഡ് | 1 |
| 33 | വാച്ച്മാൻ / സെക്യൂരിറ്റി | 24 |
| 34 | ഫുൾടൈം സ്വീപ്പർ | 49 |
| 35 | വാൻ ക്ലീനർ | 2 |
| 36 | കുക്ക് | 291 |
| 37 | ഹെൽപ്പർ | 9 |
| 38 | മെസ്സ് ഗേൾ / മെസ്സ് ബോയ് | 11 |
| 39 | സർവന്റ് | 1 |
| 40 | ഗാർഡ്നർ കം സ്കാവഞ്ചർ | 7 |
| 41 | സ്വീപ്പർ കം വാച്ച്മാൻ | 12 |
| 42 | സാനിട്ടറി വർക്കർ കം സ്വീപ്പർ | 1 |
| | ആകെ | 1462 |

# അധ്യായം 5
# വസ്തുതകളും അപഗ്രഥനവും
# (Facts & Analysis)

## പട്ടികവർഗ്ഗവികസന വകുപ്പ് ഡയറക്ടറേറ്റ്

5.1 തിരുവനന്തപുരം വികാസ് ഭവൻ കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്ന പട്ടികവർഗ്ഗവികസന വകുപ്പിന്റെ ഡയറക്ടറേറ്റിൽ നിലവിൽ അനുവദിയ്ക്കപ്പെട്ടിരിക്കുന്ന തസ്തികകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| ജോയിന്റ് ഡയറക്ടർ | - | 1 |
| ഡെപ്യൂട്ടി ഡയറക്ടർ | - | 2 |
| അസിസ്റ്റന്റ് ഡയറക്ടർ | - | 2 |
| സീനിയർ സൂപ്രണ്ട് | - | 1 |
| സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർ | - | 1 |
| ജൂനിയർ സൂപ്രണ്ട് | - | 1 |
| ഫെയർ കോപ്പി സൂപ്രണ്ട് | - | 1 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | - | 3 |
| ക്ലാർക്ക് | - | 26 |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | - | 1 |
| ടൈപ്പിസ്റ്റ് | - | 7 |
| ഡ്രൈവർ | - | 3 |
| റെക്കോർഡ് അറ്റൻഡർ | - | 1 |
| ഓഫീസ് അറ്റൻഡന്റ് | - | 9 |
| വാച്ച്മാൻ | - | 1 |
| പാർട്ട് ടൈം സ്വീപ്പർ | - | 1 |

5.2 ഡയറക്ടറേറ്റിൽ നിലവിലുള്ള സെക്ഷനുകളിലെ ജോലിഭാരം കണക്കാക്കിയത് (seatwise workload) ചുവടെ ചേർത്തിരിക്കുന്നു. 'ബി' സെക്ഷനിലാണ് ജോലിഭാരം താരതമ്യേന കൂടുതലായി കാണുന്നത്. അത് ഒരു internal arrangement നടത്തി പരിഹരിക്കാവുന്നതാണ്.

## പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റ്

എ സെക്ഷൻ

| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റുട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
|---|---|---|---|---|---|---|
| 1 | എ 1 | 79750 | 9175 | 13338.75 | 102263.75 | 1704.40 |
| 2 | എ 2 | 76080 | 4805 | 12132.75 | 93017.75 | 1550.30 |
| 3 | എ 3 | 78320 | 10430 | 13312.50 | 102062.50 | 1701.04 |
| ആകെ ജോലിഭാരം | | | | | | 4955.73 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 2.92 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 3 |

ബി സെക്ഷൻ

| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റുട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
|---|---|---|---|---|---|---|
| 1 | ബി1 | 95220 | 6345 | 15234.75 | 116799.75 | 1946.66 |
| 2 | ബി2 | 109160 | 4410 | 17035.50 | 130605.50 | 2176.76 |
| 3 | ബി3 | 101150 | 2225 | 15506.25 | 118881.25 | 1981.35 |
| ആകെ ജോലിഭാരം | | | | | | 6104.78 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 3.59 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 4 |

സി സെക്ഷൻ

| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റുട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
|---|---|---|---|---|---|---|
| 1 | സി1 | 44000 | 10870 | 8230.50 | 63100.50 | 1051.68 |
| 2 | സി2 | 77060 | 12980 | 13506 | 103546 | 1725.77 |
| 3 | സി3 | 82860 | 5410 | 13240.50 | 101510.50 | 1691.84 |
| ആകെ ജോലിഭാരം | | | | | | 4469.28 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 2.63 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 3 |

ഡി സെക്ഷൻ

| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റുട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
|---|---|---|---|---|---|---|
| 1 | ഡി1 | 58620 | 18415 | 11555.25 | 88590.25 | 1476.50 |
| 2 | ഡി2 | 99080 | 12390 | 16720.50 | 128190.50 | 2136.51 |
| 3 | ഡി3 | 84900 | 12735 | 14645.25 | 112280.25 | 1871.34 |
| ആകെ ജോലിഭാരം | | | | | | 5484.35 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 3.23 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 3 |

ഇ സെക്ഷൻ

| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റുട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
|---|---|---|---|---|---|---|
| 1 | ഇ 1 | 66270 | 5035 | 10695.75 | 82000.75 | 1366.68 |
| 2 | ഇ 2 | 81980 | 4425 | 12960.75 | 99365.75 | 1656.10 |
| 3 | ഇ 3 | 85075 | 3760 | 13325.25 | 102160.25 | 1702.67 |
| 4 | ഇ 4 | 129455 | 3505 | 19944 | 152904 | 2548.40 |
| 5 | ഇ 5 | 88950 | 7790 | 14511 | 111251 | 1854.18 |
| 6 | ഇ 6 | 70765 | 2775 | 11031 | 84571 | 1409.52 |
| ആകെ ജോലിഭാരം | | | | | | 10537.55 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 6.20 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 6 |

എഫ് സെക്ഷൻ

| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റുട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
|---|---|---|---|---|---|---|
| 1 | എഫ്1 | 78125 | 44205 | 18349 | 140679.50 | 2344.66 |
| 2 | എഫ്2 | 62215 | 7960 | 10526.25 | 80701.25 | 1345.02 |
| ആകെ ജോലിഭാരം | | | | | | 3689.68 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 2.17 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 2 |

ജി സെക്ഷൻ

| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റുട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ ) |
|---|---|---|---|---|---|---|
| 1 | ജി1 | 130500 | 15125 | 21843.75 | 167468.75 | 2791.15 |
| 2 | ജി2 | 100800 | 13925 | 17208.75 | 131933.75 | 2198.90 |
| ആകെ ജോലിഭാരം | | | | | | 4990.04 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 2.94 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 3 |

പി.എം. സെക്ഷൻ

| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റുട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
|---|---|---|---|---|---|---|
| 1 | പി.എം.1 | 112250 | 0 | 16837 | 129087.50 | 2151.46 |
| ആകെ ജോലിഭാരം | | | | | | 2151.46 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 1.27 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 1 |

**<u>ഡയറക്ടറേറ്റിലെ ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച്</u>**

5.3 ഡയറക്ടറേറ്റിൽ നിലവിലുള്ള ജീവനക്കാരെവെച്ച് കാര്യക്ഷമമായ ആഭ്യന്തര ആഡിറ്റ് നടപ്പിലാക്കാൻ സാധിക്കുന്നില്ലെന്നും ആയത് പരിഹരിയ്ക്കുന്നതിന് ആവശ്യമായ തസ്തികകൾ അനുവദിയ്ക്കണമെന്നും ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. പഠനസംഘം ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി.

5.4 1975-ലാണ് പട്ടികവർഗ്ഗവികസന വകുപ്പ് നിലവിൽ വന്നത്. 21/06/1975-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 69/75 പ്രകാരം ഹരിജനക്ഷേമ വകുപ്പിനെ വിഭജിച്ചാണ് പട്ടികവർഗ്ഗവികസന വകുപ്പ് രൂപീകരിച്ചത്. 1980 വരെ വകുപ്പിന്റെ ഭരണം നിയന്ത്രിച്ചിരുന്നത് ഹരിജനക്ഷേമ വകുപ്പാണ്. 1980-ൽ ആണ് പട്ടികവർഗ്ഗവികസന വകുപ്പ് പ്രത്യേക വിഭാഗമായി പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിച്ചത്.

5.5 വകുപ്പിന് കീഴിൽ നിലവിൽ 7 ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസുകളും 10 ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസുകളും നിലവിലുണ്ട്. ഇവയുടെ നിയന്ത്രണത്തിൽ

18 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, രണ്ട് സി.ബി.എസ്.ഇ. സ്കൂളുകൾ, 53 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ, 105 പ്രീമെട്രിക് ഹോസ്റ്റലുകൾ, 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, രണ്ട് ഐ.ടി.ഐ.കൾ, ഒരു ഉത്പാദന പരിശീലന കേന്ദ്രം, 11 മാതൃകാ പരിശീലന കേന്ദ്രങ്ങൾ, 19 ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, 2 പെരിപ്പതറ്റിക് സെന്ററുകൾ, 9 കിന്റർ ഗാർട്ടനുകൾ, 13 നഴ്സറി സ്കൂളുകൾ, 3 ബാലവിജ്ഞാന കേന്ദ്രങ്ങൾ, 3 അഗതി മന്ദിരങ്ങൾ, 4 മിഡ് വൈഫ് സെന്ററുകൾ, 17 ആയുർവ്വേദ ഡിസ്പൻസറികൾ, 1 ആയുർവ്വേദ ആശുപത്രി, 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, 5 ഒ.പി. ക്ലിനിക്കുകൾ എന്നിവയും പ്രവർത്തിച്ചുവരുന്നുണ്ട്.

5.6 സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ട പട്ടികവർഗ്ഗവിഭാഗങ്ങളുടെ ഉന്നമനത്തിനായി നിരവധി പദ്ധതികളാണ് സർക്കാർ ഓരോ വർഷവും നടപ്പാക്കുന്നത്. 2017-18 വർഷം വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി 721.73 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വിവിധ തലങ്ങളിലുള്ള ഓഫീസുകൾ മുഖേനയാണ് ഈ തുക അനുവദിച്ച് ഗുണഭോക്താക്കൾക്ക് നൽകുന്നതും, പദ്ധതികൾ പ്രവൃത്തിപഥത്തിൽ എത്തിക്കുന്നതും. നിലവിലുള്ള സർക്കാർ ചട്ടങ്ങൾ പ്രകാരം ചെലവഴിക്കുന്ന തുകകളുടെ വിനിയോഗം സംബന്ധിച്ച് ബന്ധപ്പെട്ട ഓഫീസുകളിൽ യഥാസമയം വകുപ്പ്തല കണക്ക് പരിശോധന നടത്തേണ്ടതുണ്ട്. സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും ആഭ്യന്തര പരിശോധനാ വിഭാഗങ്ങൾ രൂപീകരിച്ച് ആഭ്യന്തര പരിശോധന ശക്തിപ്പെടുത്തുന്നതിന് 19/12/2003-ലെ 96/03 നമ്പർ സർക്കുലർ പ്രകാരവും 10/06/05-ലെ 32/05 നമ്പർ സർക്കുലർ പ്രകാരവും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഓരോ സാമ്പത്തിക വർഷവും കണക്ക് പരിശോധന യഥാസമയം നടത്തി റിപ്പോർട്ടുകൾ സർക്കാരിലേക്ക് നൽകുന്നതിന് 10/08/17-ലെ 64/17/ധന. നമ്പർ സർക്കുലർ പ്രകാരം കർശന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

5.7 പട്ടികവർഗ്ഗവികസന വകുപ്പിൽ വകുപ്പുതല കണക്ക് പരിശോധനയ്ക്കായി സീനിയർ ഫിനാൻസ് ഓഫീസറുടെ കീഴിലായി ഒരു ജൂനിയർ സൂപ്രണ്ടും, രണ്ടു ക്ലാർക്കുമാരുമടങ്ങുന്ന പരിശോധനാ വിഭാഗമാണ് നിലവിലുള്ളത്. മുകളിൽ പ്രതിപാദിച്ച 300-ഓളം സ്ഥാപനങ്ങളിലും മൂന്ന് പേരടങ്ങുന്ന ഈ സംഘമാണ് പരിശോധന നടത്തേണ്ടത്. വകുപ്പുതല കണക്ക് പരിശോധനയ്ക്ക് പുറമെ, വകുപ്പുതല

കണക്ക് പരിശോധനാ റിപ്പോർട്ടുകളുടെ തുടർ നടപടികൾ, അക്കൗണ്ടന്റ് ജനറൽ, ധനകാര്യ പരിശോധനാ വിഭാഗം എന്നിവർ വകുപ്പിലെ വിവിധ സ്ഥാപനങ്ങളിൽ നടത്തുന്ന പരിശോധനാ റിപ്പോർട്ടുകളുടെ തുടർ നടപടി, എസ്റ്റിമേറ്റ് കമ്മിറ്റി, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി എന്നിവയുടെ റിപ്പോർട്ടുകളിൻമേലുള്ള തുടർ നടപടി എന്നിവയും ഈ വിഭാഗമാണ് നിർവ്വഹിക്കേണ്ടത്. പട്ടികവർഗ്ഗക്കാർക്കുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനായി വിവിധ സർക്കാർ ആശുപത്രികൾക്കനുവദിക്കുന്ന തുകയുടെ ആഡിറ്റ് നടത്തേണ്ടതും ഈ വിഭാഗമാണ്. ഇതിന് പുറമെ ആഡിറ്റ് വിംഗുമായി ബന്ധമില്ലാത്ത ഹൗസ് ബിൽഡിംഗ് അഡ്വാൻസ്, ജാതി എന്നിവ സംബന്ധിക്കുന്ന ഫയലുകളും കൈകാര്യം ചെയ്യേണ്ട അധിക ചുമതലയും ഈ വിഭാഗത്തിൽ നിക്ഷിപ്തമാണ്.

5.8 ഇത് മൂലം വർഷങ്ങളായി സർക്കാർ നിഷ്കർഷിച്ച പോലെ വകുപ്പുതല കണക്ക് പരിശോധന കാര്യക്ഷമമായി നിർവ്വഹിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതിനാൽ പട്ടികവർഗ്ഗവികസന വകുപ്പിലെ ആഡിറ്റ് വിംഗിന്റെ പരിശോധന പ്രോജക്ട് ആഫീസുകളിലും, ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസുകളിലുമായി ചുരുക്കേണ്ടതായി വരുന്നുണ്ട്. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസുകളിലെ കണക്ക് പരിശോധന പോലും വേണ്ടവിധം മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ല. ആഭ്യന്തര പരിശോധനയ്ക്ക് ആവശ്യമായ തസ്തികകൾ ഇല്ലാത്തതിനാൽ ജില്ലാതല ഓഫീസുകൾ ഒഴികെ മറ്റ് സ്ഥാപനങ്ങളിലൊന്നും പരിശോധന നടത്തുവാൻ കഴിയുന്നില്ല.

5.9 പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനും, സുതാര്യതയ്ക്കും, ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും യഥാസമയത്തുള്ള ആഡിറ്റിംഗ് അത്യന്താപേക്ഷിതമാണ്. പരിശോധനാ സംവിധാനങ്ങളുടെ അഭാവം വകുപ്പിന്റെ പ്രവർത്തനങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വിഘാതമായി മാറുന്നുണ്ട്. പട്ടികവർഗ്ഗവികസന വകുപ്പിലെ കണക്ക് പരിശോധനാ വിഭാഗം ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2001) 125-ാം റിപ്പോർട്ടിലെ ഖണ്ഡിക 1.13 പ്രകാരം നിർദ്ദേശം നൽകുകയും (അനുബന്ധം-2) ഇതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ

07/06/17 തീയതിയിലെ 32551/ഡി2/12/പജപവവിവ നമ്പർ കത്ത് പ്രകാരം സർക്കാർ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

5.10 ഈ സാഹചര്യത്തിൽ പട്ടികവർഗ്ഗവികസന വകുപ്പിലെ കണക്ക് പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും താഴെ വിവരിക്കും പ്രകാരമുള്ള അധിക തസ്തികകൾ സൃഷ്ടിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു.

| | | | |
|---|---|---|---|
| ജൂനിയർ സൂപ്രണ്ട് | - | 1 | (കോഴിക്കോട് ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസിലെ ഹെഡ് ക്ലാർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്യണം.) |
| ക്ലാർക്ക് | - | 3 | |

5.11 മേൽ പറഞ്ഞത് കൂടാതെ ഒരു അഡീഷണൽ ഡയറക്ടർ, പ്ലാൻ സെൽ-ൽ ഒരു ജോയിന്റ് ഡയറക്ടർ, നോർത്തേൺ റീജിയണിൽ ഒരു ജോയിന്റ് ഡയറക്ടർ, ഹെൽത്ത് & ഫാമിലി വെൽഫെയർ വിഭാഗത്തിനായി ഒരു അസിസ്റ്റന്റ്ഡയറക്ടർ, ഡവലപ്പ്മെന്റ് & വിജിലൻസ് വിഭാഗത്തിനായി ഒരു അസിസ്റ്റന്റ്ഡയറക്ടർ, ഒരു ട്രൈബൽ സ്പോർട്സ് ഓഫീസർ എന്നിങ്ങനെ 6 ഉയർന്ന ഓഫീസർ തസ്തികകൾ കൂടി സൃഷ്ടിക്കേണ്ടതുണ്ട് എന്നാണ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്. പഠനസംഘം ഇക്കാര്യം വിശദമായി വിലയിരുത്തുകയുണ്ടായി. ഡയറക്ടറേറ്റിൽ നിലവിലുള്ള ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർമാർ, അസിസ്റ്റന്റ് ഡയറക്ടർമാർ തുടങ്ങിയവർക്ക് ഓരോരോ സെക്ഷനുമായി ബന്ധപ്പെട്ട ചുമതലകൾ മാത്രമാണ് നൽകിയിരിക്കുന്നത് എന്ന് കാണാവുന്നതാണ്. ഉന്നത തസ്തികകൾ സൃഷ്ടിക്കുന്നതിനാധാരമായി ചൂണ്ടിക്കാണിച്ചിരിക്കുന്ന വസ്തുതകൾ അടിയന്തിര പ്രാധാന്യമുള്ളതോ വകുപ്പിന് വലിയ തോതിൽ ഗുണപരമായ മാറ്റങ്ങൾക്ക് ഉതകുന്നതോ ആണെന്ന് പഠനസംഘത്തിന് വിലയിരുത്തുവാൻ കഴിഞ്ഞിട്ടില്ല. നിലവിലുള്ള ഉദ്യോഗസ്ഥരുടെ മനുഷ്യവിഭവശേഷി പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് ഇതിന് പരിഹാരം കാണാൻ കഴിയുന്നതാണ്.

**ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസുകൾ (ITDPO)**

**ട്രൈബൽ ഡവലപ്മെന്റ് ഓഫീസുകൾ (TDO)**

5.12 പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾക്കായി ഹരിജനക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന വിഭാഗം 1980-ൽ പ്രത്യേക വകുപ്പായി പ്രവർത്തനം ആരംഭിച്ചതിനെ തുടർന്ന് 06/06/1988-ലെ സ.ഉ.(കൈ)നമ്പർ 70/88/പ.ജ.പ.വ.വി.വ. ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് പുന:സംഘടിപ്പിക്കുകയുണ്ടായി. തുടർന്ന് 17/04/1989-ലെ സ.ഉ.(അച്ചടി) നമ്പർ 18/89 പ.ജ.പ.വ.വി.വ. ഉത്തരവ് പ്രകാരം 7 സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ടുകളും 7 ട്രൈബൽ ഡവലപ്മെന്റ് ഓഫീസുകളും രൂപീകരിച്ചു. പിന്നീട് പാലക്കാട്, ചാലക്കുടി, അടിമാലി എന്നീ ട്രൈബൽ ഡവലപ്മെന്റ് ഓഫീസുകൾ കൂടി രൂപീകരിച്ചതിനെ തുടർന്ന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 7 സംയോജിത പട്ടികവർഗ്ഗ പ്രോജക്ട് ഓഫീസുകളും (ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസുകൾ) 10 ട്രൈബൽ ഡവലപ്മെന്റ് ഓഫീസുകളുമാണ് (TDO) നിലവിൽ പ്രവർത്തിച്ചുവരുന്നത്.

5.13 പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട നയങ്ങളും പദ്ധതികളും രൂപീകരിക്കുന്നതിന് ഡയറക്ടറെ സഹായിക്കുന്നതും കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും സംസ്ഥാന സർക്കാർ പദ്ധതികളുടെയും നടത്തിപ്പുകളും ഏകോപനവും തദ്ദേശസ്ഥാപനങ്ങളുടെ ട്രൈബൽ സബ് പ്ലാൻ (TSP) അംഗീകരിക്കുന്നതും കൂടാതെ താഴെ പറയുന്നവയുമാണ് പ്രധാനമായും ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസുകൾ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസുകളുടെ മുഖ്യ ചുമതലകൾ.

- തങ്ങളുടെ അധികാരപരിധിയിൽ വരുന്ന പ്രദേശങ്ങളിലെ ട്രൈബൽ സബ് പ്ലാൻ (TSP) രൂപീകരണത്തിന് ബന്ധപ്പെട്ട മേലുദ്യോഗസ്ഥരെ സഹായിക്കുക.
- ജില്ലാപഞ്ചായത്ത് തലത്തിലെ ട്രൈബൽ സബ് പ്ലാനും മറ്റ് ക്ഷേമപദ്ധതികളും നടപ്പിലാക്കൽ.
- ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുമായി പദ്ധതി നടത്തിപ്പുകൾ സംബന്ധിച്ച റിവ്യൂ മീറ്റിംഗുകൾ നടത്തുക.

- ജില്ലാതലത്തിലും ഫീൽഡ് തലത്തിലുമുള്ള ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളുടെ ഏകോപനം.
- ട്രൈബൽ സബ് പ്ലാൻ പദ്ധതികളുടെ പ്രതിമാസ/ത്രൈമാസ പുരോഗതി റിപ്പോർട്ട് ഡയറക്ടർ, ജില്ലാ കളക്ടർ, ജില്ലാ പ്ലാനിംഗ് ഓഫീസ്, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് എന്നിവിടങ്ങളിൽ സമർപ്പിക്കൽ.
- അതാത് ഓഫീസുകളിലേയും ഫീൽഡ് ഓഫീസുകളിലേയും ഭരണ നിർവ്വഹണം.
- ജില്ലാ വർക്കിംഗ് ഗ്രൂപ്പ്, MRS എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയുടെ കൺവീനർ.
- വിവിധ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ ആവശ്യമായ തുകയുള്ള ശിപാർശകൾ സമർപ്പിക്കുക, ഫണ്ടിന്റെ വിനിയോഗം നടത്തുക തുടങ്ങിയവ.
- കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുക.
- ക്ഷേമസ്ഥാപനങ്ങളുടെ നടത്തിപ്പിന്റെ മേൽനോട്ടം, പരിശോധന തുടങ്ങിയവ.

5.14 ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസുകൾ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസുകളിൽ നിലവിലുള്ള ജീവനക്കാർ അപര്യാപ്തമാണെന്നും, ജോലിഭാരം മൂലം വീർപ്പുമുട്ടുന്ന ഓഫീസുകളിൽ അധിക തസ്തികയും പുതിയ ചില ഓഫീസുകളും അനുവദിയ്ക്കണമെന്ന് ഡയറക്ടർ വിശദമായ ശുപാർശ സമർപ്പിച്ചിരുന്നു. പഠനസംഘം പ്രസ്തുത ശുപാർശ ഓരോന്നും പ്രത്യേകമായി വിശദ പരിശോധനകൾക്ക് വിധേയമാക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ഓരോ ഓഫീസുകളിലേയും ക്ലറിക്കൽ തസ്തികകളിൽ ജോലിഭാരം നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്.

**<u>ഹെഡ് ക്ലാർക്ക്, സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികകൾ</u>**

5.15 പട്ടികവർഗ്ഗ വികസന വകുപ്പിൽ റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, കോഴിക്കോട് ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് എന്നിവിടങ്ങളിലായി രണ്ട് ഹെഡ് ക്ലാർക്ക് തസ്തികകൾ നിലവിലുണ്ട്. വകുപ്പിലാകെക്കൂടി ഈ രണ്ട് തസ്തികകളാണ് ഹെഡ് ക്ലാർക്ക് വിഭാഗത്തിൽ നിലവിലുള്ളത്. ആകയാൽ ഹെഡ് ക്ലാർക്ക്

തസ്തികയിൽ നിയമനം കിട്ടിവരുന്ന ജീവനക്കാരൻ ചാർജ്ജെടുത്ത ഉടനെ തന്നെ അദ്ദേഹം ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹനാകുകയും പ്രസ്തുത തസ്തികയുടെ സേവനം മേൽ പറഞ്ഞ ഓഫീസുകൾക്ക് ലഭിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയുമാണ് നിലവിലുള്ളത്. സൂപ്പർവൈസറി തസ്തിക നിലവിലുണ്ടായിരിക്കുകയും ഫലത്തിൽ പ്രസ്തുത തസ്തികയുടെ സേവനം ലഭ്യമല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യം ബന്ധപ്പെട്ട ഓഫീസുകൾ സന്ദർശിച്ച് വിവരശേഖരണം നടത്തിയ സന്ദർഭത്തിൽ പഠനസംഘത്തിന് ബോദ്ധ്യമായിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ആവശ്യമായ മാറ്റങ്ങൾ തുടർ ഖണ്ഡികകളിൽ നിർദ്ദേശിക്കുന്നുണ്ട്.

5.16 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരെ സൂപ്പർവൈസ് ചെയ്യുക, ഫീൽഡ് വർക്ക്, പ്രൊജക്ട് തയ്യാറാക്കൽ, നടപ്പിലാക്കൽ, മേൽനോട്ടം തുടങ്ങിയവയ്ക്കായി അട്ടപ്പാടി, കൽപ്പറ്റ, നിലമ്പൂർ, കണ്ണൂർ എന്നീ ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസുകളിലായി 4 സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികകൾ 1980-ൽ രൂപീകരിക്കുകയുണ്ടായി. കാലക്രമത്തിൽ ഈ തസ്തികകളുടെ പ്രസക്തി നഷ്ടപ്പെടുകയാണുണ്ടായത്. ഇപ്പോൾ ജോലിഭാരം കൂടിയതാണെന്ന് കരുതപ്പെടുന്ന ഓഫീസുകളിൽ പൊതുവായ ചുമതലകളും കടമകളും നിശ്ചയിച്ച് നൽകാതെ ഈ തസ്തികകൾ പ്രവർത്തിക്കുന്നതായാണ് കാണുന്നത്. ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിനുള്ള ഇടക്കാല തസ്തികയായി മാത്രം പ്രവർത്തിയ്ക്കുന്ന ഈ തസ്തികകൾ കൊണ്ട് വകുപ്പിന് യാതൊരുവിധ ഗുണങ്ങളും ഉള്ളതായി കാണുന്നില്ല. നിലവിൽ അട്ടപ്പാടി ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസ്, കോഴിക്കോട് ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസ്, ചാലക്കുടി ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസ്, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റ് എന്നിവിടങ്ങളിലായി പ്രവർത്തിയ്ക്കുന്ന സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയുടെ വകുപ്പിന് ഏറ്റവും ഗുണകരമാവുന്ന രീതിയിലുള്ള പുന:ക്രമീകരണം തുടർന്നുള്ള ഖണ്ഡികകളിൽ വിശദമായി നിർദ്ദേശിച്ചിട്ടുണ്ട്.

**<u>ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസ്, നെടുമങ്ങാട്.</u>**

5.17 തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് സംയോജിത പട്ടികവർഗ്ഗ വികസന ഓഫീസിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് ഓഫീസർ | - | 1 |
| അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ | - | 1 |
| ജൂനിയർ സൂപ്രണ്ട് | - | 1 |
| ക്ലാർക്ക് | - | 6 |
| ഓഫീസ് അറ്റൻഡന്റ് | - | 3 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | - | 1 |
| ടൈപ്പിസ്റ്റ് | - | 1 |
| ഡ്രൈവർ | - | 1 |
| പാർട്ട് ടൈം സ്വീപ്പർ | - | 1 |

5.18 നെടുമങ്ങാട് ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസിൽ രണ്ട് ക്ലറിക്കൽ തസ്തികയും ഒരു ടൈപ്പിസ്റ്റ് തസ്തികയും അധികമായി അനുവദിയ്ക്കാവുന്നതാണെന്നാണ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്. ഓരോ തസ്തികയിലേയും ജോലിഭാരം സംബന്ധിച്ച് നടത്തിയ പഠനപ്രകാരം (ജോലിഭാരം കണക്കാക്കിയത് (seatwise workload) ചുവടെ ചേർത്തിരിക്കുന്നു) ഈ ഓഫീസിലെ ജോലിഭാരത്തിന് ആനുപാതികമായ ജീവനക്കാർ നിലവിലുള്ളതായി കാണുന്നു. അധിക തസ്തികയ്ക്കാവശ്യമായ ജോലിഭാരം തിട്ടപ്പെടുത്താൻ കഴിയാത്ത സാഹചര്യത്തിൽ നെടുമങ്ങാട് ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസിൽ പുതിയ തസ്തികകൾ ആവശ്യമാണെന്ന ശുപാർശ പരിഗണിക്കേണ്ടതില്ലെന്നും നിലവിലെ സ്ഥിതി തുടരാവുന്നതാണെന്നും ശുപാർശ ചെയ്യുന്നു.

| ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസ്, നെടുമങ്ങാട് | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റ്റട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
| 1 | എ | 73431 | 1900 | 11299.65 | 86630.65 | 1443.84 |
| 2 | ബി | 41550 | 12000 | 8032.50 | 61582.50 | 1026.38 |
| 3 | സി | 86005 | 9725 | 14359 | 110089 | 1834.82 |
| 4 | ഇ | 87240 | 9275 | 14477.25 | 110992.25 | 1849.87 |
| 5 | എഫ് | 81900 | 5470 | 13105.50 | 100475.50 | 1674.59 |
| 6 | ജി | 76050 | 6615 | 12399.75 | 95064.75 | 1584.41 |
| ആകെ ജോലിഭാരം | | | | | | 9413.91 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 5.54 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 6 |

**ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസ്, കാഞ്ഞിരപ്പള്ളി**

5.19 കാഞ്ഞിരപ്പള്ളി പ്രോജക്ട് ഓഫീസിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| പ്രോജക്ട് ഓഫീസർ | - | 1 |
| അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ | - | 1 |
| ജൂനിയർ സൂപ്രണ്ട് | - | 1 |
| ക്ലാർക്ക് | - | 6 |
| ഓഫീസ് അറ്റൻഡന്റ് | - | 2 |
| വാച്ച്മാൻ | - | 1 |
| ടൈപ്പിസ്റ്റ് | - | 2 |
| ഡ്രൈവർ | - | 1 |

5.20 കാഞ്ഞിരപ്പള്ളി ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസിൽ പുതുതായി രണ്ട് ക്ലാർക്ക് തസ്തികകൾ കൂടി ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും ജോലിഭാരത്തിന് മതിയായ എണ്ണം തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട് എന്ന്

കണ്ടെത്തിയ സാഹചര്യത്തിൽ (ജോലിഭാരം കണക്കാക്കിയത് (seatwise workload) ചുവടെ ചേർത്തിരിക്കുന്നു) അധിക തസ്തികകൾക്കുള്ള ശുപാർശ പരിഗണിക്കേണ്ടതില്ല എന്ന് കാണുന്നു.

| ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസ്, കാഞ്ഞിരപ്പള്ളി | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റുട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
| 1 | എ | 57995 | 8490 | 9972.75 | 76457.75 | 1274.30 |
| 2 | ബി | 69735 | 18205 | 13191 | 101131 | 1685.52 |
| 3 | സി | 90425 | 9635 | 15009 | 115069 | 1917.82 |
| 4 | ഡി | 66730 | 17800 | 12679.50 | 97209.50 | 1620.16 |
| 5 | ഇ | 63860 | 26450 | 13546.50 | 103856.50 | 1730.94 |
| 6 | എഫ് | 94950 | 21755 | 17505.75 | 134210.75 | 2236.85 |
| ആകെ ജോലിഭാരം | | | | | | 10465.58 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 6.16 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 6 |

**<u>ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസ്, ഇടുക്കി</u>**

5.21 ഇടുക്കി ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ താഴെ കൊടുക്കുന്നു.

പ്രോജക്ട് ഓഫീസർ - 1

അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസർ - 1

ജൂനിയർ സൂപ്രണ്ട് - 1

ക്ലാർക്ക് - 6

ഓഫീസ് അറ്റൻഡന്റ് - 3

വാച്ച്മാൻ - 1

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - 1

ടൈപ്പിസ്റ്റ് - 2

5.22 ഇടുക്കി ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസിൽ നിലവിലുള്ള തസ്തികകൾക്ക് പുറമെ 3 ക്ലറിക്കൽ തസ്തികകൾ കൂടി അധികമായി അനുവദിക്കണമെന്നാണ് ഡയറക്ടറുടെ ശുപാർശയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. പഠനസംഘം ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി പ്രോജക്ട് ഓഫീസിൽ ജോലിഭാരത്തിന് അനുസൃതമായി തസ്തികകൾ അനുവദിയ്ക്കപ്പെട്ടിട്ടുള്ളതായി കാണുന്ന സാഹചര്യത്തിൽ ഡയറക്ടറുടെ ശിപാർശ പരിഗണിക്കേണ്ടതില്ല.

| ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസ്, ഇടുക്കി | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റുട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
| 1 | എ | 79390 | 12440 | 13774.50 | 105604.50 | 1760.08 |
| 2 | സി | 80535 | 8855 | 13408.50 | 102798.50 | 1713.31 |
| 3 | ഡി | 67910 | 20850 | 13314.00 | 102074.00 | 1701.23 |
| 4 | ഇ | 58245 | 12030 | 10541.25 | 80816.25 | 1346.94 |
| 5 | എഫ് | 50330 | 26525 | 11528.25 | 88383.25 | 1473.05 |
| 6 | എച്ച് | 71915 | 30625 | 15381.00 | 117921.00 | 1965.35 |
| ആകെ ജോലിഭാരം | | | | | | 9959.96 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 5.86 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 6 |

## ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസ്, അട്ടപ്പാടി

5.23 അട്ടപ്പാടി ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ ഇനി പറയും പ്രകാരമാണ്.

| | | |
|---|---|---|
| പ്രോജക്ട് ഓഫീസർ | - | 1 |
| അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ | - | 1 |
| സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർ | - | 1 |
| ക്ലാർക്ക് | - | 4 |
| ഓഫീസ് അറ്റൻഡന്റ് | - | 1 |
| വാച്ച്മാൻ | - | 1 |
| ടൈപ്പിസ്റ്റ് | - | 2 |

5.24 അട്ടപ്പാടി പ്രൊജക്ട് ഓഫീസിൽ നിലവിലുള്ള തസ്തികകൾക്ക് പുറമെ 4 ക്ലറിക്കൽ തസ്തികയും ഒരു ടൈപ്പിസ്റ്റ് തസ്തികയും അധികമായി സൃഷ്ടിക്കണമെന്നാണ് ഡയറക്ടർ സമർപ്പിച്ച ശുപാർശയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. പഠനസംഘം ഇക്കാര്യം വിശദമായി പരിശോധിച്ചു.

5.25 കേരളത്തിലെ ആദ്യത്തെ ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസ് ആയ അട്ടപ്പാടി ഓഫീസിന്റെ പരിധിയിൽ 33362 ആണ് പട്ടികവർഗ്ഗ ജനസംഖ്യ. അഗളി, പുതൂർ, ഷോളയാർ ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെടുന്ന 192 പട്ടികവർഗ്ഗ സങ്കേതങ്ങൾ 745 സ്ക്വയർ കിലോമീറ്റർ പരിധിയിൽ വ്യാപിച്ചുകിടക്കുന്നു. 3 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളും, 16 പ്രീമെട്രിക് ഹോസ്റ്റലുകളും ഒരു പോസ്റ്റ് മെട്രിക്ഹോസ്റ്റലും, ഒരു അഗതി മന്ദിരവും. അട്ടപ്പാടി MRS, നഴ്സറി സ്കൂൾ, 2 ഒ.പി. ക്ലിനിക്കുകൾ എന്നിവയും ഈ ഓഫീസിന്റെ പരിധിയിൽ ആണ്. 4 പ്രീമെട്രിക് ഹോസ്റ്റലുകൾ കൂടി അനുവദിയ്ക്കുന്നതിന് ഭരണാനുമതി ലഭിച്ച് വിവിധ ഘട്ടങ്ങളിലാണ്. ഇപ്രകാരം ഭാരിച്ച ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്ന ഈ ഓഫീസിൽ ജോലിഭാരത്തിന് അനുസൃതമായി ക്ലറിക്കൽ തസ്തികകൾ അനുവദിക്കപ്പെട്ടിട്ടില്ല എന്ന് പഠനസംഘത്തിന് ബോദ്ധ്യമായിട്ടുണ്ട്. <u>ജോലിഭാരം കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ (seatwise workload ചുവടെ ചേർത്തിരിക്കുന്നു) അട്ടപ്പാടി ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസിൽ 2 ക്ലാർക്ക് തസ്തികകൾ കൂടി അധികമായി അനുവദിയ്ക്കുന്നതിന് ശുപാർശ ചെയ്യുന്നു.</u> അട്ടപ്പാടി ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസിൽ ഒരു സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തിക നിലവിലുണ്ട്. ഈ തസ്തികയ്ക്ക് പ്രത്യേക ജോലിഭാരമോ ചുമതലകളോ വ്യക്തമാക്കിയിട്ടില്ല. രൂപീകരണ കാലത്ത് പദ്ധതി നടത്തിപ്പിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ ഏകോപനവും മേൽനോട്ടവുമൊക്കെ നിർവ്വഹിച്ചിരുന്ന ഈ തസ്തിക അപ്രസക്തമായി മാറിയിട്ടുണ്ട്. നിലവിലുള്ള 4 ക്ലറിക്കൽ തസ്തികകളും പുതുതായി നിർദ്ദേശിക്കുന്ന 2 ക്ലറിക്കൽ തസ്തികകളും ഉൾപ്പെടെ 6 ക്ലറിക്കൽ തസ്തികകൾ ഈ ഓഫീസിൽ നിലവിലുണ്ടെങ്കിലും ക്ലാർക്കുമാരുടെ സൂപ്പർവൈസറി തസ്തിക ഫലത്തിൽ ഇല്ലാത്ത അവസ്ഥയാണുള്ളത്. <u>സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ നിയമിതനാകുന്ന വ്യക്തി അടുത്ത ദിവസം തന്നെ സീനിയർ സൂപ്രണ്ട് സ്ഥാനക്കയറ്റത്തിന് അർഹനാകുകയും തൊട്ടടുത്ത</u>

<u>സ്ഥാനക്കയറ്റ ഉത്തരവിൽ ഉൾപ്പെട്ട് ഈ തസ്തികയിൽ നിന്ന് മാറിപ്പോകുകയും ചെയ്യുന്നതിനാൽ സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയുടെ യാതൊരുവിധ പ്രയോജനവും ഈ ഓഫീസിന് ലഭ്യമാകുന്നില്ല. ഈ സാഹചര്യത്തിൽ സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തിക സീനിയർ സൂപ്രണ്ട് തസ്തികയായി ഉയർത്തി നിശ്ചയിക്കുന്നതിന് ശിപാർശ ചെയ്യുന്നു.</u>

| ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസ്, അട്ടപ്പാടി | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റുട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
| 1 | ബി1 | 137075 | 37965 | 26256 | 201296 | 3354.93 |
| 2 | ബി2 | 132825 | 21315 | 23121 | 177261 | 2954.35 |
| 3 | ബി3 | 78660 | 21120 | 14967 | 114747 | 1912.45 |
| 4 | ബി5 | 105640 | 17040 | 18402 | 141082 | 2351.37 |
| ആകെ ജോലിഭാരം | | | | | | 10573.10 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 6.22 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 6 |

5.26 ഒരു ടൈപ്പിസ്റ്റ് തസ്തിക അധികമായി സൃഷ്ടിക്കണമെന്ന ഡയറക്ടറുടെ ശിപാർശ പ്രസക്തമാണെന്നു കാണുന്നില്ല.

**<u>ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസ്, കണ്ണൂർ</u>**

5.27 കണ്ണൂർ ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ ഇനി പറയും പ്രകാരമാണ്.

| | | |
|---|---|---|
| പ്രോജക്ട് ഓഫീസർ | - | 1 |
| അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ | - | 1 |
| ജൂനിയർ സൂപ്രണ്ട് | - | 1 |
| ക്ലാർക്ക് | - | 6 |
| ഓഫീസ് അറ്റൻഡന്റ് | - | 2 |
| ടൈപ്പിസ്റ്റ് | - | 2 |
| ഡ്രൈവർ | - | 1 |
| പാർട്ട് ടൈം സ്വീപ്പർ | - | 1 |

5.28 കണ്ണൂർ ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസിൽ പുതുതായി 2 ക്ലറിക്കൽ തസ്തികകൾ കൂടി അനുവദിക്കേണ്ടതാണെന്ന് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും ജോലിഭാരം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ മതിയായ തസ്തികകൾ നിലവിൽ അനുവദിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ പുതിയ തസ്തികകളുടെ ആവശ്യമില്ല എന്നാണ് കാണുന്നത്.

| ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസ്, കണ്ണൂർ | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റുട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
| 1 | എ | 47695 | 13205 | 9135 | 70035 | 1167.25 |
| 2 | ബി | 102785 | 37510 | 21044.25 | 161339.25 | 2688.99 |
| 3 | സി | 101625 | 14300 | 17388.75 | 133313.75 | 2221.90 |
| 4 | ഡി | 61320 | 10375 | 10754.25 | 82449.25 | 1374.15 |
| 5 | ഇ | 32275 | 46295 | 11785.50 | 90355.50 | 1505.93 |
| 6 | ജി | 71695 | 11765 | 12519 | 95979 | 1599.65 |
| ആകെ ജോലിഭാരം | | | | | | 10557.86 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 6.21 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 6 |

**ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസ്, കൽപ്പറ്റ**

5.29 കൽപ്പറ്റ ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| പ്രോജക്ട് ഓഫീസർ | - | 1 |
| അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ | - | 1 |
| ജൂനിയർ സൂപ്രണ്ട് | - | 1 |
| ക്ലാർക്ക് | - | 6 |
| ഓഫീസ് അറ്റൻഡന്റ് | - | 3 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | - | 1 |
| ടൈപ്പിസ്റ്റ് | - | 1 |
| ഡ്രൈവർ | - | 1 |
| വാച്ച്മാൻ | - | 1 |
| പാർട്ട് ടൈം സ്വീപ്പർ | - | 1 |

5.30 വയനാട് ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസിൽ പുതുതായി 2 ക്ലറിക്കൽ തസ്തികകൾ കൂടി അനുവദിയ്ക്കണമെന്നാണ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്. ജോലിഭാരം വിലയിരുത്തിയപ്പോൾ മതിയായ എണ്ണം തസ്തികകൾ നിലവിൽ അനുവദിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ശുപാർശ പരിഗണിയ്ക്കേണ്ടതുണ്ടെന്ന് കാണുന്നില്ല.

| ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസ്, കൽപ്പറ്റ | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റുട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
| 1 | എ | 71305 | 8945 | 12037.50 | 92287.50 | 1538.13 |
| 2 | ബി | 82380 | 10050 | 13864.50 | 106294.50 | 1771.58 |
| 3 | സി | 80710 | 11255 | 13794.75 | 105759.75 | 1762.66 |
| 4 | ഡി | 65965 | 8755 | 11208 | 85928 | 1432.13 |
| 5 | ഇ | 84060 | 17760 | 15273 | 117093 | 1951.55 |
| 6 | എഫ് | 75945 | 21000 | 14541.75 | 111486.75 | 1858.11 |
| ആകെ ജോലിഭാരം | | | | | | 10314.16 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 6.07 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 6 |

**<u>ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസ്, നിലമ്പൂർ</u>**

5.31 നിലമ്പൂർ ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് ഓഫീസർ | - | 1 |
| അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ | - | 1 |
| ജൂനിയർ സൂപ്രണ്ട് | - | 1 |
| ക്ലാർക്ക് | - | 6 |
| ഓഫീസ് അറ്റൻഡന്റ് | - | 3 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | - | 1 |
| ഡ്രൈവർ | - | 1 |
| പാർട്ട് ടൈം സ്വീപ്പർ | - | 1 |

5.32 നിലമ്പൂർ ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസിൽ നിലവിലുള്ള തസ്തികകൾക്കു പുറമെ 3 ക്ലറിക്കൽ തസ്തികകളും ഒരു ടൈപ്പിസ്റ്റ് തസ്തികയും അധികമായി അനുവദിക്കണമെന്നാണ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്. ജോലിഭാരം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ അധിക തസ്തികകൾ ആവശ്യമുള്ളതായി കാണുന്നില്ല.

| ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസ്, നിലമ്പൂർ | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റുട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
| 1 | എ | 58255 | 8640 | 10034.25 | 76929.25 | 1282.15 |
| 2 | ബി | 76070 | 21315 | 14607.75 | 111992.75 | 1866.55 |
| 3 | സി | 85585 | 19995 | 15837 | 121417 | 2023.62 |
| 4 | ഡി | 65885 | 9420 | 11295.75 | 86600.75 | 1443.35 |
| 5 | ഇ | 83980 | 10540 | 14178 | 108698 | 1811.63 |
| 6 | എഫ് | 76865 | 39670 | 17480.25 | 134015.25 | 2233.59 |
| ആകെ ജോലിഭാരം | | | | | | 10660.88 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 6.27 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 6 |

**<u>ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, പുനലൂർ</u>**

5.33 പുനലൂർ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ താഴെ പറയുംപ്രകാരമാണ് നിലവിലുള്ള സ്റ്റാഫ് പാറ്റേൺ.

ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ - 1

അസിസ്റ്റന്റ് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ - 1

ജൂനിയർ സൂപ്രണ്ട് - 1

ക്ലാർക്ക് - 6

ഓഫീസ് അറ്റൻഡന്റ് - 2

വാച്ച്മാൻ - 1

ഡ്രൈവർ - 1

പാർട്ട് ടൈം സ്വീപ്പർ - 1

5.34 നിലവിലുള്ള തസ്തികകൾ കൂടാതെ 2 ക്ലറിക്കൽ തസ്തികകൾ കൂടി പുനലൂർ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ അനുവദിക്കണമെന്നാണ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്. ജോലിഭാരം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പുനലൂർ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ അധിക തസ്തികകൾ ഒന്നും അനുവദിക്കേണ്ടതായി കാണുന്നില്ല.

5.35 പുനലൂർ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ 6 ക്ലാർക്കുമാർ നിലവിലുണ്ട്. ക്ലാർക്കുമാരുടെ മേൽനോട്ടം വഹിക്കുന്നതിനായി ഒരു ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും പ്രസ്തുത ജൂനിയർ സൂപ്രണ്ട് തസ്തിക 2009 മുതൽ ജോലിക്രമീകരണ വ്യവസ്ഥയിൽ (working arrangement) ഡയറക്ടറേറ്റിനോട് അനുബന്ധിച്ച് തുടർന്നുവരുന്നതായാണ് പുനലൂർ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ അറിയിച്ചിരിക്കുന്നത്. ഇത് യാതൊരുവിധത്തിലും ന്യായീകരിക്കുവാൻ ആവാത്തതാണ്. ക്ലാർക്കുമാരുടെ മേൽനോട്ടത്തിനായുള്ള സൂപ്പർവൈസറി തസ്തിക ഇല്ലാതിരിക്കുന്നത് ക്ലാർക്കുമാരുടെ ജോലിയുടെ നിലവാരത്തെ ദോഷകരമായി ബാധിക്കുന്നതാണ്. ഫീൽഡ് ജോലികൾ ധാരാളമുള്ള ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ, അസിസ്റ്റന്റ് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ എന്നിവർക്ക് ഓഫീസ് ജോലിയിൽ ക്ലാർക്കുമാരുടെ മേൽനോട്ടം നടത്തുക എന്നത് അസാദ്ധ്യമായ സാഹചര്യത്തിൽ പുനലൂർ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ അനുവദിക്കപ്പെട്ടിരിക്കുന്ന ജൂനിയർ സൂപ്രണ്ട് തസ്തിക അടിയന്തിരമായി പ്രസ്തുത ഓഫീസിലേയ്ക്ക് തന്നെ working arrangement വ്യവസ്ഥ നിർത്തലാക്കി പുന:ക്രമീകരിക്കേണ്ടതാണ്.

| ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, പുനലൂർ | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റ്റട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
| 1 | എ | 52415 | 4465 | 8532 | 65412 | 1090.20 |
| 2 | ബി | 86560 | 2175 | 13310.25 | 102045.25 | 1700.75 |
| 3 | സി | 57930 | 14640 | 10885.50 | 83455.50 | 1390.93 |
| 4 | ഡി | 108560 | 5405 | 17094.75 | 131059.75 | 2184.33 |
| 5 | ഇ | 81400 | 8640 | 13506 | 103546 | 1725.77 |
| 6 | എഫ് | 123400 | 8105 | 19725.75 | 151230.75 | 2520.51 |
| ആകെ ജോലിഭാരം | | | | | | 10612.49 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 6.24 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 6 |

**<u>ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, റാന്നി</u>**

5.36 റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിലെ സ്റ്റാഫ് പാറ്റേൺ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ | - | 1 |
| അസിസ്റ്റന്റ് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ | - | 1 |
| ഹെഡ് ക്ലാർക്ക് | - | 1 |
| ക്ലാർക്ക് | - | 5 |
| ഓഫീസ് അറ്റൻഡന്റ് | - | 2 |
| വാച്ച്മാൻ | - | 1 |
| ടൈപ്പിസ്റ്റ് | - | 1 |
| ഡ്രൈവർ | - | 1 |
| പാർട്ട് ടൈം സ്വീപ്പർ | - | 1 |

5.37 റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ പുതുതായി തസ്തികകൾ ഒന്നും സൃഷ്ടിക്കണമെന്ന് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നില്ല. ജോലിഭാരം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലും മതിയായ തസ്തികകൾ നിലവിലുള്ളതായി കാണുന്നു.

5.38 വകുപ്പിൽ ആകെ രണ്ട് ഹെഡ് ക്ലാർക്ക് തസ്തികകൾ നിലവിലുള്ളതിൽ ഒരെണ്ണം റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ ആണ് അനുവദിക്കപ്പെട്ടിരിക്കുന്നത്. ഈ തസ്തികയിൽ നിയമിക്കപ്പെടുന്ന ആൾ ജോയിൻ ചെയ്ത ഉടൻ തന്നെ ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് പരിഗണിക്കപ്പെടുന്ന സീനിയർ ആകുകയും ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ ഫലത്തിൽ സേവനം ലഭ്യമല്ലാതിരിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. കൂടാതെ ഹെഡ് ക്ലാർക്ക് തസ്തികയിൽ നിയമിതനാകുന്ന ആൾ ജൂനിയർ സൂപ്രണ്ട് തസ്തികയുടെ ശമ്പളസ്കെയിലിലോ അതിനുമുകളിലോ എത്തിക്കഴിയുന്നതായാണ് കണ്ടുവരുന്നത്. ഈ സാഹചര്യത്തിൽ <u>റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ നിലവിലുള്ള ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് ആയി ഉയർത്തുന്നതിന്</u>

ശുപാർശ ചെയ്യുന്നു. പ്രസ്തുത തസ്തിക ഉയർത്തി നിശ്ചയിക്കുന്നതുകൊണ്ട് സർക്കാരിന് സാമ്പത്തികഭാരം ഉണ്ടാകുന്നതായി കാണുന്നില്ല.

| ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, റാന്നി | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റുട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
| 1 | എ | 50315 | 7545 | 8679 | 66539 | 1108.98 |
| 2 | ബി | 81900 | 8170 | 13510.50 | 103580.50 | 1726.34 |
| 3 | സി | 88700 | 8115 | 14522.25 | 111337.25 | 1855.62 |
| 4 | ഡി | 92900 | 7625 | 15078.75 | 115603.75 | 1926.73 |
| 5 | ഇ | 99100 | 8625 | 16158.75 | 123883.75 | 2064.73 |
| ആകെ ജോലിഭാരം | | | | | | 8682.40 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 5.11 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 5 |

**ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, അടിമാലി**

5.39 അടിമാലി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ താഴെ പറയുംപ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ നിലവിലുണ്ട്.

ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ - 1

അസിസ്റ്റന്റ് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ - 1

ജൂനിയർ സൂപ്രണ്ട് - 1

ക്ലാർക്ക് - 6

ഓഫീസ് അറ്റൻഡന്റ് - 1

വാച്ച്മാൻ - 1

ടൈപ്പിസ്റ്റ് - 2

പാർട്ട് ടൈം സ്വീപ്പർ - 1

5.40 അടിമാലി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ ഒരു ക്ലാർക്ക് തസ്തിക അധികമായി അനുവദിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ (seatwise workload ചുവടെ ചേർത്തിരിക്കുന്നു) അധിക തസ്തികയ്ക്ക് പ്രസക്തിയുള്ളതായി കാണുന്നില്ല.

| ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, അടിമാലി | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റ്റട്ടീൻ വർക്കുക ൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
| 1 | എ | 37295 | 41455 | 11812.50 | 90562.50 | 1509.38 |
| 2 | ബി | 33960 | 9250 | 6481.50 | 49691.50 | 828.19 |
| 3 | സി | 99810 | 9495 | 16395.75 | 125700.75 | 2095.01 |
| 4 | ഡി | 155490 | 19465 | 26243.25 | 201198.25 | 3353.30 |
| 5 | ഇ | 63870 | 7585 | 10718.25 | 82173.25 | 1369.55 |
| 6 | എഫ് | 20130 | 78 | 3031.20 | 23239.20 | 387.32 |
| ആകെ ജോലിഭാരം | | | | | | 9542.76 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 5.61 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 6 |

**<u>ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, മൂവാറ്റുപുഴ</u>**

5.41 മൂവാറ്റുപുഴ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിലെ സ്റ്റാഫ് പാറ്റേൺ താഴെ കൊടുക്കുന്നു.

ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ - 1

ജൂനിയർ സൂപ്രണ്ട് - 1

ക്ലാർക്ക് - 3

ടൈപ്പിസ്റ്റ് - 1

ഓഫീസ് അറ്റൻഡന്റ് - 1

വാച്ച്മാൻ - 1

ഡ്രൈവർ - 1

പാർട്ട് ടൈം സ്വീപ്പർ - 1

5.42 മൂവാറ്റുപുഴ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ നിലവിലുള്ള തസ്തികകൾക്ക് പുറമെ 4 ക്ലറിക്കൽ തസ്തികയും ഒരു അസിസ്റ്റന്റ് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ തസ്തികയും അധികമായി അനുവദിക്കണമെന്നാണ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്. ഡയറക്ടറുടെ ശുപാർശ വിശദമായി പരിശോധിച്ചെങ്കിലും ജോലിഭാരം കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ (seatwise workload ചുവടെ

ചേർത്തിരിക്കുന്നു) ജോലിഭാരത്തിന് അനുസൃതമായി തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട് എന്ന് കാണുന്നതിനാൽ ശിപാർശ പരിഗണിക്കേണ്ടതില്ല.

| ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, മൂവാറ്റുപുഴ | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റുട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
| 1 | എ | 89199 | 6250 | 14317.35 | 109766.35 | 1829.44 |
| 2 | ബി | 78165 | 0 | 11724.75 | 89889.75 | 1498.16 |
| 3 | ഡി | 77460 | 13415 | 13631.25 | 104506.25 | 1741.77 |
| ആകെ ജോലിഭാരം | | | | | | 5069.37 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 2.98 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 3 |

**ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, ചാലക്കുടി**

5.43 ചാലക്കുടി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ | - | 1 |
| സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർ | - | 1 |
| ക്ലാർക്ക് | - | 3 |
| ഓഫീസ് അറ്റൻഡന്റ് | - | 1 |
| വാച്ച്മാൻ | - | 1 |
| ടൈപ്പിസ്റ്റ് | - | 1 |
| ഡ്രൈവർ | - | 1 |
| പാർട്ട് ടൈം സ്വീപ്പർ | - | 1 |

5.44 ചാലക്കുടി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ നിലവിലുള്ള ജീവനക്കാർക്കു പുറമെ 4 ക്ലാർക്ക്, ഒരു അസിസ്റ്റന്റ് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ എന്നീ തസ്തികകൾ കൂടി അധികമായി സൃഷ്ടിക്കണമെന്ന് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. പഠനസംഘം ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ജോലിഭാരം കണക്കാക്കിയപ്പോൾ (seatwise workload ചുവടെ ചേർത്തിരിക്കുന്നു) ചാലക്കുടി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ മതിയായ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്ന് കണ്ടെത്തിയ സാഹചര്യത്തിൽ 1 ക്ലറിക്കൽ തസ്തിക കൂടി അനുവദിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

| ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, ചാലക്കുടി | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റൂട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
| 1 | എ | 78670 | 11675 | 13551.75 | 103896.75 | 1731.61 |
| 2 | ബി | 114240 | 10490 | 18709.50 | 143439.50 | 2390.66 |
| 3 | സി | 102720 | 10125 | 16926.75 | 129771.75 | 2162.86 |
| ആകെ ജോലിഭാരം | | | | | | 6285.13 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 3.70 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 4 |

5.45 ചാലക്കുടി ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് അതിവിസ്തൃതമായ ദൂരപരിധി ഉള്ള ഓഫീസാണ്. മലപ്പുറം മുതൽ പാലക്കാട് അതിർത്തി വരെ വ്യാപിച്ചുകിടക്കുന്ന ദൂരപരിധിയിൽ ഫീൽഡ്തല പരിശോധന ഉൾപ്പെടെയുള്ളവയ്ക്ക് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ പോകേണ്ടിവരുന്നതിനാൽ ഓഫീസ് ജോലികൾക്ക് ഫലപ്രദമായ മേൽനോട്ടം നിർവ്വഹിക്കുന്നതിന് പലപ്പോഴും കഴിയാതെ പോകുന്നുണ്ട്. സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തിക സംബന്ധിച്ച് മുൻ നിരീക്ഷണങ്ങൾ ഈ ഓഫീസിലും പ്രസക്തമായിട്ടുള്ള സാഹചര്യത്തിൽ ചാലക്കുടി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ നിലവിലുള്ള സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തിക സീനിയർ സൂപ്രണ്ട് തസ്തികയാക്കി ഉയർത്താവുന്നതാണ്. ഇപ്രകാരം സീനിയർ സൂപ്രണ്ട് തസ്തിക നിലവിൽ വരുന്നത് ഓഫീസ് പ്രവർത്തനം സുഗമമായും കാര്യക്ഷമവുമായും നടത്തുന്നതിന് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർക്ക് സഹായകരമാവുന്നതാണ്.

**ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, പാലക്കാട്**

5.46 പാലക്കാട് ട്രൈബൽ ഡവലപ്മെന്റ് ഓഫീസിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ താഴെ കൊടുക്കുന്നു.

ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ - 1

ജൂനിയർ സൂപ്രണ്ട് - 1

ക്ലാർക്ക് - 2

ഓഫീസ് അറ്റൻഡന്റ് - 2

ടൈപ്പിസ്റ്റ് - 1

ഡ്രൈവർ - 1

പാർട്ട് ടൈം സ്വീപ്പർ - 1

5.47 പാലക്കാട് ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ നിലവിലുള്ള തസ്തികകൾക്ക് പുറമെ 5 ക്ലറിക്കൽ തസ്തികയും ഒരു അസിസ്റ്റന്റ് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ തസ്തികയും അധികമായി അനുവദിക്കുന്നതിനാണ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്. പഠനസംഘം ഇക്കാര്യം വിശദമായി പരിശോധിച്ചു. <u>ജോലിഭാരം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ 2 ക്ലാർക്ക് തസ്തികകൾ കൂടി പുതുതായി അനുവദിക്കുന്നതിന് ശുപാർശ ചെയ്യുന്നു.</u>

| ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, പാലക്കാട് | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റുട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
| 1 | എ | 81090 | 7750 | 13326 | 102166 | 1702.77 |
| 2 | ബി | 100160 | 20600 | 18114 | 138874 | 2314.57 |
| 3 | സി (WA) | 128000 | 6000 | 20100 | 154100 | 2568.33 |
| ആകെ ജോലിഭാരം | | | | | | 6585.67 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 3.87 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 4 |

## <u>ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, കോഴിക്കോട്</u>

5.48 കോഴിക്കോട് ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ താഴെ പറയുംപ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ നിലവിലുണ്ട്.

ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ - 1

സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർ - 1

ഹെഡ് ക്ലാർക്ക് - 1

ക്ലാർക്ക് - 4

ഓഫീസ് അറ്റൻഡന്റ് - 2

വാച്ച്മാൻ - 1

ടൈപ്പിസ്റ്റ് - 1

ഡ്രൈവർ - 1

പാർട്ട് ടൈം സ്വീപ്പർ - 1

5.49 കോഴിക്കോട് ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ അധികമായി 2 ക്ലാർക്ക് തസ്തികകളും ഒരു അസിസ്റ്റന്റ് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ തസ്തികയുമാണ് അധികമായി അനുവദിയ്ക്കുന്നതിന് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്. ജോലിഭാരത്തിന്റെ അടിസ്ഥാനത്തിലുള്ള വിലയിരുത്തലിൽ (seatwise workload ചുവടെ ചേർത്തിരിക്കുന്നു) ഈ ഓഫീസിൽ അധിക തസ്തികകൾ ആവശ്യമുള്ളതായി കാണുന്നില്ല.

| ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, കോഴിക്കോട് | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റുട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
| 1 | എ | 67660 | 13550 | 12181.50 | 93391.50 | 1556.53 |
| 2 | സി | 82035 | 8850 | 13632.75 | 104517.75 | 1741.96 |
| 3 | ഡി | 88395 | 8850 | 14586.75 | 111831.75 | 1863.86 |
| 4 | ഇ | 60755 | 23215 | 12595.50 | 96565.50 | 1609.43 |
| ആകെ ജോലിഭാരം | | | | | | 6771.78 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 3.98 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 4 |

5.50 സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർ , ഹെഡ് ക്ലാർക്ക് എന്നീ തസ്തികകളെക്കുറിച്ചുള്ള വിലയിരുത്തലുകൾ ഈ ഓഫീസിലും പൂർണ്ണമായും പ്രസക്തമായിരിക്കുന്ന സാഹചര്യത്തിൽ കോഴിക്കോട് ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ നിലവിലുള്ള സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തിക സീനിയർ സൂപ്രണ്ട് തസ്തികയാക്കി മാറ്റാവുന്നതാണ്. ഈ ഓഫീസിൽ അനുവദിച്ചിട്ടുള്ള ഹെഡ് ക്ലാർക്ക് തസ്തിക ഇവിടെ നിന്നുമാറ്റി ജൂനിയർ സൂപ്രണ്ട് തസ്തികയായി അപ്ഗ്രേഡ്

<u>ചെയ്ത് ഡയറക്ടറേറ്റിൽ ഓഡിറ്റ് വിംഗിൽ പുതുതായി അനുവദിക്കുന്ന ഓഡിറ്റ് ടീമിൽ നൽകാവുന്നതാണ്.</u>

**<u>ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, സുൽത്താൻ ബത്തേരി</u>**

5.51 സുൽത്താൻ ബത്തേരി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിലെ സ്റ്റാഫ് പാറ്റേൺ ഇനി പറയുംപ്രകാരമാണ്.

ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ - 1

അസിസ്റ്റന്റ് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ - 1

ജൂനിയർ സൂപ്രണ്ട് - 1

ക്ലാർക്ക് - 6

ഓഫീസ് അറ്റൻഡന്റ് - 2

വാച്ച്മാൻ - 1

ഡ്രൈവർ - 1

പാർട്ട് ടൈം സ്വീപ്പർ - 1

5.52 സുൽത്താൻ ബത്തേരി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ 2 ക്ലറിക്കൽ തസ്തികകൾ കൂടി അധികമായി അനുവദിക്കുന്നതിന് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും ജോലിഭാരം വിലയിരുത്തിയതിൽ അധിക തസ്തികകൾക്കുള്ള ആവശ്യമില്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

| ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, സുൽത്താൻ ബത്തേരി | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റ്റട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
| 1 | എ | 101430 | 6800 | 16234.50 | 124464.50 | 2074.41 |
| 2 | ബി | 69180 | 15080 | 12639 | 96899 | 1614.98 |
| 3 | സി | 46890 | 23890 | 10617 | 81397 | 1356.62 |
| 4 | ഡി | 30780 | 7720 | 5775 | 44275 | 737.92 |
| 5 | ഇ | 73610 | 47155 | 18114.75 | 138879.75 | 2314.66 |
| 6 | എഫ് | 94740 | 26635 | 18206.25 | 139581.25 | 2326.35 |
| ആകെ ജോലിഭാരം | | | | | | 10424.94 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 6.13 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 6 |

## ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, മാനന്തവാടി

5.53 മാനന്തവാടി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിലെ സ്റ്റാഫ് പാറ്റേൺ ഇനി പറയുംപ്രകാരമാണ്.

| | | |
|---|---|---|
| ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ | - | 1 |
| അസിസ്റ്റന്റ് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ | - | 1 |
| ജൂനിയർ സൂപ്രണ്ട് | - | 1 |
| ക്ലാർക്ക് | - | 6 |
| ടൈപ്പിസ്റ്റ് | - | 2 |
| ഓഫീസ് അറ്റൻഡന്റ് | - | 2 |
| വാച്ച്മാൻ | - | 1 |
| ഡ്രൈവർ | - | 1 |
| പാർട്ട് ടൈം സ്വീപ്പർ | - | 1 |

5.54 മാനന്തവാടി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ ഒരു ക്ലാർക്ക് തസ്തിക അധികമായി അനുവദിക്കുന്നതിന് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും ജോലിഭാരം കണക്കാക്കിയപ്പോൾ (seatwise workload ചുവടെ ചേർത്തിരിക്കുന്നു) പ്രസ്തുത തസ്തിക ആവശ്യമുള്ളതായി കാണുന്നില്ല.

| ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, മാനന്തവാടി | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റൂട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
| 1 | എം1 | 124400 | 21695 | 21914.25 | 168009.25 | 2800.15 |
| 2 | എം2 | 52595 | 34040 | 12995.25 | 99630.25 | 1660.50 |
| 3 | എം3 | 77220 | 38135 | 17303.25 | 132658.25 | 2210.97 |
| 4 | എം4 | 25800 | 12525 | 5748.75 | 44073.75 | 734.56 |
| 5 | എം5 | 58700 | 31510 | 13531.50 | 103741.50 | 1729.03 |
| 6 | എം6 | 56460 | 17695 | 11123.25 | 85278.25 | 1421.30 |
| ആകെ ജോലിഭാരം | | | | | | 10556.52 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 6.21 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 6 |

**ട്രൈബൽ ഡവലപ്‌മെന്റ് ഓഫീസ്, കാസർഗോഡ്**

5.55 കാസർഗോഡ് ട്രൈബൽ ഡവലപ്‌മെന്റ് ഓഫീസിലെ സ്റ്റാഫ് പാറ്റേൺ ഇനി പറയുംപ്രകാരമാണ്.

ട്രൈബൽ ഡവലപ്‌മെന്റ് ഓഫീസർ - 1

അസിസ്റ്റന്റ് ട്രൈബൽ ഡവലപ്‌മെന്റ് ഓഫീസർ - 1

ജൂനിയർ സൂപ്രണ്ട് - 1

ക്ലാർക്ക് - 6

ടൈപ്പിസ്റ്റ് - 1

ഓഫീസ് അറ്റൻഡന്റ് - 2

5.56 കാസർഗോഡ് ട്രൈബൽ ഡവലപ്‌മെന്റ് ഓഫീസിൽ ഒരു ക്ലാർക്ക് തസ്തിക അധികമായി ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ (seatwise workload ചുവടെ ചേർത്തിരിക്കുന്നു) മതിയായ തസ്തികകൾ അനുവദിയ്ക്കപ്പെട്ടിട്ടുള്ളതായാണ് കാണുന്നത്.

| ട്രൈബൽ ഡവലപ്‌മെന്റ് ഓഫീസ്, കാസർഗോഡ് | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | സീറ്റ് | ഫയൽ വർക്കുകൾ (മിനിട്ടിൽ) | റുട്ടീൻ വർക്കുകൾ (മിനിട്ടിൽ) | പി&എഫ് അലവൻസ് (മിനിട്ടിൽ) | ആകെ ജോലി ഭാരം (മിനിട്ടിൽ) | ആകെ ജോലി ഭാരം (മണിക്കൂറിൽ) |
| 1 | എ | 53110 | 25285 | 11759.25 | 90154.25 | 1502.57 |
| 2 | ബി | 71650 | 14370 | 12903 | 98923 | 1648.72 |
| 3 | സി | 56700 | 20750 | 11617.50 | 89067.50 | 1484.46 |
| 4 | ഡി | 78620 | 16630 | 14287.50 | 109537.50 | 1825.63 |
| 5 | ഇ | 67100 | 10920 | 11703 | 89723 | 1495.38 |
| 6 | എഫ് | 65250 | 17905 | 12473.25 | 95628.25 | 1593.80 |
| ആകെ ജോലിഭാരം | | | | | | 9550.56 |
| മനുഷ്യ വിഭവ ശേഷി സൂചിക | | | | | | 5.62 |
| ആവശ്യമുള്ള മനുഷ്യ വിഭവ ശേഷി | | | | | | 6 |

**ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ (TEO)**

5.57 പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിജയം ഉറപ്പുവരുത്തുന്നതിന് ഏറ്റവും തന്ത്രപ്രധാനമായ ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥരാണ് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ. പട്ടികവർഗ്ഗക്കാരായ ജനങ്ങളോട് നേരിട്ട് ഇടപഴകി അവരുടെ ഓരോ ആവശ്യങ്ങളും വിഷമതകളും കണ്ടറിഞ്ഞ് പ്രമോട്ടർമാരുടൊപ്പവും അവർക്ക് നേതൃത്വപരമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയും വകുപ്പിന്റെ മുഖമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരാണ് ഇവർ. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർമാരുടെ പ്രവർത്തനങ്ങളുടെ പ്രാധാന്യവും നിലവിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർമാരുടെ ജോലിഭാരവും ജനസമൂഹത്തിന് അവരുടെ മേലുള്ള വിശ്വാസവും ആശ്രയത്വവും പഠനസംഘം നേരിട്ട് അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയുടെ പ്രവർത്തനത്തിൽ ഫീൽഡ് തലത്തിലുള്ള പ്രാധാന്യം, വിവിധ തദ്ദേശ സ്ഥാപനങ്ങൾ, മറ്റ് വകുപ്പുകൾ തുടങ്ങിയവയുമായി നടത്തേണ്ടതായ ഏകോപന പ്രവർത്തനങ്ങൾ, പങ്കെടുക്കേണ്ടതായ മീറ്റിംഗുകൾ, ഫണ്ടിന്റെ വിനിയാഗം, വിവിധ സ്ഥാപനങ്ങളിലും കോളനികളിലും നടത്തേണ്ടതായ പരിശോധനകൾ, പ്രമോട്ടർമാരുടെ പ്രവർത്തനം ഏകോപിപ്പിക്കൽ, അവർക്ക് നേതൃത്വം നൽകൽ എന്നതൊക്കെ കണക്കിലെടുത്ത് ട്രൈബൽ എക്സ്റ്റൻഷൻ ഓഫിസർമാർമാരുടെ ജോലിഭാരം കണക്കാക്കുന്നതിലേക്കായി പ്രത്യേകമായി രൂപകൽപ്പന ചെയ്ത ഫോം ഉപയോഗിച്ചുള്ള വിവരശേഖരണം, നേരിട്ടുള്ള ഓഫീസ് സന്ദർശനം, ഫീൽഡ് സന്ദർശനം, ഉദ്യോഗസ്ഥരും ഗുണഭോക്താക്കളുമായും നേരിട്ടുള്ള സംവാദം, ബന്ധപ്പെട്ട ഫയലുകളുടെയും മറ്റ് റെക്കോർഡുകളുടെയും പരിശോധന തുടങ്ങിയവയൊക്കെയാണ് അടിസ്ഥാനമാക്കിയത്. ആയതിന്റെ വെളിച്ചത്തിൽ ഓരോ ട്രൈബൽ എക്സ്റ്റൻഷൻ ഓഫിസർമാരുടെയും പരിധിയിൽ വരുന്ന പട്ടികവർഗ്ഗ ജനസംഖ്യ, അധികാരപരിധിയിൽ ഉൾപ്പെടുന്ന പ്രദേശത്തിന്റെ ദൂരപരിധി, ഭൗമശാസ്ത്രപരമായ പ്രത്യേകത തുടങ്ങിയവ കൂടി കണക്കിലെടുത്താണ് ഡയറക്ടർ നൽകിയ പുതിയ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശകളിൽ പഠനസംഘം തീരുമാനമെടുത്ത് നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നത്.

**ട്രൈബൽ എക്സ്റ്റൻഷൻ ഓഫിസർമാർമാരുടെ പ്രധാനപ്പെട്ട ചുമതലകൾ**

- ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം - ഊരുകൂട്ടങ്ങളുടെ മുൻഗണനാലിസ്റ്റിൽ നിന്നും ഫീൽഡ് പരിശോധന നടത്തി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതു മുതൽ പൂർത്തീകരണം വരെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫിസർമാർ മേൽനോട്ടം വഹിക്കുന്നു. ട്രൈബൽ എക്സ്റ്റൻഷൻ ഓഫിസർമാർ വീടുകളുടെ നിർമ്മാണഘട്ടം (നാല് ഘട്ടം) നേരിട്ട് പരിശോധിച്ച് ശുപാർശ ചെയ്യുന്നതാണ്.
- ATSP കോളനികളുടെ സമഗ്ര പുരോഗതിയും കോളനികളെ തെരഞ്ഞെടുക്കുന്നതും ഊരുകൂട്ടങ്ങൾ ചേർത്ത് പദ്ധതി വിഭാവനം ചെയ്യുന്നതു മുതൽ പദ്ധതി പൂർത്തീകരണം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും വിലയിരുത്തുന്നു.
- ഭൂമി വാങ്ങി നൽകുന്ന പദ്ധതി - അർഹരായ ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ സ്വീകരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലം പരിശോധിച്ച് ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.
- ഏഡ് സപ്പോർട്ട് സ്കീം നടപ്പിലാക്കൽ - ഓണക്കിറ്റ് വിതരണം / ഓണക്കോടി വിതരണം എന്നിവ ഓരോ ഗുണഭോക്താവിന്റേയും കൈകളിൽ നേരിട്ട് എത്തിക്കുന്നു.
- കോർപ്പസ് ഫണ്ട്/SCA to TSP/ആർട്ടിക്കിൾ 275(1) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നു.
- പോസ്റ്റ് മെട്രിക്/പ്രീ മെട്രിക് ഹോസ്റ്റലുകളിലെ എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് നടപ്പിലാക്കുന്നു.
- പെരിപ്പതെറ്റിക് സെന്റർ, വികാസ് വാടി, കിന്റർഗാർഡനുകൾ, നഴ്സറി സ്കൂൾ, ആയുർവ്വേദ ഡിസ്പെൻസറി, ITC കൾ എന്നീ സ്ഥാപനങ്ങളുടെ മേൽനോട്ടം വഹിക്കുന്നു.
- പട്ടികവർഗ്ഗക്കാരുടെ കടം എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.
- ചികിത്സാ ആനുകൂല്യങ്ങൾ പരിശോധിച്ച് ശുപാർശ ചെയ്യൽ.

5.58 ഇതു കൂടാതെ വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ TSP പദ്ധതികളും നടപ്പിലാക്കുന്നതും, ആനുകൂല്യങ്ങൾ പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ കൈകളിൽ എത്തിക്കുന്നതും ട്രൈബൽ എക്സ്റ്റൻഷൻ ഓഫിസർമാരാണ്.

5.59 നിലവിൽ സംസ്ഥാനത്ത് 53 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരാണ് പ്രവർത്തിച്ചുവരുന്നത്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫിസർമാർ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും തദ്ദേശസ്ഥാപനങ്ങളുടെയും പദ്ധതികളുടെ നിർവ്വഹണ ചുമതലകൾ വഹിക്കുന്നതോടൊപ്പം ഫീൽഡ് പരിശോധനകൾ, സ്ഥാപനങ്ങളുടെ നടത്തിപ്പ്, Drawing & Disbursing Officer-ടെ ചുമതലകൾ തുടങ്ങിയവയൊക്കെയാണ് പ്രധാനമായും നിർവ്വഹിച്ചുവരുന്നത്. 53 ട്രൈബൽ എക്സ്റ്റൻഷൻ ഓഫിസുകളിൽ നിലവിൽ 27 ട്രൈബൽ എക്സ്റ്റൻഷൻ ഓഫിസുകളിൽ മാത്രമേ ക്ലാർക്ക് തസ്തിക അനുവദിച്ചിട്ടുള്ളൂ. നിർവ്വഹണ - ഫീൽഡ്തല ചുമതലകൾ വഹിക്കുന്ന ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ക്ലറിക്കൽ ജോലി കൂടി ചെയ്യേണ്ടി വരിക എന്നത് പ്രായോഗികമല്ല. മാത്രമല്ല പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഓഫീസ് ജോലിയിൽ പ്രവർത്തിപരിചയം നൽകുന്നതിനായി മാനേജ്മെന്റ് ട്രെയിനിയായി ഓരോ വർഷവും അവസരം നൽകുന്നുണ്ട്. അവർക്ക് ഫലപ്രദമായ മാർഗ്ഗനിർദ്ദേശവും പരിശീലനവും നൽകുന്നതിനും ക്ലറിക്കൽ തസ്തിക അത്യാവശ്യമാണ്. നിലവിൽ ക്ലറിക്കൽ തസ്തിക അനുവദിക്കപ്പെട്ടിട്ടില്ലാത്ത ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിൽ പ്രമോട്ടർമാർ, മാനേജ് മെന്റ് ട്രെയിനികൾ തുടങ്ങിയവരുടെ സഹായത്തോടെയാണ് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ ക്ലറിക്കൽ ജോലികൾ നടത്തിവരുന്നത്. ഇത് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ ജോലിഭാരം കൂട്ടുകയും ജോലി സമ്മർദ്ദത്തിനിടയാക്കുകയും ക്ലറിക്കൽ ജോലിയിലും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ യഥാർത്ഥ ജോലിയിലും നിലവാരത്തകർച്ച ഉണ്ടാകുന്നതിനും കാരണമാകുന്നു. ഈ സാഹചര്യത്തിൽ <u>നിലവിൽ ക്ലറിക്കൽ തസ്തിക ഇല്ലാത്ത എല്ലാ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിലും അടിയന്തിരമായി ഓരോ ക്ലറിക്കൽ തസ്തിക അനുവദിക്കുന്നതിന് പഠനസംഘം ശുപാർശ ചെയ്യുന്നു.</u> ഡയറക്ടർ ഇതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

5.59 (എ) പുതുതായി ശിപാർശ ചെയ്തിരിക്കുന്ന ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചതിനുശേഷം ജോലിഭാരം വിലയിരുത്തി അവിടങ്ങളിൽ ക്ലറിക്കൽ തസ്തിക അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കാവുന്നതാണ്.

5.59 (ബി) ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ കഴിയുന്നതും ഓഫീസിനു സമീപം തന്നെ താമസിക്കുന്നത് ഉചിതമായിരിക്കും എന്ന് കാണുന്നു. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾക്ക് അനുബന്ധമായി സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5.60 ഓരോ ജില്ലയിലേയും നിലവിലുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിലെ പ്രവർത്തനങ്ങൾ മുൻപ് പറഞ്ഞ മാനദണ്ഡങ്ങൾ പ്രകാരം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പുതിയ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പഠനസംഘത്തിന്റെ ശുപാർശകൾ താഴെ കൊടുക്കുന്നു. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളുടെ ആസ്ഥാനം, അധികാരപരിധി തുടങ്ങിയവ സംബന്ധിച്ച് ജില്ലാ ഓഫീസർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർക്ക് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്.

## തിരുവനന്തപുരം

5.61 തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട്, കാട്ടാക്കട (പ്രവർത്തിക്കുന്നത് കുറ്റിച്ചൽ), വാമനപുരം (പ്രവർത്തിക്കുന്നത് നന്ദിയോട്) എന്നിവിടങ്ങളിലായി 3 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നു. 2011-ലെ സെൻസസ് അനുസരിച്ച് ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ 26759 ആണ്. ടി ജനങ്ങൾ 28 ഗ്രാമ പഞ്ചായത്തിലും 2 മുനിസിപ്പാലിറ്റിയിലും ഒരു കോർപ്പറേഷനിലുമാണ് വസിക്കുന്നത്. 11 ബ്ലോക്ക് പഞ്ചായത്തുകളും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രവർത്തനപരിധിയിലുണ്ട്. 252 പട്ടികവർഗ്ഗ സങ്കേതങ്ങളിലായി ചിന്നിച്ചിതറിയുമാണ് ടി കുടുംബങ്ങൾ താമസിക്കുന്നത്. 161 പട്ടികവർഗ്ഗ സങ്കേതങ്ങൾ വനത്തിനുള്ളിലാണ്. അതിൽ 98 കോളനികൾ അതീവദുർഘടവും വിദൂരവുമായ മേഖലകളിലാണ് സ്ഥിതി ചെയ്യുന്നത്.

5.62 തിരുവനന്തപുരം ജില്ലയിൽ കുറ്റിച്ചൽ, വിതുര എന്നിങ്ങനെ 2 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ പുതുതായി സൃഷ്ടിക്കണമെന്ന് ഡയറക്ടർ ശുപാർശ

ചെയ്തിരുന്നു. പ്രസ്തുത ശിപാർശയിൻമേലുള്ള വിശദമായ പഠനത്തിന്റേയും ഫീൽഡ് സന്ദർശനത്തിന്റേയും വിലയിരുത്തലുകളുടേയും അടിസ്ഥാനത്തിൽ <u>കുറ്റിച്ചൽ, വെള്ളനാട്, വിതുര, ആര്യനാട് എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുത്തി കുറ്റിച്ചൽ ആസ്ഥാനമായി ഒരു പുതിയ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് സ്ഥാപിക്കുന്നതിന് പഠനസംഘം ശുപാർശ ചെയ്യുന്നു.</u>

**<u>കൊല്ലം</u>**

5.63 കൊല്ലം ജില്ലയിൽ കുളത്തൂപ്പുഴ കേന്ദ്രമാക്കി ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസാണ് നിലവിലുള്ളത്. 68 പഞ്ചായത്തുകളും 6 ബ്ലോക്കുകളും ഒരു മുനിസിപ്പാലിറ്റിയും ഉൾപ്പെട്ടതാണ് കുളത്തൂപ്പുഴ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ അധികാരപരിധി. 2011-ലെ സെൻസസ് പ്രകാരം 10761 ആണ് പട്ടികവർഗ്ഗ ജനസംഖ്യ.

5.64 പട്ടികവർഗ്ഗ പദ്ധതികളുടെ ഫീൽഡ്തല നിർവ്വഹണം, മോണിറ്ററിംഗ്, മറ്റ് അടിയന്തിര സാഹചര്യങ്ങൾ എന്നിവക്കായി ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറാണ് കൊല്ലം ജില്ലയിൽ ഉള്ളത്. കുളത്തൂപ്പുഴ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ കീഴിൽ ഏകദേശം 100 കിലോമീറ്റർ ചുറ്റളവിലായി ഉൾവനത്തിലുള്ള 20 ഓളം കോളനികളിലെ ക്ഷേമകാര്യങ്ങൾ നോക്കുന്നതിനും (തമിഴ് നാട് അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന അച്ചൻകോവിൽ, ആര്യങ്കാവ്, മുള്ളുമല, വെള്ളംതെറ്റി എന്നീ കോളനികൾ ഉൾപ്പെടെ) പട്ടികവർഗ്ഗ പദ്ധതികൾ നടപ്പിലാക്കുന്നതിനും നിലവിലുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ പ്രവർത്തനം കൊണ്ട് പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും കൊല്ലം ജില്ല മുഴുവൻ ചിതറിക്കിടക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ക്ഷേമപ്രവർത്തനങ്ങളും വിവിധ ധനസഹായവും വീഴ്ച കൂടാതെ നൽകുന്നതിന് ഇത്രയും വിസ്തൃതമായ അധികാരപരിധി പ്രധാന തടസ്സമാണ് എന്നതിനാൽ കുളത്തൂപ്പുഴ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ അധികാരപരിധി വിഭജിച്ച് പിറവന്തൂർ കേന്ദ്രീകരിച്ച് ഒരു പുതിയ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് കൂടി സ്ഥാപിക്കേണ്ടതാണെന്ന് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

5.65 പഠനസംഘം നടത്തിയ ഫീൽഡ് സന്ദർശനത്തിൽ ഡയറക്ടർ നൽകിയിട്ടുള്ള ശിപാർശ തികച്ചും വസ്തുതാപരവും ആവശ്യം ന്യായവുമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതിവിസ്തൃതമായ ഏരിയയും ദുർഘടങ്ങളായ പ്രദേശങ്ങളും ചിതറിക്കിടക്കുന്ന കോളനികളും നൊമാഡിക് ട്രൈബ് വിഭാഗത്തിൽപ്പെട്ടവരുടെ സാന്നിദ്ധ്യവും പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മതിയാകുന്നതല്ല എന്നതിന് നിദാനമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ <u>കൊല്ലം ജില്ലയിൽ പത്തനാപുരം, അഞ്ചൽ ബ്ലോക്കുകളിൽ ഉൾപ്പെട്ട പഞ്ചായത്തുകൾ ചേർത്ത് പിറവന്തൂർ ആസ്ഥാനമായി ഒരു പുതിയ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് സൃഷ്ടിക്കുന്നതിന് ശുപാർശ ചെയ്യുന്നു.</u> <u>പുതുതായി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് രൂപീകരിക്കുന്നതിനായി ശുപാർശ സമർപ്പിക്കുന്ന വേളയിൽ പിറവന്തൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് രൂപീകരണത്തിന് പ്രഥമ പരിഗണന നൽകേണ്ടതാണ്.</u>

**<u>പത്തനംതിട്ട</u>**

5.66 പത്തനംതിട്ട ജില്ലയിൽ 8108 പട്ടികവർഗ്ഗക്കാരുണ്ട്. പത്തനംതിട്ട ജില്ലയിൽ 39 പഞ്ചായത്തുകളിലും 9 ബ്ലോക്ക് പഞ്ചായത്തുകളിലും 2 മുനിസിപ്പാലിറ്റികളിലുമായാണ് ടി പട്ടികവർഗ്ഗ കുടുംബങ്ങൾ അധിവസിക്കുന്നത്. ജില്ലയിലെ ഭൂരിഭാഗം കോളനികളും വനമേഖലയോട് ചേർന്നുള്ളതാണ്. ജില്ലയ്ക്ക് ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയാണ് നിലവിലുള്ളത്. റാന്നിയിൽ പ്രവർത്തിക്കുന്ന ടി ഓഫീസിൽ നിന്നും മിക്ക കോളനികളിലേയ്ക്കും 50 കിലോമീറ്ററിലധികം സഞ്ചരിക്കേണ്ടിവരുന്നുവെന്നും ജില്ലയുടെ കിഴക്കും പടിഞ്ഞാറും അതിർത്തിയിലുള്ള ആവണിപ്പാറ, കുന്നാർ, മുഴിയാർ, ഗവി എന്നിവിടങ്ങളിലേക്ക് 100 കിലോമീറ്ററിലധികം യാത്ര ചെയ്യേണ്ടതുണ്ടെന്നും പൊതുഗതാഗതം കുറവായ ടി കോളനികളിൽ എത്തുന്നതിന് വളരെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതിനാൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് പട്ടികവർഗ്ഗ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയുന്നില്ലായെന്ന സാഹചര്യത്തിൽ ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് കൂടി അനുവദിയ്ക്കേണ്ടതിന്റെ ആവശ്യകത ഡയറക്ടർ അദ്ദേഹത്തിന്റെ ശുപാർശയിൽ വ്യക്തമാക്കിയിരുന്നു. പഠനസംഘം ഇക്കാര്യത്തിൽ വിശദമായ പരിശോധന നടത്തുകയുണ്ടായി. ജില്ലയിൽ ഏറ്റവും കൂടുതൽ പരിഗണന

അർഹിക്കുന്നത് അരുവാപ്പലം, സീതത്തോട്, റാന്നി, പെരുനാട് പഞ്ചായത്തുകളിൽ നൊമാഡിക് ജീവിതശൈലി പിന്തുടർന്ന് വനത്തിനുള്ളിൽ അധിവസിക്കുന്ന മലമ്പണ്ടാര വിഭാഗ കുടുംബങ്ങളാണ്. ഈ കുടുംബങ്ങൾ ഉൾപ്പെടെ മേൽ പഞ്ചായത്തുകളിലെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഉൾവനങ്ങളിലും വനങ്ങളോട് ചേർന്നും താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും പുതിയ ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തിക സൃഷ്ടിക്കേണ്ടത് ഉചിതമായി കാണുന്നു. ഈ സാഹചര്യത്തിൽ <u>പത്തനംതിട്ട ജില്ലയിൽ ചിറ്റാർ ആസ്ഥാനമാക്കി ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് കൂടി സൃഷ്ടിക്കുന്നതിന് ശുപാർശ ചെയ്യുന്നു.</u>

**<u>കോട്ടയം</u>**

5.67 കോട്ടയം ജില്ലയിൽ മേലുകാവ്, വൈക്കം, പുഞ്ചവയൽ എന്നിങ്ങനെ 3 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളാണ് നിലവിലുള്ളത്. 2011-ലെ സെൻസസ് പ്രകാരം 21972 ആണ് പട്ടികവർഗ്ഗ ജനസംഖ്യ. 72 പഞ്ചായത്തിലും 5 മുനിസിപ്പാലിറ്റിയിലുമായാണ് ഇവർ അധിവസിക്കുന്നത്. കോട്ടയം ജില്ലയിൽ മൂന്നിലവ് കേന്ദ്രമാക്കി ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് കൂടി സ്ഥാപിക്കണമെന്ന് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

5.68 ഡയറക്ടറുടെ ശിപാർശ വിവിധ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പഠനവിധേയമാക്കിയെങ്കിലും കോട്ടയം ജില്ലയിൽ പുതുതായി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് അനുവദിക്കേണ്ടതായ ആവശ്യകത നിലനിൽക്കുന്നതായി കാണാൻ കഴിഞ്ഞില്ല.

**<u>ഇടുക്കി</u>**

5.69 ഇടുക്കി ജില്ലയിൽ 63 ഗ്രാമപഞ്ചായത്തുകളിലായി 293 ട്രൈബൽ സെറ്റിൽമെന്റുകളിൽ 19350 കുടുംബങ്ങളിലായി 71597 പട്ടികവർഗ്ഗക്കാർ അധിവസിക്കുന്നു. ആയത് ജില്ലയിലെ മൊത്തം ജനസംഖ്യയുടെ 5 ശതമാനമാണ്. സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർ കൂടുതൽ അധിവസിക്കുന്ന ജില്ലകളിൽ ഇടുക്കി രണ്ടാമത്തെ ജില്ലയാണ്. സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരിൽ 11.51 % പേരും ജില്ലയിൽ അധിവസിക്കുന്നു. ജില്ലയിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങൾ പ്രധാനമായും മലയരയൻ, ഉള്ളാടൻ, മന്നാൻ, മുതുവാൻ, മലപുലയ,

ഊരാളി, പളിയൻ, മലവേടൻ എന്നിവരാണ്. പീരുമേട് താലൂക്കിൽ ഏതാനും മലമ്പണ്ടാരം കുടുംബങ്ങളും അധിവസിക്കുന്നു. ഇടുക്കി ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി തൊടുപുഴ, പീരുമേട്, നെടുങ്കണ്ടം താലൂക്കുകളുടെ അധികാരപരിധിയിലുള്ള തൊടുപുഴ ഐ.റ്റി.ഡി.പി. ഓഫീസും, ദേവികുളം താലൂക്കിന്റെ അധികാരപരിധിയിലുള്ള അടിമാലി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസും, പ്രവർത്തിച്ചുവരുന്നു.

5.70 തൊടുപുഴ ഐ.റ്റി.ഡി.പി. യുടെ കീഴിലുള്ള പൂമാല, ഇടുക്കി, കട്ടപ്പന, പീരുമേട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് പരിധികളിലായി ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യയിലെ 63 ശതമാനത്തോളം വരുന്ന 11,973 പട്ടികവർഗ്ഗ കുടുംബങ്ങൾ അധിവസിക്കുന്നു എന്നതും ജില്ലയുടെ വിസ്തൃതിയും പട്ടികവർഗ്ഗ സങ്കേതങ്ങളിൽ എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ടും പരിഗണിച്ച് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രവർത്തന മേഖലകൾ പുനർനിർണ്ണയിച്ച് അധികമായി 3 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ കൂടി തൊടുപുഴ ഐ.റ്റി.ഡി.പി. യുടെ കീഴിൽ അനുവദിക്കുന്നതിന് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

5.71 അടിമാലി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ കീഴിലുള്ള മറയൂർ, മൂന്നാർ, അടിമാലി എന്നീ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളുടെ പരിധിയിലായി 8955 പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിക്കുന്നു. ഭൂമിശാസ്ത്രപരമായ പ്രത്യേകതയും പട്ടികവർഗ്ഗ സങ്കേതങ്ങളിൽ എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ടും പരിഗണിച്ച് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രവർത്തന മേഖലകൾ പുനർനിർണ്ണയിച്ച് അധികമായി 2 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ കൂടി ദേവികുളം, ആനച്ചാൽ എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് അടിമാലി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ കീഴിൽ അനുവദിക്കേണ്ടതുണ്ട് എന്നും ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

5.72 പഠനസംഘം പീരുമേട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് സന്ദർശിക്കുകയും തൊടുപുഴ ട്രൈബൽ ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസറുടെ കീഴിലുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ ബന്ധപ്പെട്ട രേഖകളും താന്താങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സഹിതം പ്രസ്തുത ഓഫീസിൽ പഠനസംഘത്തോട് സംവദിക്കുകയും ഉണ്ടായി. അടിമാലി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിലും മൂന്നാർ, മറയൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിലും മറ്റ് അനുബന്ധ

ഓഫീസുകളിലും സന്ദർശനങ്ങൾ നടത്തി വിവരശേഖരണം നടത്തുകയും കൂടാതെ ഫീൽഡ്തല സന്ദർശനങ്ങൾ വഴിയും നിലവിലുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളുടെ അധികാരപരിധി വിഭജിച്ച് ഇടുക്കി ജില്ലയിൽ 5 പുതിയ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ സൃഷ്ടിക്കണമെന്ന ഡയറക്ടറുടെ ശുപാർശ വിശദമായ പഠനത്തിനും പരിശോധനകൾക്കും വിധേയമാക്കുകയുണ്ടായി. അടിമാലി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ കീഴിൽ വരുന്ന 3 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിലും പട്ടികവർഗ്ഗ ജനസംഖ്യ താരതമ്യേന കൂടുതലാണ് എന്നതും അധികാരപരിധിയിൽ വലിയ ഭൂവിസ്തൃതി വരുന്നുണ്ടെന്നതും ശരിയാണെങ്കിലും ആളുകൾ കൂടുതലായും കോളനികളിലും സെറ്റിൽമെന്റുകളിലുമാണ് കേന്ദ്രീകരിച്ചിരിക്കുന്നത് എന്നത് കണക്കിലെടുക്കുമ്പോൾ നിലവിലുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് തന്നെ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കാവുന്നതാണെന്ന് കാണുന്നു. ആവശ്യമെങ്കിൽ കൂടുതൽ പ്രമോട്ടർമാരെ ഉൾപ്പെടുത്തി സേവനനിലവാരം മെച്ചപ്പെടുത്താവുന്നതാണ്.

5.73 എന്നാൽ ഇടുക്കി ഐ.റ്റി.ഡി.പി.യിൽ ഉൾപ്പെടുന്ന പൂമാല, ഇടുക്കി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ അതിവിസ്തൃതമായ ഭൂപരിധി, വർദ്ധിച്ച തോതിലുള്ള പട്ടികവർഗ്ഗ ജനസംഖ്യ, ദീർഘപ്രദേശങ്ങളിലുള്ളതും ചിതറിക്കിടക്കുന്നതുമായ ജനവിന്യാസം മുതലായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതായും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ ചുമതലകൾ പൂർണ്ണമായ തോതിൽ സാക്ഷാത്ക്കരിക്കുന്നതിന് ബുദ്ധിമുട്ടുന്നതായും പഠനസംഘത്തിന് ബോദ്ധ്യമായിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ നിലവിൽ പൂമാല, ഇടുക്കി എന്നീ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിൽ ഉൾപ്പെടുന്ന വണ്ണപ്പുറം, കഞ്ഞിക്കുഴി മേഖലകൾ ഉൾപ്പെടുത്തി കഞ്ഞിക്കുഴി കേന്ദ്രമാക്കി ഒരു പുതിയ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് സൃഷ്ടിക്കുന്നതിന് പഠനസംഘം ശുപാർശ ചെയ്യുന്നു.

**എറണാകുളം**

5.74 എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ കേന്ദ്രീകരിച്ചാണ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് പ്രവർത്തിക്കുന്നത്. 2011-ലെ സെൻസസ് അനുസരിച്ച് 16559 ആണ് പട്ടികവർഗ്ഗ ജനസംഖ്യ. ടിയാളുകൾ 7 താലൂക്കുകളിൽപ്പെടുന്ന 70 പഞ്ചായത്തിലും, ഒരു കോർപ്പറേഷനിലും ഉൾപ്പെടുന്നു. ട്രൈബൽ ഡെവലപ്മെന്റ്

ഓഫീസിന്റെ അധികാരപരിധിയിൽ വരുന്ന ആലുവ, ഇടമലയാർ എന്നിങ്ങനെ 2 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളാണുള്ളത്. നിലവിൽ 6 താലൂക്കുകളും ഒരു കോർപ്പറേഷനും ഉൾപ്പെട്ടതാണ് ആലുവ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്. അതിവിദൂരമായ കോളനികൾ ഉൾപ്പെടുന്നതാണ് ഇടമലയാർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ അധികാരപരിധി. പല കോളനികളിലും വാഹനസൗകര്യമില്ല എന്നത് പരിഗണിച്ച് പുനരധിവാസ മേഖലകൾ ഉൾപ്പെട്ട ടി മേഖലകളുടെ അതിർത്തി പുനർനിർണ്ണയിച്ച് മൂവാറ്റുപുഴ കേന്ദ്രീകരിച്ച് ഒരു പുതിയ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് കൂടി ആരംഭിക്കേണ്ടതാണെന്ന് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

5.75 നിലവിൽ 6 താലൂക്കുകളും ഒരു കോർപ്പറേഷനും ഉൾപ്പെടുന്നതാണ് ആലുവ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ സേവനപരിധി. കോതമംഗലം താലൂക്ക് മാത്രമാണ് ഇടമലയാർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്കുള്ളതെങ്കിലും കുട്ടമ്പുഴ പഞ്ചായത്തിൽ വനാന്തർഭാഗത്തുൾപ്പെട്ട കുടുംബങ്ങളും നാല് ട്രൈബൽ ഹോസ്റ്റലുകളും രണ്ട് പുനരധിവാസ പ്രദേശങ്ങളുമായി നിലവിൽ വൻ ജോലിഭാരമുണ്ട്. പല കോളനികളിലും വാഹനസൗകര്യമില്ല. കൂടാതെ നേര്യമംഗലത്തും പിണവൂർകുടിയിലുമായി രണ്ട് ഹോസ്റ്റലുകൾ നിർമ്മാണഘട്ടത്തിലാണ്. ആലുവ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ കീഴിൽ രണ്ട് മൾട്ടിപർപ്പസ് ഹോസ്റ്റലുകൾ നിർമ്മാണം പൂർത്തിയായി വരികയാണ്. ഈ സാഹചര്യത്തിൽ കോതമംഗലം (കുട്ടമ്പുഴ പഞ്ചായത്ത് ഒഴികെ) മൂവാറ്റുപുഴ, കുന്നത്ത്നാട് താലൂക്കുകൾ ഉൾപ്പെടുത്തി മൂവാറ്റുപുഴ ആസ്ഥാനമായി പുതിയതായി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് അനുവദിക്കാവുന്നതാണെന്നും കൊച്ചി, കണയന്നൂർ, പറവൂർ, ആലുവ, താലൂക്കുകളും കൊച്ചി കോർപ്പറേഷനും എടയ്ക്കാട്ടുവയൽ പുനരധിവാസ പ്രദേശവും ആലുവ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ കീഴിൽ വരുന്നതാണെന്നും ഡയറക്ടർ അറിയിച്ചിരുന്നു.

5.76 പഠനസംഘം ആലുവ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് സന്ദർശിക്കുകയും ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പുതിയ ഓഫീസുകൾ സംബന്ധിച്ച വിശദമായ പഠനം നടത്തുകയുമുണ്ടായി. എറണാകുളം ജില്ലയിൽ നിലവിലുള്ള ഓഫീസുകൾ വഴി വകുപ്പിന്റെ പ്രവർത്തനം സുഗമമായി നടക്കുന്നുണ്ട്. പുതിയ ഓഫീസിന്റെ സാഹചര്യം ഉള്ളതായി കാണുന്നില്ല.

ആവശ്യമെങ്കിൽ പ്രൊമോട്ടർമാരുടെ എണ്ണം വർദ്ധിപ്പിച്ച് പ്രവർത്തനം കൂടുതൽ സുഗമമാക്കാവുന്നതാണ്.

**തൃശ്ശൂർ**

5.77 തൃശ്ശൂർ ജില്ലയിൽ ആമ്പല്ലൂർ കേന്ദ്രീകരിച്ച് ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് മാത്രമാണുള്ളത്. തൃശ്ശൂർ ജില്ലയിൽ 125 കിലോമീറ്റർ ചുറ്റളവിലായി 29 പഞ്ചായത്തുകളിലായി 59 കോളനികളും ചിതറിക്കിടക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളും ഉൾപ്പെടെ 9430 ആണ് പട്ടികവർഗ്ഗ ജനസംഖ്യ. പട്ടികവർഗ്ഗ സങ്കേതങ്ങൾ തുടങ്ങി പാലക്കാട് അതിർത്തിയോട് ചേർന്ന് കിടക്കുന്ന ഒളകര സങ്കേതം വരെ വളരെ ദീർഘമായി നീണ്ടുകിടക്കുന്നതാണ് ആമ്പല്ലൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ പ്രവർത്തനമേഖലയിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ. പ്രാക്തന ഗോത്രവർഗ്ഗക്കാർ കൂടുതൽ തിങ്ങിനിറഞ്ഞ് ജീവിക്കുന്ന തമിഴ് നാട് അതിർത്തിയിലുള്ള തെക്ക്-വടക്ക് മേഖലയിലെ അതിരപ്പിള്ളി പഞ്ചായത്തിലെ അരേക്കാപ്പ്, മലക്കപ്പാറ, ആനക്കയം, ഷോളയാർ, വെട്ടിവിട്ടകാട്, വാഴച്ചാൽ, പൊകലപ്പാറ, പെരിങ്ങൽകുത്ത് എന്നീ കോളനികൾ ആമ്പല്ലൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ നിന്നും 65 കിലോമീറ്ററും 125 കിലോമീറ്ററിനും ഇടയിലാണ് സ്ഥിതി ചെയ്യുന്നത്. ജില്ലയുടെ വടക്ക്-കിഴക്ക് ഭാഗത്തുള്ള പഴയന്നൂർ, ഒളകര, പാണഞ്ചേരി, പീച്ചി കാക്കിനിക്കാട് (65 കിലോമീറ്റർ അകലെ) എന്നീ കോളനികളിലും കൂടാതെ അതിനിടയിൽ വരുന്ന പലയിടങ്ങളിലുമായി ചിതറിക്കിടക്കുന്ന കോളനികളിലുമാണ് പട്ടികവർഗ്ഗക്കാർ താമസിച്ചുവരുന്നത്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന് കീഴിൽ 5 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. തൃശ്ശൂർ ജില്ലയിൽ ഇത്രയധികം ദൂരത്തിൽ കിടക്കുന്ന കോളനികളിലെ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള വിവിധ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനായി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എന്ന നിലയിൽ എല്ലായിടത്തും എത്തിപ്പെടുക എന്നത് ബുദ്ധിമുട്ടാണ്. ഒൻപതിനായിരത്തിലധികം പട്ടികവർഗ്ഗ ജനസംഖ്യയുള്ള തൃശ്ശൂർ ജില്ലയിൽ പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് കൊടകര ബ്ലോക്ക് പഞ്ചായത്ത് പരിധിയ്ക്കുള്ളിൽ ആമ്പല്ലൂരിൽ പ്രവർത്തിക്കുന്ന ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് മാത്രമാണുള്ളത്. തൃശ്ശൂർ ജില്ലയിൽ കൊടകര, ഒല്ലൂർ, പഴയന്നൂർ, വടക്കാഞ്ചേരി. ചാലക്കുടി എന്നീ ബ്ലോക്ക് പഞ്ചായത്തുകളുടെ

പരിധിയിലാണ് പ്രധാനമായും പട്ടികവർഗ്ഗ സങ്കേതങ്ങളുള്ളത്. ആമ്പല്ലൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ നിന്നും ചാലക്കുടി ബ്ലോക്ക് പരിധിയിൽ സംസ്ഥാന അതിർത്തിയോട് ചേർന്ന് കിടക്കുന്ന ഷോളയാർ വനപ്രദേശങ്ങളിലുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളിൽ എത്തുന്നതിന് 110 കിലോമീറ്റർ യാത്ര ചെയ്യേണ്ടതുണ്ട്. അതിരപ്പള്ളി പഞ്ചായത്തിലാണ് ഉൾവനങ്ങളിലുള്ള സങ്കേതങ്ങളും സ്ഥിതി ചെയ്യുന്നത്. തമിഴ് നാട്ടിലെ വാൽപ്പാറയ്ക്ക് സമീപം വരെയാണ് അതിരപ്പള്ളി പഞ്ചായത്ത് അതിർത്തിയുള്ളത്. ആമ്പല്ലൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് അടിയന്തിര ഘട്ടങ്ങളിൽ ഈ പ്രദേശത്തുള്ള സങ്കേതങ്ങളിൽ എത്തിച്ചേരുക വളരെ ദുഷ്കരമാണ്. ഈ സാഹചര്യത്തിൽ ജില്ലയിൽ ഇപ്പോൾ കൊടകര ബ്ലോക്ക് പരിധിയിൽ പ്രവർത്തിക്കുന്ന ആമ്പല്ലൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് കൂടാതെ ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് കൂടി സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ് എന്ന് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

5.78 തൃശ്ശൂർ ജില്ലയിൽ ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് കൂടി സ്ഥാപിക്കണമെന്ന ഡയറക്ടറുടെ ശുപാർശ പഠനസംഘത്തിന് ആമ്പല്ലൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് സന്ദർശിച്ചുള്ള വിവരശേഖരണത്തിലൂടെയും വാൽപ്പാറ വരെയുള്ള കോളനികളിലും ഹോസ്റ്റലുകൾ, ഡിസ്പെൻസറി തുടങ്ങിയ അനുബന്ധ സ്ഥാപനങ്ങളിലെ സന്ദർശനവും നേരിട്ടുള്ള വിവരശേഖരണവും വഴി തികച്ചും അനിവാര്യമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

5.79 ഈ സാഹചര്യത്തിൽ <u>തൃശ്ശൂർ ജില്ലയിൽ നിലവിലുള്ള ഏക ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് ആയ ആമ്പല്ലൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ അധികാരപരിധിയിൽ നിന്നും ചാലക്കുടി ബ്ലോക്ക് വിഭജിച്ചുകൊണ്ട് ആതിരപ്പള്ളി ആസ്ഥാനമാക്കി ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് പുതുതായി സൃഷ്ടിക്കുന്നതിന് ശുപാർശ ചെയ്യുന്നു.</u>

5.80 <u>പുതുതായി ആതിരപ്പള്ളി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് നിലവിൽ വരുന്ന സാഹചര്യത്തിൽ ആമ്പല്ലൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ ആസ്ഥാനം ഇപ്പോൾ നിലനിൽക്കുന്ന സ്ഥാനത്തുനിന്നും തൃശ്ശൂർ ജില്ലയിലെ വടക്കൻ താലൂക്കുകളായ പഴയന്നൂർ തുടങ്ങിയ സൗകര്യപ്രദമായതും പട്ടികവർഗ്ഗ</u>

ജനസംഖ്യയുടെ വിന്യാസവും കൂടി കണക്കിലെടുത്ത് കൂടുതൽ സൗകര്യപ്രദമായ സ്ഥാനത്തേക്ക് മാറ്റി സ്ഥാപിക്കേണ്ടതാണ്.

**പാലക്കാട്**

5.81 പാലക്കാട് ജില്ലയിൽ ഒരു പ്രോജക്ട് ഓഫീസും ഒരു ട്രൈബൽ ഡെവലപ്മെന്റ് ഓഫീസും നിലവിലുണ്ട്. പ്രോജക്ട് ഓഫീസിന്റെ അധികാര പരിധി അട്ടപ്പാടി ബ്ലോക്കും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ പരിധി അട്ടപ്പാടി ബ്ലോക്ക് ഒഴികെയുള്ള പാലക്കാട് ജില്ല മുഴുവനുമാണ്. പാലക്കാട് ജില്ലയിൽ ആകെ 48972 പട്ടികവർഗ്ഗക്കാരുള്ളതിൽ അട്ടപ്പാടി ബ്ലോക്കിൽ 29462 പട്ടികവർഗ്ഗക്കാരും പാലക്കാട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് പരിധിയിൽ 19510 പട്ടികവർഗ്ഗക്കാരുമുണ്ട്.

5.82 പാലക്കാട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന് കീഴിൽ 3 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളാണുള്ളത്. പാലക്കാട്, ചിറ്റൂർ, കൊല്ലങ്കോട് എന്നീ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രവർത്തനപരിധി 9 ബ്ലോക്കുകളിലും 36 പഞ്ചായത്തുകളിലുമായി വ്യാപിച്ചു കിടക്കുന്നു.

5.83 വളരെയധികം ജോലിഭാരം അനുഭവിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ അധികാരപരിധി പുനർനിർണ്ണയിച്ച് 2 പുതിയ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികകൾ കൂടി സൃഷ്ടിക്കേണ്ടതുണ്ടെന്നാണ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്.

5.84 പഠനസംഘം ചിറ്റൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് സന്ദർശിക്കുകയും പാലക്കാട്, കൊല്ലങ്കോട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ പ്രൊമോട്ടർമാർ തുടങ്ങിയവരുമായി ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ചർച്ച നടത്തുകയുമുണ്ടായി. വിവിധ മേഖലകളിലും വ്യത്യസ്ഥ മാനദണ്ഡങ്ങളിലുമായുള്ള പഠനത്തിന്റെ അടിസ്ഥാനത്തിൽ മണ്ണാർക്കാട് കേന്ദ്രീകരിച്ച് ഒരു പുതിയ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് അനുവദിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു. പുതിയ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ അധികാരപരിധി പാലക്കാട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ തീരുമാനിക്കേണ്ടതാണ്.

**മലപ്പുറം**

5.85 മലപ്പുറം ജില്ലയിൽ 32 ഗ്രാമപഞ്ചായത്തുകളിലും 3 മുനിസിപ്പാലിറ്റിയിലുമായി 18220 പട്ടികവർഗ്ഗക്കാരുണ്ട്. 3 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളാണ് നിലവിലുള്ളത്. നിലവിലെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളുടെ അധികാരപരിധി ജനസംഖ്യാനുപാതികവും കോളനി ദൂർഘടാവസ്ഥയും കണക്കിലെടുത്ത് വിഭജിച്ചെങ്കിൽ മാത്രമേ കാര്യക്ഷമവും, സമയബന്ധിതവുമായ വികസനം സാദ്ധ്യമാവുകയുള്ളൂ എന്നും പ്രാക്തന ഗോത്രവിഭാഗം കൂടുതലായി അധിവസിക്കുന്ന ജില്ലകളിലൊന്നാണിതെന്നും ഡയറക്ടർ ചൂണ്ടിക്കാണിക്കുന്നു. നിലവിലെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് പരിധിയിൽ വരുന്ന പഞ്ചായത്ത് തിരിച്ചുള്ള പട്ടികവർഗ്ഗക്കാരുടെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജനസംഖ്യാനുപാതത്തിലും, പിന്നോക്കാടിസ്ഥാനത്തിലുമുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾ കൂടുതലായും താമസിക്കുന്നത് നിലമ്പൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് പരിധിയിലാണ്. ഉൾക്കാട്ടിലും വളരെ ദുഷ്കരമായ പ്രദേശങ്ങളിലുമാണ് കോളനികൾ നിലനിൽക്കുന്നത്. മാവോയിസ്റ്റ് ഭീഷണി ഏറ്റവും കൂടുതൽ നേരിടുന്ന ഒരു പ്രദേശം കൂടിയാണ്. ആയതിനാൽ ജനസംഖ്യാനുപാതികമായി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളുടെ അധികാരപരിധി വിഭജിച്ച് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമവും സമയബന്ധിതവുമായി പൂർത്തീകരിക്കുന്നതിനും 2 അധിക തസ്തികകൾ കൂടി സൃഷ്ടിക്കേണ്ടതാണെന്നാണ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്.

5.86 പഠനസംഘം പെരിന്തൽമണ്ണ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് സന്ദർശിക്കുകയും ഉദ്യോഗസ്ഥർ, പ്രൊമോട്ടർമാർ മുതലായവരുമായി ആശയവിനിമയം നടത്തുകയും പ്രവൃത്തിഭാരം കണക്കാക്കുകയുമുണ്ടായി. മലപ്പുറം ഒരു വലിയ ജില്ലയാണെങ്കിലും പട്ടികവർഗ്ഗ ജനസംഖ്യ നിലമ്പൂർ മേഖലയിലാണ് മുഖ്യമായും കേന്ദ്രീകരിച്ചിരിക്കുന്നത്. നിലവിലുള്ള നിലമ്പൂർ, എടവണ്ണ, പെരിന്തൽമണ്ണ എന്നീ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ മലപ്പുറം ജില്ലയിലെ വകുപ്പിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിന് പര്യാപ്തമാണെന്നാണ് പഠനസംഘം വിലയിരുത്തിയിട്ടുള്ളത്.

**കോഴിക്കോട്**

5.87 കോഴിക്കോട് ജില്ലയിൽ 38 പഞ്ചായത്തിലും 3 മുനിസിപ്പാലിറ്റികളിലുമായി 15228 പട്ടികവർഗ്ഗക്കാർ അധിവസിക്കുന്നുണ്ട്. ജില്ലയിൽ കോടഞ്ചേരി, പേരാമ്പ്ര എന്നിങ്ങനെ 2 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളാണ് ഉള്ളത്. ഭൂമിശാസ്ത്രപരമായി വളരെ വിദൂര പ്രദേശങ്ങളിലും ദുർഘടമായ മലമുകളിലുമാണ് മിക്ക കോളനികളും സ്ഥിതി ചെയ്യുന്നത്. 2 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെയും അധികാരപരിധി വിഭജിച്ച് ബാലുശ്ശേരി ആസ്ഥാനമാക്കി ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് സ്ഥാപിക്കുന്നത് പദ്ധതി പ്രവർത്തനങ്ങൾ യഥാസമയം ലക്ഷ്യത്തിലെത്തിക്കുവാൻ സഹായകമാകും എന്നാണ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്.

5.88 പഠനസംഘം കോടഞ്ചേരി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് സന്ദർശിച്ച് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറിൽ നിന്നും വിവരശേഖരണം നടത്തുകയും അവിടെയെത്തിച്ചേർന്ന പേരാമ്പ്ര ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുമായി സംവദിയ്ക്കുകയും ചെയ്തു. ഡയറക്ടറുടെ ശിപാർശയ്ക്ക് പ്രത്യേകമായ ഊന്നൽ നൽകിക്കൊണ്ട് ഫീൽഡ് സന്ദർശനം നടത്തുകയും പ്രൊമോട്ടർമാർ, മറ്റ് സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരുമായി ചർച്ച നടത്തുകയുമുണ്ടായി.

5.89 കോഴിക്കോട് ജില്ലയിൽ നിലവിൽ 2 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളു. താമരശ്ശേരി മിനി സ്റ്റേഷൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന കോടഞ്ചേരി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസും പേരാമ്പ്ര ബ്ലോക്ക് ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പേരാമ്പ്ര ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസും. ഇ സർവ്വെ പ്രകാരം ജില്ലയിലെ ആകെ പട്ടികവർഗ്ഗ ജനസംഖ്യ 11079 ആണ്. ഇതിൽ 6188 പേർ കോടഞ്ചേരി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിനു കീഴിലും 4891 പേർ പേരാമ്പ്ര ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന് കീഴിലുമാണ്. ജില്ലയിൽ ആകെ 40 പഞ്ചായത്തുകളിലും 7 ബ്ലോക്കുകളിലും 4 മുനിസിപ്പാലിറ്റികളിലുമായാണ് പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിക്കുന്നത്. ഇതിൽ കോടഞ്ചേരി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിനു കീഴിൽ 17 പഞ്ചായത്തുകളിലായി 2063 പട്ടികവർഗ്ഗ കുടുംബങ്ങളും പേരാമ്പ്ര ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിനു കീഴിൽ 23 പഞ്ചായത്തുകളിലായി

1741 പട്ടികവർഗ്ഗ കുടുംബങ്ങളും ആണുള്ളത്. ജില്ലയിലെ ഭൂമിശാസ്ത്രപരമായ പ്രത്യേകത കാരണം ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് ഇത്രയധികം പഞ്ചായത്തുകളിൽ ഒരേ സമയം പ്രവർത്തനങ്ങൾ എത്തിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ജില്ലയിലെ ഭൂരിപക്ഷം പട്ടികവർഗ്ഗ ഊരുകളും മലയോര മേഖലകളിലാണ് സ്ഥിതി ചെയ്യുന്നത്. കൂടാതെ മിക്ക ഊരുകളും അതീവ ദുർഘട മേഖലയിലുമാണ്. 2018, 2019 വർഷങ്ങളിലെ പ്രളയത്തിലും ഉരുൾപൊട്ടലിലും അനേകം പട്ടികവർഗ്ഗ ഊരുകളിൽ നാശനഷ്ടങ്ങൾ സംഭവിക്കുകയും അനേകം കുടുംബങ്ങളെ മാറ്റി പാർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലയിലെ അടുപ്പിൽ, വെണ്ടേക്കുംപൊയിൽ കോളനികൾ ഉരുൾപൊട്ടൽ മൂലം പൂർണ്ണമായും തകരുകയും കോളനികളിലെ കുടുംബങ്ങളെ മറ്റൊരു സ്ഥലം കണ്ടെത്തി പുനരധിവസിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ജില്ലയിലെ 40 പഞ്ചായത്തുകളിലായിട്ടാണ് പട്ടികവർഗ്ഗ കുടുംബങ്ങൾ അധിവസിക്കുന്നത്. ഇതിൽ 17 പഞ്ചായത്തുകൾ കോടഞ്ചേരി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ കീഴിലും 23 പഞ്ചായത്തുകൾ പേരാമ്പ്ര ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ കീഴിലുമാണ്. ഇത്രയും അധികം പഞ്ചായത്തുകളിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നിലവിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിൽ നിന്ന് യാത്ര ചെയ്ത് ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിന് വളരെയധികം സമയം പാഴാകുന്നുണ്ട്. ഇത് പദ്ധതികൾ നടപ്പിലാക്കുന്നതിലും മോണിറ്ററിംഗ് ചെയ്യുന്നതിലും ഗുണനിലവാരം കുറയാൻ ഇടയാകുന്നുണ്ട്. ഇതിന് പരിഹാരമായി പേരാമ്പ്ര ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ കീഴിലുള്ള ബാലുശ്ശേരി, കൂരാച്ചുണ്ട്, നടുവണ്ണൂർ, ഉള്ള്യേരി, ചെങ്ങോട്ടുകാവ്, വേളം, കോട്ടൂർ, പനങ്ങാട്, ഉണ്ണികുളം എന്നീ പഞ്ചായത്തുകളും കോടഞ്ചേരി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ കീഴിലുള്ള നരിക്കുനി, മടവൂർ, ചേളന്നൂർ, കാക്കൂർ, നന്മണ്ട, കട്ടിപ്പാറ പഞ്ചായത്തുകളും ഉൾപ്പെടുത്തി ബാലുശ്ശേരി കേന്ദ്രമാക്കി ഒരു പുതിയ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് കൂടി സൃഷ്ടിക്കാവുന്നതാണ്. ഇത് പ്രകാരം ചെയ്യുമ്പോൾ പേരാമ്പ്ര ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ പരിധിയിലുള്ള പട്ടികവർഗ്ഗ ജനസംഖ്യ 3543 ആയും കോടഞ്ചരി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ പരിധിയിലുള്ള പട്ടികവർഗ്ഗ ജനസംഖ്യ 3871 ആയും ബാലുശ്ശേരി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ പരിധിയിലുള്ള പട്ടികവർഗ്ഗ ജനസംഖ്യ 3665 ആയും

മാറുന്നതാണ്. ഈ സാഹചര്യത്തിൽ <u>കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി ആസ്ഥാനമാക്കി ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് സ്ഥാപിക്കുന്നതിന് പഠനസംഘം ശുപാർശ ചെയ്യുന്നു.</u>

<u>**വയനാട്**</u>

5.90 സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന ജില്ലയാണ് വയനാട്. 151433 ആണ് പട്ടികവർഗ്ഗ ജനസംഖ്യ. ജില്ലയിൽ ഒരു പ്രോജക്ട് ഓഫീസും 2 ട്രൈബൽ ഡെവലപ്മെന്റ് ഓഫീസും പ്രവർത്തിക്കുന്നുണ്ട്. കൽപ്പറ്റ കേന്ദ്രീകരിച്ച് പ്രോജക്ട് ഓഫീസും സുൽത്താൻ ബത്തേരി, മാനന്തവാടി എന്നിവ കേന്ദ്രീകരിച്ച് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസും പ്രവർത്തിക്കുന്നു. കൽപ്പറ്റ പ്രോജക്ട് ഓഫീസിന് കീഴിൽ 32419 പട്ടികവർഗ്ഗ ജനസംഖ്യയുണ്ട്. 702 കോളനികളിലാണ് ഈ ജനങ്ങൾ അധിവസിക്കുന്നത്. നിലവിൽ 5 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരാണുള്ളത് എന്നും 10 പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയും അധികാരപരിധിയായി വരുന്ന ഇവിടെ പട്ടികവർഗ്ഗ മേഖലയിലെ വിവിധ പ്രശ്നങ്ങളിൽ ഊർജ്ജസ്വലതയോടെ ഇടപെടേണ്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ അമിതമായ ജോലിഭാരത്താൽ വീർപ്പുമുട്ടുന്ന സാഹചര്യത്തിൽ ജനസംഖ്യാനുപാതികമായും ഭൂപ്രകൃതിയ്ക്കനുസരിച്ചും പഞ്ചായത്ത് അടിസ്ഥാനത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ 3 തസ്തികകൾ കൂടി അനുവദിച്ചാൽ ആയത് പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രാപ്തിയിലെത്തിക്കാൻ പ്രയോജനകരമാകുമെന്നാണ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്.

5.91 സുൽത്താൻ ബത്തേരി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിനു കീഴിൽ 7 ഗ്രാമപഞ്ചായത്ത്, 2 ബ്ലോക്ക് പഞ്ചായത്ത്, ഒരു മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലായി ആകെ 1158 കോളനികളിലായി 58000-ത്തോളം പട്ടികവർഗ്ഗക്കാരുണ്ടെന്നും ടിയാളുകൾക്ക് സേവനം ലഭ്യമാക്കുന്നതിനായി 5 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരാണുള്ളതെന്നും ബത്തേരി താലൂക്കിലെ ദുർഘടമായ പട്ടികവർഗ്ഗ സങ്കേതങ്ങൾ പരിഗണിച്ചാൽ 5 തസ്തികകൾ അപര്യാപ്തമാണെന്നും സുൽത്താൻ ബത്തേരി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിനു കീഴിലുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രവർത്തനപരിധി ജനസംഖാനുപാതികമായി വിഭജിച്ച് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് 2 പുതിയ ട്രൈബൽ

എക്സ്റ്റൻഷൻ ഓഫീസർ തസ്തികകൾ സൃഷ്ടിക്കേണ്ടതാണെന്ന് ഡയറക്ടർ സമർപ്പിച്ച ശുപാർശയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

5.92 മാനന്തവാടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന് കീഴിൽ 6 ഗ്രാമപഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയും നിലവിലുണ്ട്. ടി പഞ്ചായത്തുകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിന് ആകെ 5 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ മാത്രമാണുള്ളത്. പട്ടികവർഗ്ഗ വികസന വകുപ്പിലെ സ്റ്റാഫ് പാറ്റേൺ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ കാര്യത്തിൽ ഈ വകുപ്പ് രൂപീകരിച്ച കാലത്തേതിൽ നിന്നും മാറ്റം വരുത്തിയിട്ടില്ല എങ്കിലും പട്ടികവർഗ്ഗ ജനസംഖ്യ പതിൻമടങ്ങായി വർദ്ധിച്ചിട്ടുണ്ട് എന്നും വകുപ്പിന്റെ പദ്ധതികളുടെ എണ്ണത്തിലെ വർദ്ധനവും ആനുപാതികമായ സൗകര്യക്കുറവും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ ജോലിയെ ഏറെ ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ 2 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികകൾ കൂടി അധികമായി സൃഷ്ടിക്കണമെന്നാണ് ശുപാർശ ചെയ്തിരിക്കുന്നത്.

5.93 വയനാട് ജില്ലയിൽ നിലവിൽ കൽപ്പറ്റ പ്രോജക്ട് ഓഫീസിനു കീഴിൽ കൽപ്പറ്റ, കണിയാമ്പറ്റ, പിണങ്ങോട്, വൈത്തിരി, പടിഞ്ഞാറേത്തറ എന്നീ 5 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളും സുൽത്താൻ ബത്തേരി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിനു കീഴിൽ സുൽത്താൻ ബത്തേരി, പൂതാടി, പുൽപ്പള്ളി, നൂൽപ്പുഴ, ചീങ്ങേരി എന്നീ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളും മാനന്തവാടി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിനു കീഴിൽ മാനന്തവാടി, തവിഞ്ഞാൽ, കുഞ്ഞോം, പനമരം, കാട്ടിക്കുളം എന്നീ 5 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളും ഉൾപ്പെടെ ആകെ 15 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളാണ് നിലവിലുള്ളത്. ഈ ഓഫീസുകളുടെ അധികാരപരിധി പുനർ നിർണ്ണയിച്ച് പുതുതായി 7 എക്സ്റ്റൻഷൻ ഓഫീസുകൾ കൂടി സൃഷ്ടിക്കണമെന്നാണ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്. ഡയറക്ടറുടെ ശുപാർശ പഠനസംഘം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിൽ പട്ടികവർഗ്ഗ ജനസംഖ്യ കൂടുതലാണെന്നതും ആകെ ജനസംഖ്യയുടെ ഗണ്യമായ വിഭാഗം പട്ടികവർഗ്ഗക്കാരാണെന്നതും ശരിയാണെങ്കിലും സംസ്ഥാനത്തെ മറ്റ് പല ജില്ലകളിലേയും പട്ടികവർഗ്ഗക്കാരെ അപേക്ഷിച്ച് ഇവിടുത്തെ പട്ടികവർഗ്ഗ ജനത കൂട്ടമായി ഊരുകളിലും മറ്റ് ഏകീകൃത സ്വഭാവത്തോടെയാണ് ജീവിക്കുന്നത് എന്നതും

പൂർണ്ണമായും പട്ടികവർഗ്ഗക്കാർക്കായി തദ്ദേശസ്ഥാപനങ്ങൾ നിലവിലുണ്ടെന്നതും പൊതുപദ്ധതികളുടെ ഗുണഭോക്താക്കളിൽ വലിയൊരു വിഭാഗവും പട്ടികവർഗ്ഗക്കാരാണെന്നതുമൊക്കെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രവർത്തനം താരതമ്യേന സുഗമമാക്കുന്നതായി കാണാവുന്നതാണ്. ഈ സാഹചര്യത്തിൽ വയനാട് ജില്ലയിൽ പുതുതായി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകത അടിയന്തിരമായി നിലനിൽക്കുന്നില്ല എന്നാണ് പഠനസംഘം വിലയിരുത്തിയിട്ടുള്ളത്. ഏറ്റവും പുതിയ സെൻസസ് കണക്കുകൾ ലഭ്യമായതിനും വകുപ്പിന്റെ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയായതിനും ശേഷം കൂടുതൽ ഓഫീസുകളുടെ ആവശ്യകത നിലനിൽക്കുന്നതായി ബോദ്ധ്യപ്പെട്ടാൽ ഡയറക്ടർക്ക് പുതുക്കിയ ശുപാർശ സമർപ്പിക്കാവുന്നതാണ്.

**<u>കണ്ണൂർ</u>**

5.94 കണ്ണൂർ ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ 36934 ആണ്. കണ്ണൂർ കേന്ദ്രീകരിച്ച് ഒരു പ്രോജക്ട് ഓഫീസും 4 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളുമാണുള്ളത്. പുനരധിവാസ മേഖലകൾ ഏറ്റവും കൂടുതലുള്ള ജില്ലയാണിത്.

5.95 കണ്ണൂർ ജില്ലയിലെ ആറളം പഞ്ചായത്തിലെ ആറളം പുനരധിവാസ മേഖലയിൽ 3385 പട്ടികവർഗ്ഗ കുടുംബങ്ങളെയാണ് പുനരധിവസിപ്പിച്ചിട്ടുള്ളത്. രാജ്യത്തെ തന്നെ ഏറ്റവും വലിയ പുനരധിവാസ മേഖലകളിലൊന്നാണ് ആറളം പുനരധിവാസ മേഖല. നബാർഡ് ധനസഹായം,റ്റി.ആർ.ഡി.എം. പദ്ധതി, വകുപ്പിന്റെ വിവിധ പദ്ധതികൾ എന്നിവ മുഖേന ധാരാളം പദ്ധതികൾ പുനരധിവാസ മേഖലയിൽ നടപ്പിലാക്കുന്നുണ്ട്. താൽക്കാലിക അടിസ്ഥാനത്തിലുള്ള സൈറ്റ് മാനേജരുടെ സേവനം അവസാനിക്കുന്നതോടെ നിലവിലുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ ജോലിഭാരം പതിന്മടങ്ങ് വർദ്ധിക്കുന്നതാണ്. ഇവയൊക്കെ പരിഗണിച്ച് കണ്ണൂർ ജില്ലയിൽ അധികമായി 3 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികകൾ കൂടി സൃഷ്ടിക്കേണ്ടതുണ്ടെന്നാണ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്.

5.96 കണ്ണൂർ ജില്ലയിലെ 11,982 കുടുംബങ്ങളിലായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 41371 പേരുണ്ട്. പണിയ, കുറിച്യ, കരിമ്പാല, മാവിലാൻ, മലവേട്ടുവ സമുദായങ്ങളിലുള്ളവരാണ് ഭൂരിഭാഗവും. ഇവരുടെ ക്ഷേമപ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും നടപ്പാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി വകുപ്പിന്

ജില്ലാടിസ്ഥാനത്തിൽ ഐ.ടി.ഡി.പി. ഓഫീസും കൂത്തുപറമ്പ്, പേരാവൂർ, ഇരിട്ടി, തളിപ്പറമ്പ് ബ്ലോക്ക് ഓഫീസുകളിൽ ഓരോ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസും പ്രവർത്തിക്കുന്നു. ടി.ആർ.ഡി.എം. പ്രവർത്തനങ്ങൾക്കായി 2 സൈറ്റ് മാനേജർമാരും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഒരു എം.ആർ.എസ്, 7 പ്രീമെട്രിക് ഹോസ്റ്റലുകൾ, ഒരു നഴ്സറി സ്കൂൾ, ഒരു ആയുർവ്വേദ ഡിസ്പെൻസറി, ഒരു ആയുർവ്വേദ ആശുപത്രി എന്നിവയും പ്രവർത്തിക്കുന്നുണ്ട്.

5.97 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ ജോലിഭാരം കണക്കിലെടുത്ത് കണ്ണൂർ ജില്ലയിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ 3 അധിക തസ്തികകൾ പുതുതായി സൃഷ്ടിക്കണമെന്ന ഡയറക്ടറുടെ ശുപാർശ പഠനസംഘം വിശദമായി പരിശോധിച്ചു. കണ്ണൂർ ഐ.ടി.ഡി.പി. യുടെ കീഴിൽ നടന്നുവരുന്ന പുനരധിവാസ പദ്ധതിയാണ് ആറളം ഫാമിൽ ഉള്ളത്. കണ്ണൂർ, വയനാട് ജില്ലകളിലുള്ള 3375 ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് 1 ഏക്കർ വീതം ഭൂമി അനുവദിച്ച് അവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പുരധിവാസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. നിലവിൽ 1656 കുടുംബങ്ങൾ സ്ഥിരതാമസമുണ്ടെന്നും 6105 ആണ് ജനസംഖ്യ എന്നും സൈറ്റ് മാനേജർ അറിയിച്ചു. 10 വർഷമായി ആരംഭിച്ച പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തീകരണത്തോടടുക്കുകയാണ്. <u>പുനരധിവാസം പൂർത്തിയാകുമ്പോൾ സൈറ്റ് മാനേജരുടെ പ്രവർത്തനം അവസാനിക്കുന്ന മുറയ്ക്ക് ആറളം ഫാം മേഖലയ്ക്ക് മാത്രമായി ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് അനുവദിക്കേണ്ടതാണെന്ന് പഠനസംഘം ശിപാർശ ചെയ്യുന്നു.</u>

## കാസർഗോഡ്

5.98 കാസർഗോഡ് ജില്ലയിൽ നിലവിൽ 1262 പട്ടികവർഗ്ഗ സങ്കേതങ്ങളുണ്ട്. 21,283 കുടുംബങ്ങളിലായി 83,865 പട്ടികവർഗ്ഗക്കാരുണ്ട്. 2003 വരെ പട്ടികവർഗ്ഗ ജനസംഖ്യ 27,000-വും 2003-നു ശേഷം മാവിലൻ, മലവേട്ടുവൻ എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി മറാഠി വിഭാഗത്തെ ഒഴിവാക്കിയപ്പോൾ പട്ടികവർഗ്ഗ ജനസംഖ്യ 48,000 ആയി ഉയർന്നു. 2013-ൽ മറാഠി വിഭാഗത്തെ വീണ്ടും പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തിയപ്പോൾ പട്ടികവർഗ്ഗ ജനസംഖ്യ 83,865 ആയി. എന്നാൽ ഫീൽഡ്

ഓഫീസായ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളുടെ എണ്ണം ഒന്ന് മാത്രമാണ് വർദ്ധിച്ചത്. 2010-ലെ വർക്ക് സ്റ്റഡിയുടെ അടിസ്ഥാനത്തിലാണ് ഈ ഒരു തസ്തിക അനുവദിച്ചത്. പട്ടികവർഗ്ഗ ജനസംഖ്യയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന വയനാട് ജില്ലയിൽ 1,51,443 ആണ് പട്ടികവർഗ്ഗ ജനസംഖ്യ. വയനാട്ടിൽ 15 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ, 2 ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകൾ, ഒരു പ്രോജക്ട് ഓഫീസ് എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ വയനാട്ടിലെ ജനസംഖ്യയുടെ 55% ജനസംഖ്യയുള്ള കാസർഗോഡ് ജില്ലയിൽ 4 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളും ഒരു ട്രൈബൽ ഡെവലപ്മെന്റ് ഓഫീസും മാത്രമാണ് നിലവിലുള്ളത്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടിയുള്ള പ്രീമെട്രിക് ഹോസ്റ്റലുകളും മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ജനസംഖ്യാനുപാതികമായി കാസർഗോഡ് ജില്ലയിലേക്ക് അനുവദിക്കപ്പെട്ടിട്ടില്ല.

5.99 പട്ടികവർഗ്ഗ വിഭാഗത്തിൽ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള കൊറഗ വിഭാഗക്കാരും മലവേട്ടുവ വിഭാഗക്കാരും കാസർഗോഡ് ജില്ലയിൽ ഉണ്ട്. 530 കുടുംബങ്ങളിലായി 1803 കൊറഗ വിഭാഗക്കാരും 4722 കുടുംബങ്ങളിലായി 18816 മലവേട്ടുവ വിഭാഗക്കാരും ജില്ലയിലുണ്ട്. സാമൂഹ്യപരമായും സാമ്പത്തികമായും ഏറ്റവും പിന്നോക്കം നിൽക്കുന്നവരാണ് കൊറഗരും മലവേട്ടുവരും. മലവേട്ടുവ കോളനികൾ അധികവും സ്ഥിതി ചെയ്യുന്നത് ഉൾപ്രദേശങ്ങളിലാണ്. പോഷകാഹാര കുറവും മാരകങ്ങളായ അസുഖങ്ങളും ഇവർക്കിടയിൽ സാധാരണമാണ്. നിതാന്ത ജാഗ്രതയോടെയുള്ള പ്രവർത്തനം മൂലം മാത്രമേ ഇവരുടെ സ്ഥിതി മെച്ചപ്പെടുത്താനാകൂ. പരപ്പ ബ്ലോക്ക് പഞ്ചായത്തിനകത്താണ് മലവേട്ടുവൻ വിഭാഗക്കാർ അധികമുള്ളത്. ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ 50 ശതമാനത്തിലധികം കേന്ദ്രീകരിച്ചിരിക്കുന്നത് പരപ്പ ബ്ലോക്കിനകത്താണ്. പരപ്പ ബ്ലോക്കിനകത്തെ ഒരാൾ കാസർഗോഡ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ വന്നുപോകണമെങ്കിൽ 200 കിലോമീറ്റർ സഞ്ചരിക്കണം. ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ നിന്നും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിൽ നിന്നും പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്കുള്ള ദൂരം വകുപ്പിന്റെ പ്രവർത്തനത്തെ പലപ്പോഴും ബാധിക്കുന്നുണ്ട്. ജീവനക്കാരുടെ ആത്മാർത്ഥമായ പരിശ്രമം കൊണ്ട് മാത്രമാണ് ഈ പ്രശ്നം ഒരു പരിധി വരെ അതിജീവിക്കുന്നത്.

5.100 കാസർഗോഡ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിനു കീഴിൽ നിലവിൽ കാസർഗോഡ്, പനത്തടി, എൻമകജെ, നീലേശ്വരം എന്നീ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളാണുള്ളത്. ഈ ഓഫീസുകളുടെ അധികാരപരിധി പുനർനിർണ്ണയിച്ച് പരപ്പ, കാറഡുക്ക, മഞ്ചേശ്വരം എന്നിങ്ങനെ 3 ഓഫീസുകൾ പുതുതായി അനുവദിക്കേണ്ടതുണ്ടെന്നാണ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്. ഡയറക്ടറുടെ ശുപാർശ ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട ഓഫീസുകൾ സന്ദർശിച്ചും മറ്റ് മാർഗ്ഗങ്ങൾ ഉപയോഗിച്ചും കാസർഗോഡിന്റെ സാഹചര്യത്തെ അടിസ്ഥാനമാക്കി വിശദമായി പരിശോധിച്ചു.

5.101 1984-ൽ രൂപം കൊണ്ട കാസർഗോഡ് ജില്ല വികസന പ്രവർത്തനങ്ങളിൽ മറ്റ് ജില്ലകളെ അപേക്ഷിച്ച് വളരെ പിറകിലാണ്. ഈയൊരു സാഹചര്യം ജില്ലയിലെ പട്ടികവർഗ്ഗ മേഖലയിലും പ്രകടമാണ്. പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്കായി 1986-ൽ തന്നെ കാസർഗോഡ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് പ്രവർത്തനം ആരംഭിച്ചിരുന്നു. കൊറഗർ, മറാട്ടി, മലകുടിയ, മലയരയ എന്നീ സമുദായങ്ങളായിരുന്നു 2002 വരെ ജില്ലയിലെ പട്ടികവർഗ്ഗക്കാർ. ഭൂരിഭാഗവും ഭാഷാന്യൂനപക്ഷവും പഴയ കാസർഗോഡ് (നിലവിലെ മഞ്ചേശ്വരം) താലൂക്കിൽ താമസിക്കുന്നവരുമായിരുന്നു. അന്ന് ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ 29000 മാത്രമായിരുന്നു. 2003-ൽ കേന്ദ്രസർക്കാർ പട്ടികവർഗ്ഗ ലിസ്റ്റിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. അതോടെ ജില്ലയിലെ മറാട്ടി വിഭാഗം പട്ടികവർഗ്ഗക്കാരുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുകയും പകരം പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ജില്ലയിലെ രണ്ട് പ്രബല സമുദായങ്ങളായ മാവിലരും, മലവേട്ടുവരും പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തപ്പെടുകയും ചെയ്തു. ഇതിനെ തുടർന്ന് ജില്ലയിലെ പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ കിലയുടെ മേൽനോട്ടത്തിൽ 2008-ൽ പൂർത്തീകരിച്ച പട്ടികവർഗ്ഗ സർവ്വെ, പട്ടികവർഗ്ഗ വികസന വകുപ്പ് 2013-ൽ പ്രസിദ്ധീകരിച്ച സോഷ്യോ-ഇക്കണോമിക് സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ പ്രകാരം കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ 47791 ആണ്. തുടർന്ന് 2013-ൽ നടന്ന ഭരണഘടനാ ഭേദഗതി പ്രകാരം മുൻപ് പട്ടികവർഗ്ഗ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ട മറാട്ടി സമുദായം വീണ്ടും ഉൾപ്പെടുത്തപ്പെട്ടതോടെ ജില്ലയിലെ

പട്ടികവർഗ്ഗ ജനസംഖ്യയിൽ 43%-ന്റെ വലിയ വർദ്ധനവ് ഉണ്ടാകുകയും ജനസംഖ്യ 83865 ആയി ഉയരുകയും ചെയ്തു. 2011-ലെ സോഷ്യോ-ഇക്കണോമിക് സർവ്വെ പ്രകാരം 11798 പട്ടികവർഗ്ഗ കുടുംബങ്ങളാണ് ജില്ലയിലുണ്ടായിരുന്നതെങ്കിൽ 2013-ൽ മറാട്ടികൾ ഉൾപ്പെടുത്തപ്പെട്ടതോടെ അത് 21283 ആയി വർദ്ധിച്ചിട്ടുണ്ട്. 1986-ൽ ഓഫീസ് പ്രവർത്തനമാരംഭിച്ച ഘട്ടത്തിൽ കാസർഗോഡ് താലൂക്കിലെ 11 ഗ്രാമപഞ്ചായത്തുകളിലും ഹോസ്ദുർഗ് താലൂക്കിലെ പനത്തടി, കള്ളാർ, എന്നീ ഗ്രാമപഞ്ചായത്തുകളിലെ ചുരുക്കം ചില മേഖലകളിലും മാത്രമുണ്ടായിരുന്ന പട്ടികവർഗ്ഗ ജനസംഖ്യ ഇന്ന് ജില്ലയിലെ 38 ഗ്രാമപഞ്ചായത്തുകളിൽ 33 എണ്ണത്തിലും 3 മുനിസിപ്പാലിറ്റികളിലും വ്യാപിച്ചിട്ടുണ്ട്. കൂടാതെ ജില്ലയിലെ പട്ടികവർഗ്ഗ ഊരുകളുടെ എണ്ണം 612-ൽ നിന്നും 1262 ആയി വർദ്ധിച്ചിട്ടുമുണ്ട്.

5.102 നിലവിൽ പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി നടത്തിവരുന്ന ഓൺലൈൻ സോഷ്യോ-ഇക്കണോമിക് സർവ്വെ പൂർത്തിയാകുന്നതോടെ പട്ടികവർഗ്ഗക്കാരുടെ എണ്ണത്തിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടാകാൻ സാദ്ധ്യതയുണ്ട്.

5.103 വകുപ്പിലെ ഫീൽഡ്തല ഉദ്യോഗസ്ഥനായ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ ഫീൽഡ്തല പരിശോധന ആവശ്യമുള്ള പ്രൊജക്ടുകളാണ് ഇവയിൽ 90%-വും. പട്ടികവർഗ്ഗ മേഖലയുമായി നിരന്തരം ബന്ധം പുലർത്തുന്നതിന് കോളനി സന്ദർശനം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ ജോലിയുടെ ഭാഗമാണ്. എന്നാൽ ജില്ലയിലെ 4 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്കും 250-ൽ അധികം കോളനികളുടെ ചുമതലയുണ്ട്. കൂടാതെ ഇവരുടെ പ്രവർത്തനപരിധി ഒന്നിലധികം ബ്ലോക്കുകളിൽ വ്യാപിച്ചുകിടക്കുന്നതിനാൽ പ്രസ്തുത ബ്ലോക്ക് പഞ്ചായത്തുകളുടെയെല്ലാം ടി.എസ്.പി. പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ കൂടിയാണ് നിലവിൽ ജില്ലയിലെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ. നീലേശ്വരം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് നീലേശ്വരം, കാഞ്ഞങ്ങാട് ബ്ലോക്കുകൾക്ക് പുറമെ നീലേശ്വരം മുനിസിപ്പാലിറ്റിയുടെയും കാസർഗോഡ് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് കാസർഗോഡ്, കാറഡുക്ക ബ്ലോക്കുകൾക്ക് പുറമെ കാസർഗോഡ് മുനിസിപ്പാലിറ്റിയുടെയും പദ്ധതി നിർവ്വഹണ ചുമതലയുണ്ട്. ഓരോ മാസത്തിലും ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒന്നിലധികം തവണ നടക്കുന്ന

സ്റ്റാൻഡിംഗ് കമ്മിറ്റി മീറ്റിംഗ്, ഭരണസമിതി യോഗം, പ്ലാൻ മോണിറ്ററിംഗ് കമ്മിറ്റി യോഗം, പ്ലാൻ റിവ്യൂ മീറ്റിംഗ് എന്നിവയ്ക്കായി തന്നെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രവൃത്തിദിനങ്ങളുടെ പകുതിയിലധികം സമയവും നഷ്ടപ്പെടുന്നു. ഇതു കൂടാതെ എല്ലാ ബുധനാഴ്ചകളിലും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിൽ വിളിച്ചു ചേർക്കുന്ന പ്രൊമോട്ടർമാരുടെ മീറ്റിംഗ്, ജില്ലാ ഓഫീസർ വിളിച്ചു ചേർക്കുന്ന വിവിധ മീറ്റിംഗുകൾ താലൂക്ക് വികസന സമിതി, വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ, വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനും മോണിട്ടറിംഗിനുമായി വിളിച്ചു ചേർക്കുന്ന യോഗങ്ങൾ എന്നിവയിലും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നിർബന്ധമായും പങ്കെടുക്കേണ്ടിവരുന്നു. ഫലത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ പ്രാഥമികമായി ചെയ്യേണ്ട കോളനി സന്ദർശനത്തിന് സമയം ലഭ്യമല്ലാതെ പോകുന്നു. ഇത് പട്ടികവർഗ്ഗ മേഖലയിലെ യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ പോകുന്നതിനിടയാക്കുന്നു. കോളനികളിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ സാന്നിദ്ധ്യവും സേവനവും ആവശ്യമായി വരുന്ന അടിയന്തിര ഘട്ടങ്ങളിൽ പോലും ആയത് ലഭിക്കാതെ പോകുന്നു. വലിയ ഭൂവിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന 250-ലധികം കോളനികളുടെ ചുമതലയുള്ള ഒരാൾക്ക് ഒരേ സമയം ഇത്രയധികം യോഗങ്ങളിൽ പങ്കെടുക്കുകയും, കോളനികൾ സന്ദർശിച്ച് പ്രശ്നപരിഹാരം സാദ്ധ്യമാക്കുകയും ചെയ്യാൻ കഴിയാതെ പോകുന്നു. ഇത് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ സേവനം പട്ടികവർഗ്ഗ മേഖലകളിൽ പൂർണ്ണമായും ലഭിക്കാതെ പോകുന്നതിനും വകുപ്പിന് അപകീർത്തിയുണ്ടാക്കുന്നതരം വാർത്തകൾ മാദ്ധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നതിനും ഇടയാക്കുന്നു.

5.104 പട്ടികവർഗ്ഗ വിഭാഗത്തിൽ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള കൊറഗ വിഭാഗവും മലവേട്ടുവ വിഭാഗവും കാസർഗോഡ് ജില്ലയിലാണ്. 630 കുടുംബങ്ങളിലായി 1803 കൊറഗ വിഭാഗക്കാരും 4722 കുടുംബങ്ങളിലായി 18816 മലവേട്ടുവ വിഭാഗക്കാരും ജില്ലയിലുണ്ട്. സാമൂഹികമായും വിദ്യാഭ്യാസപരമായും, ആരോഗ്യപരമായും ഏറ്റവും പിന്നോക്കം നിൽക്കുന്ന ഈ വിഭാഗത്തിന്റെ സാക്ഷരത, ആയുർദൈർഘ്യം എന്നിവ മറ്റ് പട്ടികവർഗ്ഗ വിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ പിറകിലാണ്. മലവേട്ടുവ കോളനികളെല്ലാം സ്ഥിതി ചെയ്യുന്നത് അതിദുർഘടമായ ഉൾപ്രദേശങ്ങളിലോ വനത്തിനോട് ചേർന്നോ ആണ്.

പൊതുഗതാഗത സൗകര്യം തീരെയില്ലാത്ത ഈ മേഖലകളിൽ പോഷകാഹാരക്കുറവും മാരകമായ അസുഖങ്ങളും സാധാരണമാണ്. ചിട്ടയായ പ്രവർത്തനം മൂലം മാത്രമേ ഇവരുടെ സ്ഥിതി മെച്ചപ്പെടുത്താൻ കഴിയൂ. പരപ്പ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലാണ് മലവേട്ടുവ വിഭാഗം കൂടുതലായി താമസിച്ചു വരുന്നത്. മാത്രമല്ല ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ 50 ശതമാനത്തിലധികവും കേന്ദ്രീകരിച്ചിരിക്കുന്നത് പരപ്പ ബ്ലോക്കിനകത്താണ്.

5.105 ഈ സാഹചര്യത്തിൽ കാസർഗോഡ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിനു കീഴിൽ പരപ്പ ആസ്ഥാനമാക്കി ഒരു പുതിയ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് സൃഷ്ടിക്കണമെന്ന് പഠനസംഘം ശുപാർശ ചെയ്യുന്നു.

**ആറളം ഫാം, ആലപ്പുഴ, കാസർഗോഡ് ജില്ലയിലെ പരപ്പ എന്നിവിടങ്ങളിൽ പുതിയ ഡവലപ്പ്മെന്റ് ഓഫീസുകൾ ആരംഭിയ്ക്കുന്നതിനുള്ള ഡയറക്ടറുടെ ശുപാർശ.**

**ആറളം ഫാം**

5.106 കണ്ണൂർ ജില്ലയിലെ ആറളം കേന്ദ്രീകരിച്ച് 3385 കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്. ടി മേഖലയിൽ NABARD ധനസഹായം, റ്റി.ആർ.ഡി.എം.,, വകുപ്പിന്റെ വിവിധ ഫണ്ടുകൾ എന്നിവ മുഖേന ധാരാളം വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. നിലവിൽ റ്റി.ആർ.ഡി.എം. പദ്ധതിയുടെ ഭാഗമായുള്ള ഒരു താൽക്കാലിക സൈറ്റ് മാനേജർ തസ്തിക മാത്രമാണ് ആറളത്ത് ഉള്ളത്. രാജ്യത്തെ തന്നെ ഏറ്റവും വലിയ പട്ടികവർഗ്ഗ പുനരധിവാസ മേഖലകളിലൊന്നായ ആറളത്ത് നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ ലക്ഷ്യം കാണുന്നതിന് ഒരു ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ് ഉണ്ടാകേണ്ടത് അനിവാര്യമാണ്. ആറളം മേഖലയും കണ്ണൂർ പ്രോജക്ട് ഓഫീസുമായുള്ള ദൂരവ്യത്യാസം പദ്ധതികൾ നടപ്പിലാക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. കണ്ണൂർ ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ 36934 ആണ്. കണ്ണൂർ ഐ.റ്റി.ഡി.പി. ഓഫീസിലെ അധികാര പരിധി വിഭജിച്ച് ആറളം കേന്ദ്രീകരിച്ച് ഒരു പുതിയ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ് ആരംഭിയ്ക്കാവുന്നതാണ്. ടി ഓഫീസിന്റെ പരിധിയിൽ പേരാവൂർ, ആറളം, കേളകം, കണിച്ചാർ, പായം, അയ്യംകുന്ന്, കൊട്ടിയൂർ

പഞ്ചായത്തുകൾ ഉൾപ്പെടുത്താവുന്നതാണ് എന്നും ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

5.107 ആറളം ഫാം കേന്ദ്രീകരിച്ച് ഒരു പുതിയ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ് അനുവദിക്കണം എന്ന ഡയറക്ടറുടെ ശുപാർശ വിശദമായി പരിശോധിച്ചു. ആറളം ഫാമിൽ നടന്നുവരുന്ന പുനരധിവാസ പദ്ധതികളുടെ പൂർത്തീകരണത്തോടുകൂടി മാത്രമേ ഫാമിൽ സ്ഥിരതാമസമാക്കുന്ന പട്ടികവർഗ്ഗ ജനസംഖ്യയുടെ കണക്ക് കൃത്യമായി ലഭ്യമാവുകയുള്ളൂ. പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തായാകുന്ന മുറയ്ക്ക് നിലവിലുള്ള സൈറ്റ് മാനേജർ തസ്തിക ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് ആക്കി മാറ്റുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. കണ്ണൂർ ട്രൈബൽ ഡവലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർക്ക് ഫലപ്രദമായ മേൽനോട്ടവും ഭരണനിർവ്വഹണവും വഹിക്കാൻ സാദ്ധ്യമാകുന്ന രീതിയിലാണ് ഓഫീസുകളുടേയും ജനസംഖ്യയുടേയും സ്ഥാപനങ്ങളുടേയും വിന്യാസം നിലവിലുള്ളത്. ഈ സാഹചര്യത്തിൽ ആറളം ഫാം കേന്ദ്രീകരിച്ച് ഒരു ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ് രൂപീകരിക്കണമെന്ന ഡയറക്ടറുടെ ശുപാർശ പരിഗണിക്കേണ്ടതുണ്ടെന്ന് കാണുന്നില്ല.

**<u>ആലപ്പുഴ</u>**

5.108 നിലവിൽ കൊല്ലം, ആലപ്പുഴ ജില്ലകളിലെ പട്ടികവർഗ്ഗ പദ്ധതികൾ നടപ്പിലാക്കുന്നതിന് കൊല്ലം ജില്ലയിലെ പുനലൂർ കേന്ദ്രീകരിച്ച് ഒരു ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് മാത്രമാണ് പ്രവർത്തിക്കുന്നത്. ആലപ്പുഴ ജില്ലയിൽ 12 ബ്ലോക്കുകളിൽപ്പെട്ട 72 പഞ്ചായത്തുകളിലും മൂന്ന് മുനിസിപ്പാലിറ്റികളിലുമായാണ് പട്ടികവർഗ്ഗക്കാർ അധിവസിക്കുന്നത്. ജില്ലയിലെ പട്ടികവർഗ്ഗ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആലപ്പുഴ കേന്ദ്രമാക്കി ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മാത്രമാണുള്ളത്. അടിയന്തിര ചികിത്സാ ധനസഹായം, മറ്റ് സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും ജില്ലാതല ഓഫീസ് മുഖേന പരിഹാരം കാണേണ്ട ആവശ്യങ്ങൾക്കും ആലപ്പുഴ ജില്ലയിലെ പട്ടികവർഗ്ഗ ഗുണഭോക്താക്കൾ 150 കിലോമീറ്റർ സഞ്ചരിച്ച് പുനലൂർ ഉള്ള ജില്ലാ ഓഫീസിൽ എത്തേണ്ടതായിട്ടുണ്ട്. ആയത് സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗക്കാർക്ക്

വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. കൂടാതെ കൊല്ലം, ആലപ്പുഴ ജില്ലാ പഞ്ചായത്തുകളുടെ റ്റി.എസ്സ്.പി. പദ്ധതികളുടെ നിർവ്വഹണം, വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ, ടി ജില്ലകളിലെ കളക്ടർമാർ, ജില്ലാ പോലീസ് സൂപ്രണ്ട്, പ്ലാനിംഗ് ഓഫീസർമാർ എന്നിവർ വിളിച്ചു ചേർക്കുന്ന മീറ്റിംഗുകൾ, ഫീൽഡ്തല പരിശോധന എന്നിവ ജില്ലാ ഓഫീസർ എന്ന നിലയിൽ പുനലൂർ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർക്ക് കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകുവാൻ സാധിക്കുന്നില്ല. ഒരേസമയം വിളിച്ചുചേർക്കുന്ന മീറ്റിംഗുകളിൽ ജില്ലാതലത്തിൽ പങ്കെടുക്കുന്നതിന് ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർമാർക്ക് സാദ്ധ്യമാകാത്ത ഒരു അവസ്ഥയാണുള്ളത്. ആയതിനാൽ നിലവിലുള്ള ഓഫീസിന്റെ അധികാരപരിധി ജില്ലാതലത്തിൽ വിഭജിക്കേണ്ടത് വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണെന്നും ആലപ്പുഴ ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനും പട്ടികവർഗ്ഗ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും സംസ്ഥാനത്ത് പട്ടികവർഗ്ഗ ജില്ലാ ഓഫീസ് നിലവിലില്ലാത്ത ആലപ്പുഴ കേന്ദ്രീകരിച്ച് ഒരു ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ് ആരംഭിയ്ക്കേണ്ടത് അനിവാര്യമാണ് എന്നുമാണ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്.

5.109 പഠനസംഘം ഡയറക്ടറുടെ ശിപാർശ വിശദമായി പരിശോധിയ്ക്കുകയുണ്ടായി. സംസ്ഥാനത്ത് പട്ടികവർഗ്ഗ ജനസംഖ്യ എറ്റവും കുറവായ ജില്ലയായ ആലപ്പുഴയിൽ ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസാണ് ഉള്ളത്. ഈ ജില്ലയിൽ പ്രത്യേക ശ്രദ്ധ വേണ്ട പ്രാക്തന ഗോത്രക്കാർ ഇല്ല. പുനലൂർ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസറാണ് നിലവിൽ ആലപ്പുഴ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ ഭരണപരമായ മേൽനോട്ടം വഹിച്ചുവരുന്നത്. ജില്ലാതല യോഗങ്ങളിൽ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ പങ്കെടുക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതായും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

5.110 ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് മാത്രമുള്ളതും താരതമ്യേന ജനസംഖ്യാനുപാതം വളരെ കുറഞ്ഞതുമായ ആലപ്പുഴ ജില്ലയ്ക്ക് മാത്രമായി ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ് അനുവദിയ്ക്കുക എന്നത് പ്രായോഗികമല്ല. വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം വഴി ഗുണഭോക്താക്കൾ നേരിട്ട് ഓഫീസിലെത്തേണ്ട അവസ്ഥ ഒഴിവാക്കാവുന്നതാണ്. <u>ആലപ്പുഴ ജില്ലയിൽ ട്രൈബൽ</u>

ഡവലപ്പ്മെന്റ് ഓഫീസ് ഇല്ലാത്ത സാഹചര്യത്തിൽ എല്ലാ ജില്ലാതല യോഗങ്ങളിലും വകുപ്പിനെ പ്രതിനിധീകരിക്കുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

**പരപ്പ**

5.111 പട്ടികവർഗ്ഗ വിഭാഗത്തിൽ പുതുതായി മറാഠി വിഭാഗക്കാരെ ഉൾപ്പെടുത്തിയതുൾപ്പെടെയുള്ള കാരണങ്ങളാൽ ജോലിഭാരം വളരെയധികം വർദ്ധിച്ച കാസർഗോഡ് ജില്ലയിൽ നിലവിലുള്ള ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസിന് പുറമേ പരപ്പ കേന്ദ്രമാക്കി ഒരു ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ് കൂടി അനുവദിയ്ക്കണമെന്ന് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു. പഠനസംഘം ഇക്കാര്യത്തിൽ വിശദമായ പരിശോധന നടത്തുകയുണ്ടായി.

5.112 വയനാട് ജില്ല കഴിഞ്ഞാൽ നിലവിൽ ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ ജനസംഖ്യയുള്ള ജില്ലയാണ് കാസർഗോഡ്. 1262 ഊരുകളിലായി 21283 പട്ടികവർഗ്ഗ കുടുംബങ്ങളുള്ള കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ 83865 ആണ്. കാസർഗോഡ് ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസിന്റെ ആവിർഭാവം മുതൽ 2003 വരെ 30,000-ൽ താഴെ മാത്രമായിരുന്നു പട്ടികവർഗ്ഗ ജനസംഖ്യ. ഇതിൽ അന്നത്തെ ഹോസ്ദുർഗ് താലൂക്കിൽ അവിഭക്ത പനത്തടി പഞ്ചായത്തിൽ മാത്രമേ പട്ടികവർഗ്ഗക്കാരുണ്ടായിരുന്നുള്ളൂ. എന്നാൽ 2002-ലെ പട്ടികവർഗ്ഗ ലിസ്റ്റ് ഭേദഗതിയെ തുടർന്ന് 28,000-ഓളം മറാഠി വിഭാഗക്കാർ പട്ടികവർഗ്ഗക്കാരല്ലാതാവുകയും പകരമായി 42,000-ഓളം മാവിലൻ, മലവേട്ടുവ വിഭാഗക്കാർ പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെടുകയും ചെയ്തു. ഇവരാകട്ടെ പഴയ ഹോസ്ദുർഗ് താലൂക്കിന്റെ (നിലവിൽ ഹോസ്ദുർഗ്, വെള്ളരിക്കുണ്ട് താലൂക്കുകൾ) തെക്കൻ ഭാഗങ്ങൾ ഒഴിച്ചുള്ള എല്ലാ പഞ്ചായത്തുകളിലുമായി വ്യാപിക്കുകയും ചെയ്തു. കൂടാതെ 2013-ൽ മറാഠി വിഭാഗക്കാരെ വീണ്ടും പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തിയതോടെ പട്ടികവർഗ്ഗക്കാരുടെ എണ്ണം ജില്ലയിൽ വളരെയധികം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

5.113 നേരത്തെ കാസർഗോഡ്, ഹോസ്ദുർഗ് എന്നീ 2 താലൂക്കുകളും, കാസർഗോഡ്, മഞ്ചേശ്വരം, കാഞ്ഞങ്ങാട് നീലേശ്വരം എന്നീ 4 ബ്ലോക്കുകളും ആണ്

ജില്ലയിൽ ഉണ്ടായിരുന്നത്. 2010-ന് ശേഷം മഞ്ചേശ്വരം, വെള്ളരിക്കുണ്ട് എന്നീ താലൂക്കുകളും, കാറഡുക്ക, പരപ്പ എന്നീ ബ്ലോക്കുകളും രൂപീകൃതമായി. കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ 50%-ൽ കൂടുതലും പരപ്പ ബ്ലോക്ക് പ്രദേശം മുഴുവനായും ഉൾക്കൊള്ളുന്ന വെള്ളരിക്കുണ്ട് താലൂക്കിലാണ്. ഈ പ്രദേശത്തുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്നെല്ലാം ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന കാസർഗോഡ് കാസർഗോഡ് ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസിൽ എത്തണമെങ്കിൽ 2 മുതൽ 3.5 മണിക്കൂർ റോഡ് യാത്ര ചെയ്യേണ്ടതുണ്ട്.

5.114 പരപ്പ ബ്ലോക്കിൽ ഉൾപ്പെടുന്ന പ്രധാന പട്ടികവർഗ്ഗ വിഭാഗങ്ങളായ മാവിലൻ, മലവേട്ടുവൻ എന്നീ വിഭാഗക്കാർ ഒന്നര പതിറ്റാണ്ടുവരെ പട്ടികജാതിയിൽ ഉൾപ്പെട്ടവരായിരുന്നു. ആ പിന്നോക്കാവസ്ഥ പരിഗണിച്ചാണ് അവരെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തിയത്. അതുകൊണ്ടുതന്നെ സർക്കാരുദ്യോഗം, കൈവശഭൂമി, കൃഷിഭൂമി എന്നീ കാര്യങ്ങളിലെല്ലാം ഈ പ്രദേശത്തുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾ താരതമ്യേന പിറകിലാണ്. ആശ്രിതത്വം കൂടുതലായി ഇവരിൽ കണ്ടുവരുന്നു.

5.115 കാസർഗോഡ് ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ് ആരംഭിച്ചപ്പോൾ 2 പ്രീമെട്രിക് ഹോസ്റ്റലുകൾ മാത്രമുണ്ടായിരുന്ന ജില്ലയിൽ ഇപ്പോൾ 4 പ്രീമെട്രിക് ഹോസ്റ്റലുകളും ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റലും, 2 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിച്ചുവരുന്നു. കേന്ദ്ര സർക്കാർ കേരളത്തിന് അനുവദിച്ച ഏകലവ്യ സ്പോർട്ട്സ് എം.ആർ.എസ്സ് പരപ്പയിൽ ഉൾപ്പെടുന്ന കരിന്തളം വില്ലേജിൽ 10 ഏക്കർ സ്ഥലത്ത് അടുത്ത അദ്ധ്യയന വർഷം മുതൽ പ്രവർത്തനം ആരംഭിയ്ക്കും. കരിന്തളത്ത് സർക്കാർ ഭൂമി ലഭ്യമാണ് എന്നതിനാൽ വകുപ്പി ന്റെ ആഭിമുഖ്യത്തിൽ മോഡൽ റസിഡൻഷ്യൽ കോളേജ്, പോളിടെക്നിക് എന്നിവയും സമീപ ഭാവിയിൽ ആരംഭിയ്ക്കുവാൻ സാദ്ധ്യതയുണ്ട്.

5.116 പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി രൂപീകരിച്ച ട്രൈബൽ റീസെറ്റിൽമെന്റ് ആന്റ് ഡെവലപ്പ്മെന്റ് മിഷൻ (റ്റി.ആർ.ഡി.എം)-ന് കീഴിൽ കുടുംബങ്ങളെ പുനരധിവസിപ്പിച്ചതും, സുപ്രീംകോടതി വിധിപ്രകാരം കാസർഗോഡ് ജില്ലയിലെ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തതും പരപ്പ ബ്ലോക്കിൽപ്പെട്ട പഞ്ചായത്തുകളിലാണ്.

5.117 വകുപ്പ് മുഖേന ഭൂമി വാങ്ങി വിതരണം ചെയ്യുന്ന 'ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതി പ്രകാരം 200 പേർക്കും ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 69 പേർക്കും ജില്ലയിൽ ഭൂമി അനുവദിച്ചതിൽ 250 പേരും പരപ്പ ബ്ലോക്ക് പ്രദേശത്താണ്. ഇവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് പരപ്പ കേന്ദ്രീകരിച്ച് ആഫീസ് അത്യന്താപേക്ഷിതമാണ്.

5.118 നിലവിൽ സംസ്ഥാനത്ത് വയനാട് ജില്ല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ റ്റി.എസ്സ്.പി. വിഹിതം ലഭിക്കുന്നത് കാസർഗോഡ് ജില്ലയ്ക്കാണ്. 2020-21 വർഷത്തിൽ 2616.39 ലക്ഷം രൂപ ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് റ്റി.എസ്സ്.പി. വിഹിതമായി ലഭിക്കുന്നതാണ്. ഇതിൽ 1093.63 ലക്ഷം രൂപയും പരപ്പ ബ്ലോക്ക് പഞ്ചായത്തിനും ബ്ലോക്ക് പരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകൾക്കുമാണ് വകയിരുത്തിയിട്ടുള്ളത്. പനത്തടി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ആണ് പരപ്പ ബ്ലോക്ക് പഞ്ചായത്ത്, കള്ളാർ ഗ്രാമ പഞ്ചായത്ത് എന്നിവയുടെ റ്റി.എസ്സ്.പി. നിർവ്വഹണ ഉദ്യോഗസ്ഥൻ. പട്ടികവർഗ്ഗ ജനസംഖ്യയ്ക്ക് ആനുപാതികമായ റ്റി.എസ്സ്.പി. വിഹിതം ലഭിക്കാത്തതിനാൽ ഓരോ വർഷവും എസ്സ്.സി.പി. വിഹിതത്തിൽ നിന്നും മലവേട്ടുവ ജനസംഖ്യയ്ക്ക് ആനുപാതികമായി ഒരു വിഹിതവും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ചെലവഴിച്ചുവരുന്നുണ്ട്. കാസർഗോഡ് ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർക്ക് ഇത് ഏറെ ജോലിഭാരം സൃഷ്ടിക്കുന്നുണ്ട്.

5.119 നിലവിൽ ഈ പ്രവർത്തനങ്ങൾക്കെല്ലാം ചുക്കാൻ പിടിക്കുന്നത് കാസർഗോഡ് ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസറാണ്. ജില്ലാ ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന ഈ ഓഫീസിൽ നിന്നും കർണ്ണാടക അതിർത്തിയോട് ചേർന്നുകിടക്കുന്ന കോളനികളിൽ എത്തിച്ചേരാനും കോളനിക്കാർക്ക് ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസിൽ എത്തിച്ചേരാനും ദൂരക്കൂടുതൽ പ്രയാസമുണ്ടാക്കുന്നു. വകുപ്പിന്റെ കീഴിലുള്ള 150-ഓളം എസ്സ്.റ്റി.പ്രൊമോട്ടർമാരുടെ പ്രതിമാസ യോഗങ്ങൾ, സാമൂഹ്യപഠനമുറി ഫെസിലിറ്റേറ്റർമാർ തുടങ്ങിയവരുടെ യോഗങ്ങൾ ഇവയെല്ലാം ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ നേരിട്ട് മോണിട്ടർ ചെയ്യേണ്ടതുണ്ട്. കൂടുതൽ സാമൂഹ്യപഠനമുറികൾ, മെന്റർ ടീച്ചർ സംവിധാനങ്ങൾ എന്നിവ വരുന്നതോടുകൂടി കൂടുതൽ കാര്യക്ഷമമായി ഈ പ്രവൃത്തികൾ ഏകോപിപ്പിക്കേണ്ടതുണ്ട്. ജില്ലാ ആസ്ഥാനത്തുള്ള ഓഫീസ് എന്നതിനാൽ പല യോഗങ്ങളിലും പങ്കെടുക്കേണ്ടതിനാൽ

ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർക്ക് ഫീൽഡ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ സമയം ലഭിക്കാറില്ല. ആഫീസ് ഭരണനിർവ്വഹണ ചുമതലയുള്ള അസിസ്റ്റന്റ് ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർക്കാകട്ടെ കൊറഗ വിഭാഗത്തിൽപ്പെട്ട മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ ഭരണ ചുമതല കൂടി നിർവ്വഹിക്കാനുണ്ട്.

5.120 മേൽ പ്രസ്താവിച്ച വസ്തുതകൾ കണക്കിലെടുക്കുമ്പോൾ <u>പരപ്പ ആസ്ഥാനമാക്കി ഒരു ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ് അനുവദിയ്ക്കണമെന്ന ഡയറക്ടറുടെ ശുപാർശ അനുകൂലമായി പരിഗണിക്കാവുന്നതാണെന്ന് കാണുന്നു. പരപ്പ ട്രൈബൽ ഓഫീസിൽ താഴെ പറയും പ്രകാരം തസ്തികകൾ സൃഷ്ടിക്കാവുന്നതാണ്.</u>

ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ -1

| | | |
|---|---|---|
| സീനിയർ സൂപ്രണ്ട് | -1 | (പട്ടികവർഗ്ഗവികസന വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയെ സീനിയർ സൂപ്രണ്ട് തസ്തികയാക്കി മാറ്റി നിയമിക്കാവുന്നതാണ്.) |
| ക്ലാർക്ക് | - 3 or 2 | (കാസർഗോഡ് ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസിൽ നിലവിലുള്ള ജോലിഭാരം കുറയുന്നതിനാൽ ക്ലാർക്ക് തസ്തിക ഇവിടെനിന്നും മാറ്റി നിയമിക്കാവുന്നതാണ്) |
| ഓഫീസ് അറ്റൻഡന്റ് | -1 | (3 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ ഉള്ള മറ്റേതെങ്കിലും ഓഫീസിൽ നിന്നും പുനർവിന്യസിക്കാവുന്നതാണ്.) |

## അധ്യായം 6
## ക്ഷേമസ്ഥാപനങ്ങൾ
## (Welfare Institutions)

6.1 സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായി വളരെയധികം പിന്നോക്കം നിൽക്കുന്നതും ചൂഷണങ്ങളെ ചെറുത്തുനിൽക്കുന്നതിന് താരതമ്യേന കഴിവുകുറഞ്ഞതുമായ നിഷ്കളങ്ക ജനവിഭാഗമായ പട്ടികവർഗ്ഗക്കാർക്ക് ആശ്രയവും അവരെ ശാക്തീകരിക്കുന്നതിന് സുപ്രധാന പങ്ക് വഹിക്കുന്നവയുമാണ് വകുപ്പ് നേരിട്ട് നടത്തുന്ന ക്ഷേമസ്ഥാപനങ്ങൾ. പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് നടത്തുന്ന ക്ഷേമസ്ഥാപനങ്ങളിൽ പ്രധാനമായവ താഴെ കൊടുക്കുന്നു.

1. പ്രീമെട്രിക് ഹോസ്റ്റലുകൾ
2. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ
3. മോഡൽ റസിഡൻഷ്യൽ സ്കൂൾ
4. ഏകാദ്ധ്യാപക വിദ്യാലയങ്ങൾ
5. പെരിപ്പതെറ്റിക് സെന്ററുകൾ
6. കിന്റർ ഗാർട്ടനുകൾ
7. ബാലവാടി/വികാസ് വാടികൾ
8. ബാലവിജ്ഞാന കേന്ദ്രങ്ങൾ
9. അഗതി മന്ദിരങ്ങൾ
10. മിഡ് വൈഫറി സെന്ററുകൾ
11. ആയുർവ്വേദ ഡിസ്പെൻസറികൾ
12. ആയുർവ്വേദ ആശുപത്രികൾ
13. മൊബൈൽ മെഡിക്കൽ യൂണിറ്റ്
14. ഒ.പി. ക്ലിനിക്കുകൾ

6.2 ഇവ കൂടാതെ ഉല്പാദന പരിശീലന കേന്ദ്രം, മാതൃകാ ക്ഷേമ പരിശീലന കേന്ദ്രം, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്/വി.റ്റി.സി, ക്രാഫ്റ്റ് സെന്റർ, തയ്യൽ പരിശീലന കേന്ദ്രം, ടെയിലറിംഗ് സ്കൂൾ, ടെയിലറിംഗ് ആന്റ് ഗാർമെന്റ്സ് മേക്കിംഗ്

ട്രെയിനിംഗ് സെന്റർ, ആരോഗ്യ വകുപ്പിന് കൈമാറിയ ഒരു അലോപ്പതി ആശുപത്രി തുടങ്ങിയവയും വകുപ്പിന് കീഴിൽ നടത്തിവരുന്നു.

**<u>പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ</u>**

6.3 ദുർഘടമായ വനപ്രദേശങ്ങളിലും മറ്റ് പ്രതികൂല സാഹചര്യങ്ങളിലുമുള്ള ഊരുകളിൽ വസിക്കുന്ന ആദിവാസി വിഭാഗത്തിലെ കുട്ടികൾക്ക് സ്കൂൾ പഠനം പലപ്പോഴും ഒരു മരീചിക മാത്രമായി മാറുന്ന അവസ്ഥ നിലവിലുണ്ട്. വനത്തിനുള്ളിലൂടെ കാട്ടുമൃഗങ്ങളുടെ ആക്രമണ ഭീഷണിയും മറ്റ് ദുർഘടമായ സാഹചര്യങ്ങളും തരണം ചെയ്ത് കിലോമീറ്ററുകൾ ദിവസവും സഞ്ചരിച്ച് വിദ്യാഭ്യാസം നേടുക എന്ന വെല്ലുവിളി സ്വീകരിക്കാൻ കഴിയാത്തതു കാരണം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ പഠനം സാദ്ധ്യമാവാത്ത സാഹചര്യം നിലനിന്നിരുന്നു. മാത്രമല്ല, അക്ഷരാഭ്യാസം പോലും ഇല്ലാത്തവരായ മാതാപിതാക്കൾക്കും മറ്റ് രക്ഷാകർത്താക്കൾക്കും കുട്ടിയുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ ശ്രദ്ധിയ്ക്കുവാനോ അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനോ കഴിയാത്ത അവസ്ഥയാണുള്ളത്. ഈ സാഹചര്യത്തിൽ കുട്ടി വളരെ ചെറിയ പ്രായത്തിൽത്തന്നെ അവനവകാശപ്പെട്ട ആരോഗ്യ, വിദ്യാഭ്യാസ അവകാശങ്ങൾ നിഷേധിയ്ക്കപ്പെട്ട് ആഹാരസമ്പാദനത്തിന് ഇറങ്ങിത്തിരിയ്ക്കുവാൻ നിർബന്ധിതനാകുന്നു. ഈ അവസ്ഥയ്ക്ക് ഒരു മാറ്റമുണ്ടാക്കി പുതിയ തലമുറയെ പൊതുസമൂഹത്തിന് ലഭിയ്ക്കുന്ന അവകാശങ്ങൾ ലഭ്യമാക്കി മെച്ചപ്പെട്ട ജീവിതം നയിക്കുവാൻ പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടെ പൊതുവിദ്യാലയങ്ങളിൽ കുട്ടികളെ ചേർത്ത് പഠിപ്പിക്കുകയും അവർക്കാവശ്യമായ മറ്റെല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കി അവരെ പാർപ്പിക്കുന്നതിന് ലക്ഷ്യമിട്ടാണ് പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ സൃഷ്ടിക്കപ്പെട്ടത്.

6.4 കാലങ്ങളായി അനുഭവിച്ചുവന്ന ചൂഷണങ്ങളും സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥയും പൊതുസമൂഹവുമായി ഇടപഴകുവാനുള്ള മാനസികമായ ഉൾവലിയലുമുൾപ്പെടെ നിലനിൽക്കുന്ന ഒരു ജനസമൂഹത്തിൽ ഗുണപരമായ മാറ്റങ്ങളുണ്ടാക്കാനുള്ള പരിശ്രമമാണ് ഈ വകുപ്പ് നടത്തിവരുന്നത്. ഒരു മനുഷ്യസമൂഹത്തെ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള ശ്രമത്തിന് ഏറ്റവും

പ്രധാനമാണ് അതിന്റെ പുതുതലമുറയുടെ രൂപീകരണം. വളരെ ചെറിയ പ്രായത്തിൽ വകുപ്പിന്റെ കൈത്താങ്ങോടെ ജീവിതം തുടങ്ങുന്ന കുട്ടിയുടെ വ്യക്തിത്വത്തിന്റെ സമഗ്ര രൂപീകരണം ഉണ്ടാകുന്ന വർഷങ്ങൾ മുഴുവൻ കുട്ടി വകുപ്പിന്റെ സ്ഥാപനങ്ങളിലാണ് ചെലവഴിക്കുന്നത്. ഒരു തലമുറയെ മൊത്തം സ്വാധീനിക്കുന്ന ഈ പ്രക്രിയയുടെ വിജയപരാജയങ്ങളാണ് ഈ വകുപ്പ് നടത്തുന്ന മുഴുവൻ പ്രവർത്തനങ്ങളുടേയും വിജയത്തിന് അടിസ്ഥാനമായിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഹോസ്റ്റലുകൾ, സ്കൂളുകൾ എന്നിവയുടെ നടത്തിപ്പിന് ഏറ്റവും കാര്യക്ഷമമായ ഭരണസംവിധാനം നിലവിലുണ്ടാകേണ്ടത് അത്യാവശ്യമാണ്.

6.5 പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് നടത്തുന്ന 105 പ്രീമെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുമാണ് നിലവിലുള്ളത്. താഴെ പറയുംപ്രകാരമാണ് ഹോസ്റ്റലുകളുടെ അനുവദിയ്ക്കപ്പെട്ട സ്റ്റാഫ് പാറ്റേൺ.

| പ്രീമെട്രിക് | പോസ്റ്റ് മെട്രിക് |
|---|---|
| വാർഡൻ -1 | സ്റ്റ്യുവാഡ് - 1 |
| വാച്ച്മാൻ - 2 | സെക്യൂരിറ്റി ഗാർഡ് - 1 |
| ആയ - 1 | കുക്ക് - 1 |
| കുക്ക് - 2 | ഹെൽപ്പർ - 1 |
| പാർട്ട് ടൈം സ്വീപ്പർ- 1 | പാർട്ട് ടൈം സ്വീപ്പർ- 1 |

6.6 പ്രവൃത്തിപഠനത്തിന്റെ ഭാഗമായി ഏതാനും ഹോസ്റ്റലുകൾ നേരിട്ട് സന്ദർശിച്ച് ജീവനക്കാർ, അന്തേവാസികൾ എന്നിവരുമായി സംവദിയ്ക്കുകയും ഹോസ്റ്റലിന്റെ പ്രവർത്തനം വിശദമായ പഠനത്തിന് വിധേയമാക്കുകയുമുണ്ടായി. ഇതു കൂടാതെ ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർമാർ, ജില്ലാതല ഓഫീസർമാർ എന്നിവരുമായും മറ്റ് സീനിയർ ഓഫീസർമാരുമായും, പ്രൊമോട്ടർമാർ, ഊരുനിവാസികൾ, മൂപ്പൻമാർ എന്നിവരുമായും ക്ഷേമസ്ഥാപനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായുകയുണ്ടായിട്ടുണ്ട്.ആയതിന്റെ വെളിച്ചത്തിൽ ഹോസ്റ്റലുകളുടെ നടത്തിപ്പ് സംബന്ധിച്ച് താഴെ പറയുന്ന നിഗമനത്തിൽ എത്തിച്ചേർന്നിട്ടുണ്ട്.

6.7 വകുപ്പിൽ പി.എസ്.സി-യിൽ നിന്ന് നിയമനം കിട്ടി വരുന്ന പുതിയ ക്ലാർക്കുമാരെയാണ് വാർഡൻ തസ്തികയിൽ നിയമിക്കുന്നത്. ഹോസ്റ്റലിന്റെ പൂർണ്ണ അധികാരിയാണ് വാർഡൻ. മറ്റ് ജീവനക്കാരായ കുക്കമാർ, വാച്ച്മാൻമാർ, പാർട്ട്ടൈം സ്വീപ്പർമാർ ഇവരുടെ നേതൃപരമായ ചുമതലകൾ വഹിക്കൽ, കുട്ടികൾക്ക് ട്യൂഷൻ നൽകാനായുള്ള ട്യൂട്ടർമാരുടെ നിയന്ത്രണവും ഏകോപനവും, ഹോസ്റ്റൽ സംബന്ധമായ എല്ലാ കാര്യങ്ങളുടെയും മുഖ്യ ചുമതല, സാധനങ്ങളുടെ പർച്ചേസ്, വിതരണം എന്നിവ, ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, മറ്റ് എല്ലാ രജിസ്റ്ററുകളുടെയും ചുമതല തുടങ്ങിയ സുപ്രധാന ചുമതലകൾ കൂടാതെ കുട്ടികളുടെ രക്ഷാകർത്താവായാണ് ഔദ്യോഗികമായും വ്യക്തിപരമായും വാർഡൻ പ്രവർത്തിയ്ക്കുന്നത്. വാർഡന്റെ പ്രവർത്തനം ഹോസ്റ്റലിന്റെ കാര്യക്ഷമമായ നടത്തിപ്പിനും വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഗുണപരമായ പൂർത്തീകരണത്തിനും കാരണമാകുന്നു എന്ന് മാത്രമല്ല ഹോസ്റ്റലിൽ ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠിയ്ക്കുന്ന വിദ്യാർത്ഥികളുടെ വ്യക്തിത്വ രൂപീകരണത്തിനും ഭാവിജിവിതത്തിനും അടിത്തറപാകുന്നതാണ് എന്നതിനാൽ പ്രസ്തുത തസ്തിക എത്രമാത്രം പ്രാധാന്യമർഹിക്കുന്നതാണ് എന്ന് കാണാവുന്നതാണ്.

6.8 പഠനസംഘം നേരിട്ട് സംവദിച്ച എൽ.ഡി. ക്ലാർക്കുമാരായ വാർഡൻമാർ നിരവധി പരാതികൾ ഉന്നയിച്ചിരുന്നു. എൽ.ഡി. ക്ലാർക്ക് എന്ന 10 മണി മുതൽ 5 മണി വരെ പ്രവൃത്തിസമയം ഉള്ള ഓഫീസ് ജോലിക്ക് തെരഞ്ഞെടുക്കപ്പെട്ട തങ്ങളെ യാതൊരുവിധ മുൻപരിചയമോ അഭിരുചിയോ ഇല്ലാത്ത, 24 മണിക്കൂർ പ്രവൃത്തിസമയം ഉള്ള, വളരെയധികം ഉത്തരവാദിത്വവും പ്രത്യേക നൈപുണ്യവും ആവശ്യമായ, സ്ഥാപന മേധാവികളായി നിയമിക്കുന്നു എന്നത് സ്ഥാപനത്തിന്റെ നടത്തിപ്പിന്റെ ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുമെന്നും അതിശക്തമായ മാനസിക സമ്മർദ്ദത്തിലേക്ക് തങ്ങളെ തള്ളിവിടുന്നതാണെന്നും അവർ ചൂണ്ടിക്കാണിക്കുകയുണ്ടായി. ആയത് പൂർണ്ണമായും ശരിയാണെന്ന് പഠനസംഘത്തിന് ബോദ്ധ്യമായിട്ടുണ്ട്. ഇക്കാര്യം ചൂണ്ടിക്കാണിച്ച് കോടതിയെ സമീപിച്ച ഉദ്യോഗസ്ഥർക്ക് പുതുതായി നിയമിക്കപ്പെടുന്നവരെ വാർഡൻ ആയി നേരിട്ട് നിയമിക്കരുതെന്നും എൽ.ഡി. ക്ലാർക്ക് തസ്തികയിലുള്ള ട്രാൻസ്ഫർ നിയമനമായി മാത്രമേ വാർഡൻ തസ്തികയിൽ നിയമിക്കാൻ പാടുള്ളൂ എന്ന അനുകൂല

ഉത്തരവ് ലഭിച്ചെങ്കിലും ആയത് സാങ്കേതികമായി പാലിക്കുന്നതിന് മാത്രമായി നാമമാത്ര ദിവസങ്ങളിൽ ജില്ലാ ഓഫീസുകളിൽ എൽ.ഡി. ക്ലാർക്ക് ആയി നിയമിക്കുകയും തുടർന്ന് വാർഡൻ ആയി മാറ്റി നിയമിക്കുകയാണെന്നും പുതുതായി എൽ.ഡി. ക്ലാർക്ക് നിയമനം ലഭിച്ച ഉദ്യോഗസ്ഥനെ സമാനമായി നിയമിക്കുന്നതുവരെ തങ്ങൾ വാർഡൻ തസ്തികയിൽ തുടരേണ്ടതായി വരുന്നുവെന്നും ഉദ്യോഗസ്ഥർ ചൂണ്ടിക്കാണിച്ചു.

6.9 പഠനസംഘം ഇക്കാര്യം വിശദമായി പരിശോധിച്ചു. മുമ്പ് ചൂണ്ടിക്കാണിച്ചതുപോലെ വാർഡൻ തസ്തിക വിവിധങ്ങളായ മാനങ്ങളുള്ള (multidimensional) സുപ്രധാന തസ്തികയാണ്. ചെറിയ കുട്ടികൾ മുതൽ +2 വരെയുള്ള കുട്ടികളുടെ സകലകാര്യങ്ങളിലും മേൽനോട്ടം വഹിക്കുകയും അവർക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കേണ്ടതുമായ വാർഡൻ തസ്തികയിൽ നിയമിക്കപ്പെടുന്നവരുടെ മനോഭാവം, സാഹചര്യങ്ങളോട് ഇണങ്ങിച്ചേരുന്നതിനും നേതൃത്വപരമായ പങ്ക് വഹിക്കുന്നതിനുമുള്ള പാടവം, കുട്ടികളോടുള്ള മന:ശാസ്ത്രപരമായ സമീപനത്തിനുള്ള പരിശീലനം എന്നിവയ്ക്ക് സുപ്രധാന സ്ഥാനമാണുള്ളത്. എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്ന ഒരാൾ മറ്റ് മാർഗ്ഗങ്ങളില്ലാതെ വാർഡൻ തസ്തികയിൽ ജോലി നോക്കേണ്ടിവരികയും ആഗ്രഹിക്കാതെയും ചെയ്യുമ്പോൾ ആയവ പ്രതീക്ഷിക്കുവാൻ കഴിയില്ല. ഈ സാഹചര്യം മറികടക്കുന്നതിനും സ്ഥാപനങ്ങളുടെ മികച്ച രീതിയിലുള്ള നടത്തിപ്പിനും ഇനി വരുന്ന തലമുറകളോടുള്ള ബാദ്ധ്യത നിറവേറ്റുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പിൽ ഹോസ്റ്റലുകളിലുള്ള വാർഡൻ തസ്തികയിലേക്ക് പ്രത്യേക റിക്രൂട്ട്മെന്റ് നടത്തേണ്ടതാണ്. സ്പെഷ്യൽ റൂൾ പരിഷ്കരണം വരെ വാർഡൻ തസ്തികയിൽ പ്രത്യേക റിക്രൂട്ട്മെന്റാണ് നടന്നിരുന്നത് എന്നത് ഇത്തരുണത്തിൽ പ്രസക്തമാണ്. <u>വാർഡൻ തസ്തിക എൽ.ഡി. ക്ലാർക്ക് തസ്തികയുടെ ട്രാൻസ്ഫർ തസ്തികയാക്കിയത് ഒരു തരത്തിലും ന്യായീകരിക്കാവുന്നതല്ല. വകുപ്പിലെ മുഴുവൻ പ്രീമെട്രിക് ഹോസ്റ്റലുകളിലേക്കും വാർഡൻ തസ്തികയിൽ പ്രത്യേകമായ നിയമനം സംസ്ഥാനതലത്തിൽ നടത്താവുന്നതോ നിലവിലുള്ള എൽ.ഡി. ക്ലാർക്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികളിൽ നിന്നും പ്രീമെട്രിക് ഹോസ്റ്റൽ വാർഡൻ തസ്തികയിൽ നിയമിക്കപ്പെടുന്നതിനുള്ള സമ്മതപത്രം സ്വീകരിച്ച് അവയിൽ നിയമിക്കുന്നതിന്</u>

പി.എസ്.സി.യോട് ആവശ്യപ്പെടാവുന്നതോ ആണ്. തെരഞ്ഞെടുക്കപ്പെട്ടുന്നവർക്ക് അടിസ്ഥാന പരിശീലനം നൽകി ഹോസ്റ്റലുകളിൽ നിയമിക്കാവുന്നതും നിശ്ചിത ഇടവേളകളിൽ അവർക്ക് Child psychology, ഗോത്രവിഭാഗം കുട്ടികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന രീതി തുടങ്ങിയവയിൽ പ്രത്യേക പരിശീലനം നൽകേണ്ടതാണ്. ഇപ്രകാരം സ്ഥിരമായി വാർഡൻ തസ്തിക ഉണ്ടാകുന്നതു കാരണം കുട്ടികളുടെ ബുദ്ധിപരവും മാനസികവുമായ വികസനത്തിന് 'കുട്ടിയെ അറിഞ്ഞുകൊണ്ട്' സഹായമാകുന്ന രീതിയിൽ വാർഡന് പ്രവർത്തിക്കുന്നതിന് കഴിയും.

6.10 വാർഡൻ തസ്തികയിൽ നിയമിതനാകുന്ന ഒരാൾ സർവ്വീസ് കാലയളവ് മുഴുവൻ വാർഡനായി തുടരുന്ന അവസ്ഥ ഉണ്ടാകാൻ പാടില്ല. സ്പെഷ്യൽ റൂൾ പരിഷ്കരണത്തിന് മുൻപുണ്ടായിരുന്നതുപോലെ പ്രീമെട്രിക് ഹോസ്റ്റൽ വാർഡൻ എന്ന എൽ.ഡി. ക്ലാർക്ക് സ്കെയിലിൽ ഉള്ള entry cadre തസ്തികയിൽ 1:1 എന്ന അനുപാതത്തിൽ ഹയർ ഗ്രേഡ് നൽകാവുന്നതും പോസ്റ്റ്മെട്രിക് ഹോസ്റ്റൽ വാർഡൻ/അഗതി മന്ദിരത്തിലെ വാർഡൻ തുടങ്ങിയവ next level promotion തസ്തികയായും MRS Manager എന്ന നിലവിലെ ജൂനിയർ സൂപ്രണ്ടിന് തുല്യമായ തസ്തിക മുൻപുണ്ടായിരുന്നതു പോലെ Senior Warden-ന്റെ പ്രൊമോഷൻ തസ്തികയുമായി നിശ്ചയിക്കേണ്ടതാണ്. ഇത് എത്രയുംവേഗം നടപ്പിലാക്കേണ്ടതും നിലവിൽ വകുപ്പിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് താൽപ്പര്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വാർഡൻ തസ്തികയിലേക്ക് മാറുന്നതിന് അവസരം കൊടുക്കാവുന്നതുമാണ്.

6.11 വാർഡൻ തസ്തികയിലേക്ക് നേരിട്ട് നിയമനം നടത്തുമ്പോൾ ഹോസ്റ്റലുകളിലെ വാച്ച്മാൻ, വകുപ്പിലെ മറ്റ് ലാസ്റ്റ്ഗ്രേഡ് തസ്തികകളിൽ ജോലി നോക്കുന്നവർ എന്നിവർക്ക് നിശ്ചിത ശതമാനം ഒഴിവുകൾ മാറ്റിവെക്കാവുന്നതാണ്.

6.12 നേരിട്ടുള്ള നിയമനത്തിൽ വകുപ്പിലെ ഹോസ്റ്റലുകളിലോ സമാനമായ സ്ഥാപനങ്ങളിലോ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് ജോലി പരിചയത്തിന്റെ അടിസ്ഥാനത്തിൽ വെയിറ്റേജ് അനുവദിക്കാവുന്നതാണ്.

6.13 കൂടാതെ ഹോസ്റ്റലുകളുടെ കാര്യക്ഷമമായ നടത്തിപ്പ് സംബന്ധിച്ച് താഴെ പറയുന്ന ശുപാർശകൾ കൂടി പരിഗണിക്കേണ്ടതാണ്.

(i) പട്ടികജാതി വികസന വകുപ്പിലെ ഹോസ്റ്റലുകളിൽ കുക്കുമാരുടെ അനുപാതം 20

കുട്ടികൾക്ക് ഒരു കുക്ക് എന്നാണെന്നും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഹോസ്റ്റലുകൾക്കും പ്രസ്തുത അനുപാതം അനുവദിയ്ക്കേണ്ടതാണെന്നും കുക്ക് തസ്തികയിൽ ജോലി ചെയ്യുന്നവർ അഭ്യർത്ഥിക്കുകയുണ്ടായി. ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കേണ്ടതാണ്. 60 കുട്ടികൾക്ക് മുകളിൽ കുട്ടികളുടെ എണ്ണം കൂടുമ്പോൾ കരാർ വ്യവസ്ഥയിൽ കുക്കുമാരെ നിയമിക്കുന്നതിന് 20:1 എന്ന അനുപാതം അടിയന്തിരമായി നടപ്പിൽ വരുത്താൻ ഡയറക്ടർ നടപടി സ്വീകരിക്കുന്നത് ഉചിതമാണെന്ന് കാണുന്നു.

(ii) ഹോസ്റ്റലുകളിൽ നിലവിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. ആയത് വർദ്ധിപ്പിക്കണമെന്നും ഫുൾ ടൈം സ്വീപ്പർ തസ്തിക അനുവദിക്കേണ്ടതാണെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. Sweeping area-യുടെ അടിസ്ഥാനത്തിൽ ധനവകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പാർട്ട് ടൈം സ്വീപ്പർ തസ്തിക അധികമായി ആവശ്യമുള്ളപക്ഷം ആയതിന് ബന്ധപ്പെട്ട അധികാരികൾ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഹോസ്റ്റലുകളിൽ കുട്ടികൾ ഭക്ഷണം കഴിക്കുന്നതിനു മുൻപും അതിനു ശേഷവും വൃത്തിയാക്കുകയും, ബാത്ത് റൂമുകൾ, കിച്ചൻ തുടങ്ങിയവ പലതവണ വൃത്തിയാക്കേണ്ടി വരികയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ ഫുൾ ടൈം സ്വീപ്പർ തസ്തിക അനുവദിക്കണമെന്ന ആവശ്യം ന്യായമാണെന്ന് പഠനസംഘത്തിന് ബോദ്ധ്യമായിട്ടുണ്ട്. എല്ലാ ഹോസ്റ്റലുകളിലും ഒരു ഫുൾ ടൈം സ്വീപ്പർ തസ്തിക അനുവദിയ്ക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു.

**മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**

6.14 പട്ടികവർഗ്ഗക്കാരായ കുട്ടികളുടെ വിദ്യാഭ്യാസത്തിന് സർക്കാർ നൽകുന്ന മുന്തിയ പരിഗണനയുടെ ഭാഗമായി വകുപ്പ് വിവിധങ്ങളായ പദ്ധതികൾ വിദ്യാഭ്യാസ മേഖലയിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ദുർഘടമായ ഊരുകളിൽ വസിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി ഊരിനോടനുബന്ധിച്ചുതന്നെ ഏകാദ്ധ്യാപക വിദ്യാലയം തുടങ്ങിയവ ചെറിയ കുട്ടികളെ ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്നുണ്ടെങ്കിലും നിയതവും പൊതുധാരയിലുള്ളതുമായ സാമ്പ്രദായിക വിദ്യാഭ്യാസം നൽകി അവരെ

പൊതുസമൂഹത്തിൽ മെച്ചപ്പെട്ട രീതിയിൽ ജീവിയ്ക്കാൻ പ്രാപ്തരാക്കുന്നതിന്റെ ഭാഗമായാണ് ഹോസ്റ്റലുകളിൽ പാർപ്പിച്ച് പൊതുവിദ്യാലയങ്ങളിൽ ചേർത്ത് വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ അഥവാ MRS-കളുടെ സ്ഥാപനവും നടത്തിപ്പും ആസൂത്രണം ചെയ്തിട്ടുള്ളത്. പൂർണ്ണമായും റസിഡൻഷ്യൽ സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളാണ് പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കു മാത്രമായി നിലവിൽ വകുപ്പിനു കീഴിലുള്ളത്. വകുപ്പിനു കീഴിലെ ഏക CBSE Syllubus-ൽ ഉള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ തിരുവനന്തപുരം ജില്ലയിലെ ഞാറനീലിയിൽ പ്രവർത്തിയ്ക്കുന്നു. പ്രാക്തന ഗോത്രവിഭാഗങ്ങളായ കാട്ടുനായ്ക്കർ, കൊറഗർ, പണിയർ തുടങ്ങിയവർക്കായി പ്രത്യേക MRS-കളും നിലവിലുണ്ട്.

6.15 തെരഞ്ഞെടുത്ത മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പഠനസംഘം സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തുകയും ജീവനക്കാരുടേയും വിദ്യാർത്ഥികളുടേയും സ്ഥാപന മേധാവികളുടേയും മറ്റ് കൺട്രോളിംഗ് ഓഫീസർമാരുടേയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയുമുണ്ടായി. ആയതിന്റെ വെളിച്ചത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

(i) പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികളെ മാത്രമാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രവേശിപ്പിക്കുന്നത്. തിരുനെല്ലി MRS പോലുള്ള ചില സ്ഥാപനങ്ങൾ പട്ടികവർഗ്ഗത്തിനുള്ളിലെ തന്നെ പ്രത്യേക ശ്രദ്ധ വേണ്ട ഏറ്റവും പിന്നാക്കം നിൽക്കുന്ന പ്രാക്തന ഗോത്രവിഭാഗത്തിനായി മാത്രം പ്രത്യേകമായും പ്രവർത്തിയ്ക്കുന്നു. പ്രൈമറി ക്ലാസ്സുകളിൽത്തന്നെ MRS-ൽ പ്രവേശിപ്പിക്കപ്പെടുന്ന കുട്ടി സ്കൂൾ വിദ്യാഭ്യാസകാലം മുഴുവൻ Plus Two വരെ) MRS-നുള്ളിൽ തന്നെ കഴിച്ചുകൂട്ടുന്നു. പൊതുസമൂഹത്തിലെ സമപ്രായക്കാരുമായോ മറ്റ് ജനങ്ങളുമായോ ബന്ധപ്പെടുന്നതിന് താരതമ്യേന ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്നതും സ്കൂൾ വളപ്പിന് പുറത്തേക്ക് പോകാൻ അനുവാദമില്ലാത്തതുമായ MRS വിദ്യാർത്ഥികൾക്ക് അവസരം പരിമിതമാണ്. ഇപ്രകാരമുള്ള സാമൂഹ്യ ഒറ്റപ്പെടൽ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം പൊതുസമൂഹത്തിലെ ഇടപെടലിന് കുട്ടികളെ എങ്ങനെ ബാധിയ്ക്കുന്നുവെന്നത് വിശദമായ പഠനവിധേയമാക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസത്തിനു പ്രവേശനം

നേടുന്ന പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകലിന് ഒരു പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത് പൊതുസമൂഹവുമായി ഇണങ്ങിച്ചേരുന്നതിനുള്ള ബുദ്ധിമുട്ടാണ്. ഇത് കുട്ടികളുടെ ആത്മവിശ്വാസത്തിനെ ബാധിക്കുന്നതായും കാണുന്നു. എന്നിരുന്നാലും മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഉള്ളതുകൊണ്ടുമാത്രം വിദ്യാഭ്യാസം നേടാൻ കഴിഞ്ഞവരാണ് മിക്ക വിദ്യാർത്ഥികളും എന്നത് കണക്കിലെടുക്കുമ്പോൾ മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പ്രാധാന്യം വ്യക്തമാണ്. ഈ സാഹചര്യത്തിൽ MRS വിദ്യാർത്ഥികൾക്ക് പൊതുവിദ്യാലയങ്ങളിൽ സഹവാസ ക്യാമ്പുകൾ, student exchange programmes, കുട്ടികൾക്കാവശ്യമായ motivational trainings, ഹൈസ്കൂൾ Plus Two ക്ലാസ്സുകളിൽ bridge course-കൾ തുടങ്ങിയവ നടത്തുന്നത് മുകളിൽ സൂചിപ്പിച്ച പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരമായിരിക്കുമെന്ന് കാണുന്നു.

(ii) MRS-കളുടെ ഭരണകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് Senior Superintendent ഉം ഹോസ്റ്റൽ വാർഡന്റെ ചുമതലകൾക്ക് തത്തുല്യമായ ചുമതലകളുമായി Junior Superintendent-ന്റെ തസ്തികയിലുള്ളയാളെ മാനേജർ തസ്തികയിൽ മാറ്റി നിയമിക്കുകയുമാണ് ചെയ്തു വരുന്നത്. ഹോസ്റ്റൽ വാർഡന്റെ തസ്തിക LDC transfer post ആയതിന്റെ വീഴ്ചകൾ ചൂണ്ടിക്കാണിച്ചിരുന്നതുപോലെ തന്നെയാണ് മാനേജർ തസ്തികയിൽ Junior Superintendent നെ നിയമിക്കുന്നതും. ഓഫീസ് ഭരണം നിർവ്വഹിക്കുന്നതിന് Senior Superintendent നിലവിലുണ്ട്. പൂർണ്ണമായും MRS ഹോസ്റ്റലിന്റെ ഭരണച്ചുമതലയും purchase, distribution, ഹോസ്റ്റൽ ജീവനക്കാരുടെ മേൽനോട്ടം, കുട്ടികളുടെ രക്ഷാകർതൃസ്ഥാനം തുടങ്ങിയവയാണ് മാനേജർ നിർവ്വഹിക്കുന്നത്. ഹോസ്റ്റൽ വാർഡന് തുല്യവും അതിലധികവും ഉത്തരവാദിത്തമുള്ള മാനേജർ ചുമതല നിർവ്വഹിക്കുന്നതിന് വാർഡൻ തസ്തികയിലെ തൊഴിൽ പരിചയവും പരിശീലനവും നൈപുണ്യവും അത്യാവശ്യമാണ്. ഈ സാഹചര്യത്തിൽ MRS-ലെ മാനേജർ തസ്തിക നേരിട്ട് നിയമിക്കപ്പെടുന്ന വാർഡൻമാരിലെ അടുത്ത ലവൽ പ്രൊമോഷൻ തസ്തികയായ ഹെഡ് ക്ലാർക്കിന് തുല്യമായ സീനിയർ വാർഡൻമാരിൽ നിന്നുമുള്ള പ്രൊമോഷൻ തസ്തികയായി മാറ്റേണ്ടതാണ്.

6.16 പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ

നിയമിക്കപ്പെടുന്നവരോ അവർ ലഭ്യമല്ലെങ്കിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവരോ ആണ് MRS-കളിൽ അദ്ധ്യാപകരായി ജോലി ചെയ്തുവരുന്നത്. ഡെപ്യൂട്ടേഷനിൽ വരുന്ന അദ്ധ്യാപകർക്ക് മേൽ പട്ടികവർഗ്ഗ വികസന വകുപ്പിന് നിയന്ത്രണങ്ങൾ വളരെ പരിമിതമാണ്. ഇത് അദ്ധ്യയന നിലവാരത്തെ ദോഷകരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ ക്യാമ്പസുകളിൽ തന്നെ താമസിച്ച് പഠിപ്പിക്കുകയും കുട്ടികളുടെ പഠന, പാഠ്യേതര പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശകരായി പ്രവർത്തിക്കേണ്ടവരുമാണ് MRS- അദ്ധ്യാപകർ. അവരുടെ മേൽ വകുപ്പിന് ഭരണപരമായുള്ള നിയന്ത്രണങ്ങളുടെ അഭാവം അവരുടെ മുഴുവൻ സമയ സേവനം ലഭിക്കുന്നതിന് പലപ്പോഴും തടസ്സം നിൽക്കുന്നുണ്ട്. മാത്രമല്ല പഠനം ഒരു തുടർ പ്രവർത്തനമായിരിക്കുന്ന സാഹചര്യത്തിൽ ഡെപ്യൂട്ടേഷനിൽ വരുന്ന അദ്ധ്യാപകരുടെ യഥാസമയത്തുള്ള നിയമനത്തിലെ ബുദ്ധിമുട്ടുകളും തുടർ സേവനത്തിൽ ഉണ്ടാകുന്ന തടസ്സങ്ങളും പഠനത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്നുണ്ട്. MRS-ലെ വിദ്യാർത്ഥികൾ പൂർണ്ണമായും ആദിവാസി ഗോത്രവിഭാഗങ്ങളിൽ പെടുന്നവരും വലിയ വിഭാഗം പ്രത്യേക ശ്രദ്ധ വേണ്ട ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രാക്തന വിഭാഗക്കാരിൽ നിന്നുള്ളവരാണെന്നുമുള്ള വസ്തുത കണക്കിലെടുക്കുമ്പോൾ ഇവരെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകേണ്ടത് അത്യാവശ്യമാണെന്ന് കാണുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ചെറിയ കാലയളവിലേക്ക് ഡെപ്യൂട്ടേഷനിൽ വരുന്ന അദ്ധ്യാപകർക്ക് സവിശേഷ സാഹചര്യങ്ങളിൽനിന്നും വരുന്ന കുട്ടികൾക്ക് അനുയോജ്യമായ രീതിയിൽ പഠന പ്രവർത്തനം ക്രമീകരിക്കുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നതായി കണ്ടുവരുന്നു. അവർ സാഹചര്യങ്ങളോട് ഇഴുകിച്ചേരുമ്പോഴേക്കും ഡെപ്യൂട്ടേഷൻ കാലാവധി അവസാനിക്കുകയും ചെയ്യും. ആത്യന്തികമായി ഇതിന്റെ ദോഷവശങ്ങൾ അദ്ധ്യയന നിലവാരത്തെ ബാധിയ്ക്കുകയും കുട്ടികളെ വിപരീതമായി സ്വാധീനിക്കുകയും ചെയ്യുന്നു. ഈ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും <u>മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ വിഭാവനം ചെയ്തിരിക്കുന്ന പൂർണ്ണമായ അർത്ഥത്തിൽ പ്രവർത്തനം കേന്ദ്രീകരിക്കുന്നതിനുമായി MRS-കളിലെ അദ്ധ്യാപക തസ്തിക വകുപ്പിന്റെ കീഴിൽ സൃഷ്ടിക്കേണ്ടതാണ്. ഡെപ്യൂട്ടേഷനിൽ വരുന്ന അദ്ധ്യാപകർക്ക് വകുപ്പിന്റെ ഫണ്ടിൽ നിന്നാണ് ശമ്പളം നൽകിവരുന്നത് എന്നതിനാൽ ഇക്കാര്യത്തിൽ യാതൊരുവിധ</u>

സാമ്പത്തികബാദ്ധ്യതയും ഉണ്ടാകുന്നതല്ല. തത്സംബന്ധമായ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിന് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്. പൊതുവിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപക നിയമനത്തിന് പി.എസ്.സി. തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളുടെ സമ്മതപത്രം വാങ്ങി നിയമനം നടത്താവുന്നതാണ്. വകുപ്പിലെ യോഗ്യരായ ജീവനക്കാർക്ക് അദ്ധ്യാപക നിയമനത്തിൽ നിശ്ചിത ശതമാനം സീറ്റുകൾ നീക്കിവയ്ക്കാവുന്നതുമാണ് .

6.17 തിരുവനന്തപുരം ജില്ലയിലെ ഞാറനീലിയിൽ വകുപ്പിലെ ഏക CBSE MRS പ്രവർത്തിക്കുന്നു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് മികച്ച നിലയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിൽ പ്രവേശനം നൽകിവരുന്നത്. നിലവിൽ ഇവിടെ 10 മാസത്തെ കരാർ അടിസ്ഥാനത്തിലാണ് അദ്ധ്യാപകരെ നിയമിക്കുന്നത്. ഇത് ഒട്ടും ആശാസ്യമല്ല. പഠനത്തിന്റെ തുടർച്ചാനുഭവത്തിനും വിദ്യാർത്ഥികളെ അറിഞ്ഞ് അദ്ധ്യയന പ്രവർത്തനം നടത്തുന്നതിനും ഇപ്രകാരമുള്ള നിയമനം വിഘാതമാണ്. ഇവിടെയും അദ്ധ്യാപകരുടെ നേരിട്ടുള്ള നിയമനത്തിന് നടപടി സ്വീകരിക്കേണ്ടതാണ്.

6.18 നേരിട്ടുള്ള സ്ഥിരനിയമനം നടത്തുന്നതുവരെ കുറഞ്ഞത് 5 വർഷത്തേക്കെങ്കിലുമുള്ള കരാർ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയോഗിക്കുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു.

6.19 MRS-നെ സംബന്ധിച്ച് വിദ്യാർത്ഥികളും പ്രൊമോട്ടർമാരും ഉന്നതാധികാരികളും ശ്രദ്ധയിൽപ്പെടുത്തിയ ഒരു പ്രധാനകാര്യം MRS-കളിൽ +2 തലത്തിൽ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് വിഷയങ്ങൾക്ക് ബാച്ച് അനുവദിക്കുന്നില്ല എന്നതാണ്. ഈ കാരണം കൊണ്ട് പലപ്പോഴും അഭിരുചിയോ താൽപ്പര്യമോ ഇല്ലാത്ത കുട്ടികൾ സയൻസ് വിഷയങ്ങൾ പഠിക്കാൻ നിർബന്ധിതരാകുന്നു എന്നും ഇത് പഠനനിലവാരത്തേയും വിജയശതമാനത്തേയും തദ്വാര തുടർപഠനത്തേയും ദോഷകരമായി ബാധിക്കുന്നുണ്ടെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. ഈ സാഹചര്യത്തിൽ MRS-കളിൽ +2 തലത്തിൽ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ബാച്ചുകളുടെ കോമ്പിനേഷനുകൾ അനുവദിക്കുന്നതിന് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണെന്ന് ശുപാർശ ചെയ്യുന്നു.

6.20 <u>MRS-കളിൽ മതിയായ ശുചീകരണ തൊഴിലാളികൾ നിലവിലില്ലെന്ന് ജീവനക്കാർ ചൂണ്ടിക്കാട്ടിയിട്ടുള്ള സാഹചര്യത്തിൽ അതാത് ജില്ലാതല ഓഫീസർമാർ പരിശോധന നടത്തി റിപ്പോർട്ട് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും ഡയറക്ടർ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.</u>

## <u>ഏകാദ്ധ്യാപക വിദ്യാലയങ്ങൾ/പെരിപ്പറ്ററ്റിക് സെന്ററുകൾ</u>

6.21 അതിദുർഘടമായ വനമേഖലയ്ക്കുള്ളിലെ ഊരുകളിൽ പുറംലോകവുമായി ബന്ധപ്പെടാൻ കഴിയാതെ വിദ്യാഭ്യാസത്തിന് അവസരം നിഷേധിക്കപ്പെട്ട് ഊരുകളിൽ തളക്കപ്പെട്ട് കഴിഞ്ഞിരുന്ന വിദ്യാർത്ഥികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനാണ് ഏകാദ്ധ്യാപക വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടത്. കുട്ടികളെ അവരുടെ സ്വാഭാവികമായ സെറ്റിൽമെന്റ് സാഹചര്യങ്ങളിൽ നിന്നും അടർത്തി മാറ്റാതെ തന്നെ അദ്ധ്യാപകൻ അവരുടെ ഊരുകളിൽ എത്തി വിദ്യ പകർന്നു നൽകുന്ന രീതിയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വകുപ്പിന് കീഴിൽ ഇടുക്കി ജില്ലയിൽ 18 ഏകാദ്ധ്യാപക വിദ്യാലയങ്ങളും വയനാട്, മലപ്പുറം ജില്ലകളിൽ 2 പെരിപ്പറ്ററ്റിക് സെന്ററുകളുമാണ് പ്രവർത്തിയ്ക്കുന്നത്. ചൊക്രമുടിയിലെ ഏകാദ്ധ്യാപക വിദ്യാലയം പഠനസംഘം നേരിട്ട് സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും പ്രൊമോട്ടർമാരുമായും ഊരുനിവാസികളുമായൊക്കെ സംവദിച്ച് വിവരശേഖരണം നടത്തുകയുമുണ്ടായി. ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ ഒരദ്ധ്യാപികയും ഒരു ആയയുമാണ് നിലവിലുള്ളത്. പഠിതാക്കൾ ഉള്ളയിടങ്ങളിൽ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഊരുകളുടെ ഒറ്റപ്പെട്ട അവസ്ഥയും ഗോത്രാചാരപരമായും ഭൂമിശാസ്ത്രപരമായും സാമൂഹിക അവബോധത്തിന്റെ കുറവുമൂലവുമൊക്കെ ഊരുകളിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സാഹചര്യങ്ങൾ നിഷേധിക്കപ്പെട്ടിരുന്ന കാലത്ത് ആയതിന് ഒരു പരിഹാരം എന്ന നിലയ്ക്കാണ് ഏകാദ്ധ്യാപക വിദ്യാലയങ്ങളും പെരിപ്പറ്ററ്റിക് സെന്ററുകളും അനുവദിയ്ക്കാനിടയായത്. ഇന്ന് സാഹചര്യങ്ങളിൽ ഒരുപാട് പുരോഗതിയുണ്ടായിട്ടുണ്ട്. ഊരുകളിലേയ്ക്കുള്ള യാത്രാസൗകര്യങ്ങൾ വർദ്ധിയ്ക്കുകയും വകുപ്പിന്റെ MRS-കൾ, ഹോസ്റ്റലുകൾ തുടങ്ങിയവയും ഗോത്രസാരഥി പോലുള്ള പദ്ധതികളുടെ സാദ്ധ്യതകളും

പ്രയോജനപ്പെടുത്തി വലിയൊരു വിഭാഗം കുട്ടികളും സാമ്പ്രദായിക വിദ്യാഭ്യാസരീതിയിലേക്ക് എത്തിച്ചേർന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ പ്രസക്തി വിലയിരുത്തിയതിനു ശേഷം ആവശ്യമായവ നിലനിർത്തുകയും അവിടങ്ങളിലെ ജീവനക്കാർ ഉന്നയിച്ച ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിയ്ക്കേണ്ടതുമാണ്. വളരെ വർഷങ്ങളായി ദുർഘടമായ വനപ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ ജോലിനോക്കിവരുന്നുണ്ടെന്നും പ്രതികൂല സാഹചര്യങ്ങൾ തരണം ചെയ്ത് സേവനം അനുഷ്ഠിക്കുന്ന തങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്നവരെ അപേക്ഷിച്ച് വളരെ തുച്ഛമായ വേതനമാണ് ലഭിയ്ക്കുന്നതെന്നും അദ്ധ്യാപകർ ചൂണ്ടിക്കാണിക്കുകയുണ്ടായി. ആവശ്യമായവ നിലനിർത്തുന്നതിന് തീരുമാനിയ്ക്കുന്ന അവസരത്തിൽ ജീവനക്കാർക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ ജീവനക്കാർക്ക് തുല്യമായ പ്രതിഫലം ഉറപ്പുവരുത്തുന്നതിന് ഡയറക്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ആറളം ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി (ട്രൈബൽ)**

6.22 കേരളത്തിൽ പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കീഴിൽ ആദിവാസികൾക്കു മാത്രമായി പ്രവർത്തിക്കുന്ന ഏക ആശുപത്രിയാണ് ആറളത്ത് സ്ഥിതി ചെയ്യുന്നത്. ഈ ആശുപത്രിയിൽ 1 മെഡിക്കൽ ഓഫീസർ, 1 ഫാർമസിസ്റ്റ്, 2 നേഴ്സ്, 1 അറ്റൻഡർ, 1 കുക്ക് എന്നീ തസ്തികകൾ ആണ് ഉള്ളത്.

6.23 പട്ടികവർഗ്ഗക്കാരുടെ ഏക ആശുപത്രിയായിരുന്നിട്ടുകൂടി ഇവിടെ എത്തിച്ചേരുന്ന പട്ടികവർഗ്ഗക്കാരായ രോഗികളുടെ എണ്ണം താരതമ്യേന കുറവാണ്. അതിന്റെ പ്രധാന കാരണം ഇവിടെ എത്തുന്ന രോഗികൾ അധികവും ഫാമിൽ നിന്നുള്ളവരാണ്. ദൂരം കൂടുതലായതിനാലും വാഹനസൗകര്യം ഇല്ലാത്തതിനാലും ഭീമമായ തുക മറ്റ് സ്വകാര്യവാഹനങ്ങൾക്ക് കൊടുക്കേണ്ടിവരുന്നതിനാലും ദരിദ്രരായ രോഗികൾക്ക് എത്തിപ്പെടാനും ചികിത്സാസഹായം വേണ്ടവിധം ഉപയോഗപ്പെടുത്താനും സാധിക്കുന്നില്ല. പട്ടികവർഗ്ഗക്കാരായ രോഗികൾക്ക് ഒ.പി. ടിക്കറ്റും മരുന്നുകളും കിടപ്പ് രോഗികൾക്ക് ഭക്ഷണവും ചികിത്സയും തികച്ചും

സൗജന്യമാണ്.

6.24 2019 ജനുവരി 1 മുതൽ ഡിസംബർ 31 വരെ 10295 രോഗികൾ ഈ സ്ഥാപനത്തിൽ നിന്നും ചികിത്സ നേടിയിട്ടുണ്ട്. അതിൽ 4704 പട്ടികവിഭാഗക്കാർ മാത്രമാണ് ഉള്ളത്. IP വിഭാഗത്തിൽ കേവലം 7 രോഗികൾ മാത്രമാണ് 2019 വർഷത്തിൽ കിടത്തിചികിത്സാ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളത്.

6.25 പട്ടികവിഭാഗക്കാർക്ക് ആശുപത്രിയിൽ എത്തിച്ചേരാനുള്ള ബുദ്ധിമുട്ട് പരിഗണിച്ച് ഫാമിലും മറ്റ് പട്ടികവർഗ്ഗ കോളനികളിലും മെഡിക്കൽ ക്യാമ്പുകൾ നടത്തിപ്പോരുന്നു. 2019-ൽ ഇപ്രകാരം 4 മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും അതുവഴി 300-ഓളം രോഗികൾക്ക് ചികിത്സ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനാവശ്യമായ വാഹനസൗകര്യം ഇല്ലാത്തതിനാലും ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ തുടർച്ചയായി ക്യാമ്പുകൾ നടത്താൻ സാധിക്കുന്നില്ല.

6.26 പരമ്പരാഗതമായി ആയുർവ്വേദ ചികിത്സയോട് അനുഭാവം പുലർത്തുന്നവരാണ് ഗോത്രവിഭാഗക്കാർ എന്നത് കണക്കിലെടുത്ത് വകുപ്പിനു കീഴിലുള്ള ഏക ആയുർവ്വേദ ആശുപത്രി അവർക്ക് പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തുന്നതിനായി ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ ഫാമിൽ നിന്നും ആശുപത്രിയിലേക്ക് വാഹനസൗകര്യം ഏർപ്പെടുത്തേണ്ടതാണ്. ആശുപത്രിയിലെത്തുന്ന രോഗികൾക്ക് കുടിവെള്ള സൗകര്യത്തിനായി Water purifier, IP രോഗികൾക്കായി Water heater-ഉം സ്ഥാപിക്കുന്നതും ഉചിതമായേക്കും. കൂടാതെ IP രോഗികൾക്കായി TV, Emergency Lamp, എന്നിവയുടെ അഭാവവും ആശുപത്രിയിലുണ്ട്. ഡിജിറ്റൽ ടോക്കൺ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചാൽ ഉചിതമായിരിക്കും.

**പട്ടികവർഗ്ഗവികസന വകുപ്പിൽ എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കണമെന്ന ശുപാർശ സംബന്ധിച്ച്.**

6.27 പട്ടികവർഗ്ഗവികസന വകുപ്പിൽ എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കണമെന്ന ഡയറക്ടറുടെ ശുപാർശ വിശദമായി പരിശോധിയ്ക്കുകയുണ്ടായി. പട്ടികവർഗ്ഗവികസന വകുപ്പിൽ വിവിധ ഓഫീസുകളിൽ ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, 6 അസിസ്റ്റന്റ് എഞ്ചിനീയർ & ഓവർസീയർ തസ്തികകളിലേക്ക് നിലവിൽ

പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥരാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നത്. പട്ടികവർഗ്ഗവികസന വകുപ്പ് മുഖേന വിവിധ ജില്ലകളിലായി നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ ഈ പദ്ധതിക്ക് അനുയോജ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി കാര്യക്ഷമമായും സമയബന്ധിതമായും പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് വകുപ്പിലെ നിലവിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെ സേവനം യഥാസമയം ലഭ്യമാക്കാത്തതിനാൽ തടസ്സം നേരിട്ടുകൊണ്ടിരിക്കുന്നു. വിവിധ ഓഫീസുകളിൽ നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസിയർ തസ്തികകളിൽ പലതും കാലാകാലങ്ങളായി ഒഴിഞ്ഞുകിടക്കുന്ന അവസ്ഥയാണുള്ളത്. ടി തസ്തികയിലേക്ക് യഥാവിധി പൊതുമരാമത്ത് വകുപ്പിൽ നിന്നും നിയമനം നടത്താത്തതിനാൽ വകുപ്പിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും നിർവ്വഹിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗവികസന വകുപ്പിൽ അനുവദിച്ചിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസീയർ തസ്തികയിൽ പട്ടികവർഗ്ഗവികസന വകുപ്പ് ഡയറക്ടർ തന്നെ നിയമനം നടത്തുന്നതാണ് ഉചിതമെന്നും ഇതിനായി പ്രസ്തുത തസ്തികകൾ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തി ആയതിൽ പി.എസ്.സി. മുഖേന നിയമനം നടത്താനും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് 10/11/2017 തീയതിയിലെ 169/ഡി1/2016/പജപവവിവ നമ്പർ കത്തിലൂടെസർക്കാർ നേരത്തേതന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നുമുള്ള എഞ്ചിനീയറിംഗ് വിംഗിൽ മാറ്റം വരുത്തി പട്ടികവർഗ്ഗവികസന വകുപ്പിലേക്ക് നേരിട്ട് നിയമനം നടത്താവുന്നതാണ്. ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെടുന്ന തസ്തികകൾക്ക് വകുപ്പ് തന്നെയാണ് വേതനം നൽകിവരുന്നതെന്നതിനാൽ ഈ തസ്തികകൾ വകുപ്പിന്റെതന്നെ ഭാഗമായി മാറ്റുന്നതുകൊണ്ട് യാതൊരുവിധ സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകുന്നതല്ല.

**<u>വിവരസാങ്കേതികവിദ്യയുടെ ഉപയോഗവും ഇ-ഗവർണൻസും.</u>**

6.28 സംസ്ഥാനത്തെ ഒട്ടുമിക്ക വകുപ്പുകളും വിവരസാങ്കേതികവിദ്യ അടിസ്ഥാനമാക്കിയ ഇ-ഗവർണൻസ് സംവിധാനത്തിലേക്ക് മാറുന്നതിനുള്ള വിവിധ ഘട്ടങ്ങളിൽ എത്തിനിൽക്കുകയാണ്. ഏതാനും വകുപ്പുകളിൽ ഈ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പട്ടികവർഗ്ഗവികസന വകുപ്പിൽ ഇ-ഗവർണൻസ് നടപ്പിലാക്കുന്നതിന് കാര്യമായ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലെന്നത് ന്യായീകരിക്കാവുന്നതല്ല. ഇത്രയധികം ഫണ്ട് സംസ്ഥാന ബഡ്ജറ്റ് വിഹിതമായും കേന്ദ്ര പദ്ധതികളായും കൈകാര്യം ചെയ്യുന്നതും , നിരവധി ക്ഷേമസ്ഥാപനങ്ങളും ക്ഷേമപദ്ധതികളും നടപ്പിലാക്കിവരുന്നതുമായ <u>പട്ടികവർഗ്ഗവികസന വകുപ്പിൽ ഇ-ഗവർണൻസ് സംവിധാനം നടപ്പിലാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.</u>

6.29 പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ഡാറ്റാബെയ്സ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുവെങ്കിലും വകുപ്പിന്റെ പ്രവർത്തനങ്ങൾ ഓൺലൈൻ ആകാത്തതുകാരണം ആ ഡാറ്റാബെയ്സിന്റെ കാര്യക്ഷമമായ ഉപയോഗവും കൃത്യമായ updation-ഉം പൂർണ്ണതോതിൽ നടപ്പിലാക്കാൻ കഴിയില്ല. ഇപ്പോൾ വകുപ്പിൽ നിലനിൽക്കുന്ന ജോലിഭാരത്തിന്റെ മുഖ്യപങ്കും വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളുടെ അപേക്ഷയുടെ സൂക്ഷ്മ പരിശോധന, അപേക്ഷ പദ്ധതി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന പരിശോധന, അംഗീകരിക്കപ്പെട്ട അപേക്ഷയുടെ വിവിധ ഗഡുക്കളായുള്ള ധനസഹായ വിതരണം, കണക്ക് സൂക്ഷിക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ടുള്ളതാണ്. ഇ-ഗവർണൻസ് നടപ്പിലാക്കുക വഴി ഈ ജോലികൾ പരമാവധി വേഗതയിലും കൃത്യവും സുഗമമായും ചെയ്യാൻ കഴിയുന്നതാണ്.

6.30 വിവിധ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച നിരവധി റിപ്പോർട്ടുകൾ വിവിധ ഓഫീസുകളിൽ നിന്നും തയ്യാറാക്കി അയയ്ക്കേണ്ടിവരുന്ന അവസ്ഥയും അതുവഴി ഉണ്ടാകുന്ന അമിത ജോലിഭാരവും online updation നടപ്പിലാക്കിയാൽ ഒഴിവാക്കാവുന്നതാണ്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മുതലുള്ള ഉദ്യോഗസ്ഥർക്ക് വിവിധ ഓഫീസുകളിൽ നിരവധി അവലോകന യോഗങ്ങളിൽ നിരന്തരം പങ്കെടുക്കേണ്ടിവരുന്നത് ഇ-ഗവർണൻസിന്റെ ഭാഗമായി വീഡിയോ

കോൺഫറൻസ് വഴിയാക്കി മാറ്റാവുന്നതാണ്. ഗുണഭോക്താക്കൾക്ക് നേരിട്ട്/പ്രോമോട്ടർ വഴി online ആയി അപേക്ഷകൾ സമർപ്പിക്കുന്നതിനും അതിന്റെ സ്റ്റാറ്റസ് online വഴി പിന്തുടരുന്നതിനും കഴിഞ്ഞാൽ അവർക്ക് ഓഫീസുകൾ സന്ദർശിക്കുന്നത് ഒഴിവാക്കാവുന്നതും ഭരണനിർവ്വഹണം കാര്യക്ഷമവും സുതാര്യവും വേഗതയാർന്നതുമാക്കി മാറ്റാനും കഴിയുമെന്നതിനാൽ ഈ ദിശയിലുള്ള പ്രവർത്തനങ്ങൾക്ക് അടിയന്തിരമായി തുടക്കം കുറിയ്ക്കേണ്ടതാണ്. തത്സംബന്ധമായി ഏതാനും നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

6.31 പല ഇ-ഗവർണൻസ് പദ്ധതികളും ഉദ്ദേശിച്ച ഫലം കാണാതെ പോകുന്നതിന്റെ ഒരു കാരണം സോഫ്റ്റ് വെയർ തയ്യാറാക്കുന്നവരും അത് അന്തിമമായി ഉപയോഗിക്കുന്നവരും തമ്മിൽ ഫലപ്രദമായ ആശയവിനിമയം ഉണ്ടാകാത്തതാണ്. ഇത് പരിഹരിക്കുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കോർ ടീം രൂപീകരിക്കേണ്ടതാണ്. ഈ കോർ ടീമിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് നല്ല അറിവും കമ്പ്യൂട്ടർ മേഖലയിൽ നല്ല പ്രാവീണ്യവും തങ്ങളുടെ സാധാരണ ജോലികൾക്ക് തടസ്സം ഉണ്ടാകാതെ വകുപ്പിന്റെ പ്രവർത്തനത്തിനായി സന്നദ്ധ പ്രവർത്തനം നടത്തുന്നതിനുള്ള മനസ്സുമുള്ളവരെ തസ്തിക ഭേദമന്യേ അംഗങ്ങളാക്കാവുന്നതുമാണ്. സോഫ്റ്റ് വെയറിന്റെ ഘടന തയ്യാറാക്കുന്നതിൽ ഈ ടീം ഫലപ്രദമായ പങ്ക് വഹിക്കേണ്ടതാണ്. സോഫ്റ്റ് വെയർ ഉണ്ടാക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാർ ഉണ്ടെങ്കിൽ അവരുടെ സേവനം വിനിയോഗിച്ച് കുറഞ്ഞ ചെലവിൽ സോഫ്റ്റ് വെയർ വികസിപ്പിക്കുവാൻ കഴിയും. അല്ലാത്തപക്ഷം ഇതിനായി വിദഗ്ദ്ധരെ നിയോഗിക്കേണ്ടതാണ്. എന്നാൽ സോഫ്റ്റ് വെയർ വകുപ്പിന്റെ സമസ്ത മേഖലകളേയും ഉൾക്കൊള്ളുന്നതായിരിക്കണം. മേൽപ്പറഞ്ഞ ചുമതലകളുടെ ഏകോപനം ഡയറക്ടറേറ്റിലെ ഐ.ടി. സെല്ലിന്റെ ചുമതലയുള്ള ഓഫീസർക്ക് നൽകാവുന്നതാണ്.

**ഇ-പോർട്ടലിന്റെ ഭാഗമാക്കുക**

6.32 വകുപ്പിലെ പ്രവർത്തനങ്ങളിൽ ഏറ്റവും കൂടുതൽ പരാതിക്ക് ഇടയാക്കുന്ന ഒന്നാണ് വകുപ്പിലെ ഓഡിറ്റ് സംബന്ധമായ വിഷയങ്ങൾ. പലപ്പോഴും ഓഡിറ്റ് നടത്തുന്നതിൽ വളരെയധികം കാലതാമസം ഉണ്ടാകുന്നത് ജീവനക്കാർക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന കാര്യം പ്രവൃത്തിപഠനസംഘത്തിന് ബോദ്ധ്യം

വന്നിട്ടുള്ള ഒന്നാണ്. ഇതിനുള്ള ഒരു കാരണം ഓഡിറ്റ് സംഘത്തിന്റെ ജോലിക്കൂടുതലാണ്. ഇ-പോർട്ടലിലെ വിവരം പരിശോധിക്കുന്നതിന് വകുപ്പുതല ഓഡിറ്റ് സംഘത്തിന് അനുമതി നൽകാവുന്നതാണ്. അപ്രകാരം ചെയ്യുന്നപക്ഷം ഓഡിറ്റ് സംഘത്തിന് ജില്ലാ ഓഫീസിൽ ഇരുന്നുകൊണ്ടുതന്നെ ഓഡിറ്റിന്റെ നല്ലൊരു പങ്കും നടത്താവുന്നതാണ്. ഇതു കാരണം ഓഡിറ്റ് പ്രക്രിയയുടെ വേഗത വർദ്ധിക്കുന്നതാണ്.

**യോഗങ്ങൾ ഓൺലൈനായി നടത്തുക**

6.33 ഈ വകുപ്പിലെ ജീവനക്കാരുടെ നല്ലൊരു പങ്ക് സമയം യോഗങ്ങൾക്കായി ചെലവിടേണ്ടിവരുന്നുണ്ട്. പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി ഡയറക്ടർ, ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ, ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ തുടങ്ങിയവർ യോഗം വിളിക്കാറുണ്ട്. ഇവയിൽ പങ്കെടുക്കുന്നതിനായി വളരെയധികം സമയം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്കും മറ്റും ചെലവിടേണ്ടിവരുന്നുണ്ട്. ഇതു കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഉദ്യോഗസ്ഥരുടെ യോഗം വിളിക്കാറുണ്ട്. യോഗത്തിൽ പങ്കെടുക്കുന്നതിനായി ദീർഘമായ യാത്രകളും നടത്തേണ്ടി വരുന്നുണ്ട്. പ്രത്യേകിച്ച് ഇടുക്കി പോലുള്ള പ്രദേശങ്ങളിൽ പലപ്പോഴും ഒരു യോഗത്തിൽ പങ്കെടുക്കുന്നതിനായി ഒന്നിൽ കൂടുതൽ ദിവസങ്ങൾ തന്നെ മാറ്റിവയ്ക്കേണ്ടിവരാറുണ്ട്. ഈ സാഹചര്യത്തിൽ നേരത്തെ പരാമർശിച്ചതുപോലെ കഴിയുന്നതും വകുപ്പ് നടത്തുന്ന യോഗങ്ങൾ ഓൺലൈനായി നടത്തേണ്ടതാണെന്ന് ശുപാർശ ചെയ്യുന്നു.

**ഫയൽ നടപടിക്രമങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുക**

6.34 ഓഫീസിലെ ഫയൽ നടപടിക്രമങ്ങൾ (സാധാരണ ഫയലുകൾ) പൂർണ്ണമായും ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് മാറ്റേണ്ടതാണ്. ഈ സോഫ്റ്റ് വെയറുകളിൽ കത്തിടപാടുകൾ പൂർണ്ണമായും ഡിജിറ്റലായി നടത്തുന്നതിനും ലഭിക്കുന്ന കടലാസുകൾ ഡിജിറ്റലായി തന്നെ കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്. ഓഫീസിൽ ഫിസിക്കലായി ലഭിക്കുന്ന കടലാസുകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ ഫയലുകളാക്കി മാറ്റി പ്രോസസ്സ് ചെയ്യാവുന്നതാണ്.

**<u>ഔദ്യോഗിക ഈ-മെയിൽ ഐ.ഡി സൃഷ്ടിക്കുക</u>**

6.35 വകുപ്പിലെ ഓഫീസുകളിൽ ഔദ്യോഗിക കത്തിടപാടുകൾ നടത്തുന്നതിന് gmail ഉപയോഗിക്കുന്നതായി കാണുന്നുണ്ട്. gmail ഐ.ഡി. ഏതൊരാൾക്കും സൃഷ്ടിക്കുവാൻ സാധിക്കുന്നതാണ്. അതായത് ഔദ്യോഗിക ഇ-മെയിൽ ആണെന്ന് തോന്നത്തക്ക രീതിയിലുള്ള ഒരു മെയിൽ ഐ.ഡി. ഏതൊരാൾക്കും സൃഷ്ടിക്കുവാൻ സാധിക്കുന്നതാണ്. ഇപ്രകാരമുള്ള ഒരു ഐ.ഡി. ഉപയോഗിച്ച് ഔദ്യോഗിക വിവരങ്ങൾ കൈമാറുന്നത് അനുചിതമാണെന്ന് പ്രവൃത്തിപഠനസംഘം വിലയിരുത്തുന്നു. അതിനുപകരം <u>kerala.gov.in എന്ന domain-ൽ എല്ലാ ഓഫീസുകളും ഔദ്യോഗിക ഇ-മെയിൽ സൃഷ്ടിച്ച് ഉപയോഗിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.</u>

**<u>ഓപ്പൺ ഓഫീസ് സോഫ്റ്റ് വെയർ ഉപയോഗിക്കുക</u>**

6.36 <u>വകുപ്പിനു വേണ്ടി പുതിയ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നത് ഓപ്പൺ ഓഫീസ് അധിഷ്ഠിതമായിരിക്കേണ്ടതാണ്. സോഫ്റ്റ് വെയർ തയ്യാറാക്കുമ്പോൾ source code വകുപ്പിനു കൈമാറുകയും trouble shooting mechanism-ൽ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയും ചെയ്യണമെന്ന് പ്രത്യേകം നിഷ്കർഷിക്കേണ്ടതാണ്. അതിനാൽ പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുമ്പോൾ നിർബന്ധമായും ഓപ്പൺ ഓഫീസ് സോഫ്റ്റ് വെയർ തന്നെ ഉപയോഗിക്കേണ്ടതാണ്.</u>

**<u>മലയാളം ടൈപ്പിംഗിന് നിർബന്ധമായും യൂണികോഡ് ഉപയോഗിക്കുക.</u>**

6.37 പട്ടികവർഗ്ഗവികസന വകുപ്പിന്റെ ഗുണഭോക്താക്കൾ സാധാരണക്കാരായ ആളുകളാണ്. വകുപ്പിന്റെ പ്രവർത്തനം അവർക്കു മനസ്സിലാകുന്ന രീതിയിൽ മലയാളത്തിൽ തന്നെ ആകേണ്ടത് അത്യന്താപേക്ഷിതമാണ്. ഓഫീസുകളിൽ മലയാളത്തിൽ കത്തിടപാടുകൾ നടത്തുന്നതിന് നിർബന്ധമായും യൂണികോഡ് ഫോണ്ടുകൾ ഉപയോഗിക്കേണ്ടതാണ്. മറ്റുള്ള ഫോണ്ടുകൾ ഉപയോഗിക്കുന്നപക്ഷം മലയാളത്തിലുള്ള കത്തിടപാടുകൾ ഡിജിറ്റലായി നടത്തുവാൻ ബുദ്ധിമുട്ടാകുന്നതാണ്. യൂണികോഡ് ഫോണ്ട് ഉപയോഗിച്ച് ടൈപ്പ് ചെയ്ത കാര്യങ്ങൾ വാട്സ്ആപ്പിലും ഇ-മെയിലിലും അതേപടി ഉപയോഗിക്കാൻ സാധിക്കുന്നതാണ്. <u>ഫയലുകൾ പൂർണ്ണമായും</u>

<u>ഡിജിറ്റലൈസ് ചെയ്യുന്നതിന് മുന്നോടിയായി വകുപ്പിലെ എല്ലാ ജീവനക്കാർക്കും യൂണികോഡ് മലയാളം ടൈപ്പിംഗിൽ പരിശീലനം നൽകേണ്ടതാണ്.</u>

**<u>ഓഫീസ് പരിശോധന - കണ്ടെത്തലുകളും ശിപാർശകളും</u>**

6.38 പ്രവൃത്തിപഠനത്തിന്റെ ഭാഗമായി സ്ഥിതിവിവരശേഖരണത്തിനായി വിവിധ ഓഫീസുകൾ സന്ദർശിക്കുന്ന അവസരത്തിൽ പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച് പൊതുവായ ഒരു പരിശോധന നടത്തണമെന്ന് 20/10/2015-ലെ 11912/എ.ആർ.6(1)/2015/ഉ.ഭ.പ.വ. നമ്പർ സർക്കുലർ (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഓഫീസിന്റെ പൊതുവായ പ്രവർത്തനം, ജീവനക്കാരുടെ ഹാജർ, ഫയലുകളും രജിസ്റ്ററുകളും കൈകാര്യം ചെയ്യുന്ന രീതി, ഔദ്യോഗികഭാഷയുടെ ഉപയോഗം, വിവരാവകാശ നിയമം, സേവനാവകാശ നിയമം, കോടതി കേസുകൾ കൈകാര്യം ചെയ്യൽ പോലുള്ള വളരെ പ്രധാനപ്പെട്ട വിഷയങ്ങൾ ഇവയിൽ ഉൾപ്പെടുന്നു.

6.39 സ്ഥിതിവിവരശേഖരണത്തോടൊപ്പം തന്നെ ഓഫീസ് പരിശോധനയും നടത്തുകയുണ്ടായി. പ്രവൃത്തിപഠനസംഘത്തിന്റെ സന്ദർശനവേളയിൽ ജീവനക്കാർ ഹാജരാകുന്നതിൽ കൃത്യത പാലിച്ചിരുന്നുവെങ്കിലും ഫയലുകൾ, രജിസ്റ്ററുകൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിൽ വളരെ ദയനീയമായ സ്ഥിതിയാണ് നിലവിലുള്ളത്.

**<u>ഫയലുകളും രജിസ്റ്ററുകളും കൈകാര്യം ചെയ്യൽ</u>**

6.40 കേരളത്തിലെ സാധാരണ സർക്കാർ ഓഫീസുകൾ മാന്വൽ ഓഫ് ഓഫീസ് പ്രൊസീഡ്യുവർ പ്രകാരമാണ് പ്രവർത്തിക്കുന്നത്. ഓഫീസിൽ ലഭിക്കുന്ന ഓരോ കടലാസും എപ്രകാരമാണ് കൈകാര്യം ചെയ്യേണ്ടതെന്ന് അതിൽ വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ഓഫീസിൽ ലഭിക്കുന്ന ഓരോ കടലാസും രജിസ്റ്റർ ചെയ്യപ്പെടേണ്ടതാണെന്നത് ഏറ്റവും അടിസ്ഥാനമായ വസ്തുതയാണ്. എന്നാൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിൽ അപേക്ഷകൾ പേഴ്സണൽ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. ലഭിക്കുന്ന എല്ലാ കടലാസുകളിലും തപാൽ നമ്പർ രേഖപ്പെടുത്തുന്ന രീതി എക്സ്റ്റൻഷൻ ഓഫീസർമാർ

ചെയ്തുവരുന്നതായി പഠനസംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടില്ല. ട്രൈബൽ ഡവലപ്‌മെന്റ് ഓഫീസുകളിലും ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്‌മെന്റ് പ്രൊജക്ട് ഓഫീസുകളിലും രജിസ്റ്റർ ചെയ്യപ്പെടുന്നുവെങ്കിലും ആയത് പൂർണ്ണമായും തൃപ്തികരമായി പഠനസംഘത്തിന് അനുഭവപ്പെട്ടില്ല.

6.41 മിക്ക ട്രൈബൽ ഡവലപ്‌മെന്റ് ഓഫീസ്/ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്‌മെന്റ് പ്രൊജക്ട് ഓഫീസുകളിലും പേഴ്സണൽ രജിസ്റ്ററിൽ തപാലുകൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഫയലുകളുടെ സമർപ്പണം, തീർപ്പാക്കൽ തുടങ്ങിയവ കൃത്യമായി രേഖപ്പെടുത്തുന്നതായി കാണുന്നില്ല. വിരലിലെണ്ണാവുന്ന ഓഫീസുകളിൽ മാത്രമാണ് ഈ പ്രക്രിയ തൃപ്തികരമായി കണ്ടത്.

6.42 ഓഫീസിൽ സൂക്ഷിച്ചുവരുന്ന മറ്റു പ്രധാനപ്പെട്ട രജിസ്റ്ററുകളായ ക്യാഷ് ബുക്ക്, പേ ബിൽ രജിസ്റ്റർ, സർവ്വീസ് ബുക്കുകൾ തുടങ്ങിയവയും random ആയി പരിശോധിയ്ക്കുകയുണ്ടായി. ക്യാഷ് ബുക്ക് മിക്കയിടങ്ങളിലും കൃത്യമായി സൂക്ഷിച്ചിരുന്നുവെങ്കിലും മറ്റു രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ ശരിയായ രീതിയിൽ അല്ലായിരുന്നു.

6.43 രജിസ്റ്ററുകളും ഫയലുകളും കൃത്യമായി പരിപാലിക്കേണ്ടത് സംബന്ധിച്ച് പ്രവൃത്തിപഠനസംഘം ജീവനക്കാരുമായി ആശയവിനിമയം നടത്തിയിട്ടുണ്ട്. ബന്ധപ്പെട്ട മേലധികാരികൾ കൃത്യമായ ഇടവേളകളിൽ രജിസ്റ്ററുകൾ ഇൻസ്പെക്ഷൻ നടത്തി ആവശ്യമായ തിരുത്തൽ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

6.44 ക്ലാർക്ക് തസ്തിക ഇല്ലാത്ത ട്രൈബൽ ഡവലപ്‌മെന്റ് ഓഫീസുകളിൽ രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ കൈകാര്യം ചെയ്യുന്ന രീതി വളരെ പരിതാപകരമാണ്. എല്ലാ ട്രൈബൽ ഡവലപ്‌മെന്റ് ഓഫീസുകളിലും അടിയന്തിരമായി ക്ലാർക്ക് തസ്തിക അനുവദിയ്ക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. ട്രൈബൽ ഡവലപ്‌മെന്റ് ഓഫീസുകളിൽ ഓഫീസ് ജോലികളിൽ പരിശീലനം നേടുന്നതിനായി മാനേജ്മെന്റ് ട്രെയിനികളായി നിയോഗിക്കപ്പെടുന്ന കുട്ടികൾക്കും കൃത്യമായ പരിശീലനം നൽകേണ്ടതുണ്ട്. ഇക്കാര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

**വിവരാവകാശ നിയമം, സേവനാവകാശ നിയമം, തുടങ്ങിയവ**

6.45 വകുപ്പിലെ മിക്കവാറും ഓഫീസുകളിൽ വിവരാവകാശ നിയമം അനുശാസിക്കുന്ന പ്രകാരം പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ പേര് വിവരം കാണിക്കുന്ന ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ വകുപ്പ് സേവനാവകാശ നിയമ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഓഫീസിൽ നിന്നും പ്രസ്തുത നിയമത്തിന്റെ പരിധിയിൽ ലഭ്യമാക്കി വരുന്ന സേവനങ്ങളെയും ആയതിനായി നിശ്ചയിച്ചിട്ടുള്ള സമയപരിധി സംബന്ധിച്ചുമായ വിവരങ്ങൾ ഒട്ടുമിക്ക ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. നിയമപ്രകാരം പ്രദർശിപ്പിക്കേണ്ട ബോർഡുകൾ അടിയന്തിരമായി പ്രദർശിപ്പിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ വാക്കാൽ നൽകിയിട്ടുണ്ട്. ഇക്കാര്യം ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

6.46 വിവരാവകാശ നിയമപ്രകാരമുള്ള ഫയലുകൾ കൈകാര്യം ചെയ്യുന്നതിലും പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവരാവകാശ നിയമപ്രകാരം അപേക്ഷകന് മറുപടി നൽകുമ്പോൾ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്നുകൂടി സ്ഥാനപ്പേരിനോടുകൂടി കത്തിൽ ചേർക്കേണ്ടതാണ്. കൂടാതെ പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പേര്, ഫോൺ നമ്പർ, എന്നിവയും അപ്പീൽ അധികാരിയുടെ പേര്, സ്ഥാനപ്പേര്, ഫോൺ നമ്പർ എന്നിവയും അപ്പീൽ കാലാവധിയും മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്. പല ഓഫീസുകളിലും ഈ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതായി കാണുന്നില്ല. നിർദ്ദേശിച്ചിട്ടുള്ള മിനിസ്റ്റീരിയൽ പരിശീലനത്തിൽ വിവരാവകാശ നിയമം, സേവനാവകാശ നിയമം എന്നിവയും ഉൾപ്പെടുത്തേണ്ടതാണ്.

# അധ്യായം 7

## പൊതുശിപാർശകൾ

## (General Recommendations)

7.1 പട്ടികവർഗ്ഗ സമഗ്ര ആരോഗ്യരക്ഷാ പദ്ധതിയുടെ ഭാഗമായി സൗജന്യ ചികിത്സ ലഭിക്കുന്നതിന് പട്ടികവർഗ്ഗത്തിൽ പെടുന്ന ആളാണെന്നു തെളിയിക്കുന്ന ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ ഒരു സാക്ഷ്യപത്രം ഹാജരാക്കേണ്ടതുണ്ട്. ആയതിനായി ആശുപത്രിയിൽ കിടത്തി ചികിത്സ ആവശ്യമായി വരുന്ന ഓരോ തവണയും രോഗിയോ ബന്ധുക്കളോ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ എത്തി സർട്ടിഫിക്കറ്റ് നേടേണ്ടതായി വരുന്നു. ചില സ്ഥലങ്ങളിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ റേഷൻ കാർഡിൽ സാക്ഷ്യപ്പെടുത്തി നൽകുന്നതായും കണ്ടുവരുന്നുണ്ട്. വിവിധ സാക്ഷ്യപത്രങ്ങൾക്കായി ഓഫീസിൽ കയറിയിറങ്ങുന്നത് ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ടും ഉദ്യോഗസ്ഥർക്ക് ജോലിഭാരവും ഉണ്ടാക്കുന്നതാണ്. നിലവിൽ പട്ടികവർഗ്ഗക്കാരുടെ വിവരശേഖരണം നടത്തി ഡാറ്റാബേസ് ഉണ്ടാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണെന്നു കാണുന്നു. ഈ ഡാറ്റാബേസിൽ ഓരോരുത്തരുടേയും വ്യക്തിഗത വിവരങ്ങൾ ലഭ്യമാണ്. ഡാറ്റാബേസിന്റെ അടിസ്ഥാനത്തിൽ ഓരോ വ്യക്തിയുടെയും വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വകുപ്പു തന്നെ ഐഡന്റിറ്റി കാർഡ് തയ്യാറാക്കി നൽകുകയും ആ ഐഡന്റിറ്റി കാർഡ് ഏതൊക്കെ സേവനങ്ങൾക്ക് സാക്ഷ്യപത്രമായി ഉപയോഗിക്കാൻ സാധിക്കുമെന്ന് ശുപാർശ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഡയറക്ടർ ശുപാർശ നൽകേണ്ടതുമാണ്.

7.2 തയ്യാറാക്കിവരുന്ന ഡാറ്റാബേസ് സമഗ്രവും ആധികാരികവും ആയിരിക്കേണ്ടതാണ്. ഓരോ വ്യക്തിയ്ക്കും കുടുംബത്തിനും ഏതൊക്കെ പദ്ധതികളിൽ നിന്നും ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ടെന്നും മറ്റുമുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തലത്തിൽ updation സാദ്ധ്യമാകുന്നതുമായിരിക്കേണ്ടതാണ്.

7.3 <u>വയനാട് ജില്ല, നിലമ്പൂർ കാട്ടുകൾ മുതലായ സ്ഥലങ്ങളിൽ പ്രാക്തനവും സവിശേഷവുമായ ഗോത്രവിഭാഗങ്ങൾ കണ്ടുവരുന്നു. സവിശേഷ പ്രാധാന്യം അർഹിക്കുന്ന ജനിതക ഘടനയും സ്വഭാവ സവിശേഷതകളും ഉൾക്കൊള്ളുന്ന ജനവിഭാഗങ്ങളാണ് അവർ. വകുപ്പിന്റെ നേതൃത്വത്തിൽ വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു നരവംശ ശാസ്ത്രപഠനം (Anthropological study) ഈ മേഖലയിൽ നടത്തേണ്ടത് അത്യാവശ്യമാണ്.</u>

7.4 ആദിവാസി ഊരുകളിൽ പൊതുവെയും വയനാട്ടിൽ പ്രത്യേകമായും ഗോത്രവിഭാഗക്കാർക്കിടയിൽ മദ്യത്തിന്റെ അമിത ഉപയോഗം മൂലമുള്ള പ്രശ്നങ്ങൾ ധാരാളമായി കണ്ടുവരുന്നു. മദ്യം, പുകയില, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉപയോഗം കാരണം കുടുംബ ബന്ധങ്ങളിലുണ്ടാകുന്ന അസ്വസ്ഥതകൾ കുട്ടികളെ ദോഷകരമായി ബാധിക്കുന്നതായി കാണുന്നു. പലപ്പോഴും സ്ത്രീകളും ലഹരിയ്ക്ക് അടിമയാകുന്നുണ്ട്. ചെറുപ്രായത്തിൽത്തന്നെ തുടങ്ങുന്ന ലഹരി ഉപയോഗം കാരണം അകാലത്തിലുണ്ടാകുന്ന മരണങ്ങളും മാനസിക വിഭ്രാന്തികളും വയനാടൻ ആദിവാസി ഊരുകളിലെ പതിവ് കാഴ്ചയായി മാറിയിരിക്കുന്നു. പലപ്പോഴും പ്രായപൂർത്തിയാകാത്തവരുൾപ്പെടെയുള്ളവർ കുറ്റകൃത്യങ്ങളിൽ പങ്കാളികളാവുന്നതിന് ലഹരി ഉപയോഗം കാരണമായി മാറുന്നു. ഇവരെ ലഹരിയിൽ നിന്ന് മോചിപ്പിക്കുന്നതിനോ, ലഹരി വസ്തുക്കളുടെ ലഭ്യത, ഉപയോഗം ഇവ തടയുന്നതിനോ വകുപ്പിന് സ്വന്തമായി പദ്ധതികളൊന്നും നിലവിലില്ല. എക്സൈസ് വകുപ്പ് നടപ്പിലാക്കുന്ന 'വിമുക്തി' പദ്ധതിയുടെ ഭാഗമായുള്ള ബോധവത്ക്കരണ പരിപാടികളാണ് ആകെക്കൂടി നടന്നുവരുന്നത്. വകുപ്പ് ഇക്കാര്യം ഗൗരവമായി കണക്കിലെടുത്ത് <u>ജനപങ്കാളിത്തത്തോടുകൂടി ലഹരി വിമുക്ത പ്രവർത്തിനായുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതും ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് MRS-കളിലും ഹോസ്റ്റലുകളിലും പ്രത്യേക ക്ലാസ്സുകൾ നടത്തേണ്ടതുമാണ്. കൂടാതെ ഇക്കാര്യത്തിൽ ഊരുകളിൽ ബോധവത്ക്കരണ ക്യാമ്പുകളും ആവശ്യമായ നിയമസഹായങ്ങളും നൽകേണ്ടതാണ്.</u>

7.5 നിയമങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ കാരണം ആദിവാസി ഗോത്രവിഭാഗങ്ങളിൽ പെടുന്നവർ കേസുകളിൽ പ്രതിയായി മാറുന്ന സാഹചര്യങ്ങൾ പലപ്പോഴും കണ്ടുവരുന്നു. ഗോത്രാചാര പ്രകാരമുള്ള വിവാഹങ്ങൾ മുതലായവ പലപ്പോഴും നിയമവ്യവസ്ഥ അനുശാസിയ്ക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നവയല്ല. ഈ സാഹചര്യത്തിൽ ആചാരങ്ങളും നിയമങ്ങളും തമ്മിലുള്ള ഭേദങ്ങൾ അറിയിക്കുന്നതിനും അവരുടെ ജീവിതസാഹചര്യങ്ങളിൽ അറിഞ്ഞിരിക്കേണ്ട ആവശ്യമായ നിയമങ്ങൾ, നിയമലംഘനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി വിദഗ്ധരെ ഉൾപ്പെടുത്തി ഊരുകളിലും സ്ഥാപനങ്ങളിലും ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതും ഒരു കൈപ്പുസ്തകം അച്ചടിച്ച് വിതരണം ചെയ്യുകയും ചെയ്യേണ്ടതുമാണ്.

7.6 നിഷ്കളങ്കരായ ഗോത്രജനത പലപ്പോഴും വിവിധ തരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയരാവാറുണ്ട്. അവരിൽ നിന്നും തുച്ഛമായ തുകയ്ക്ക് ഭൂമി പാട്ടത്തിനെടുക്കുകയും ചെറിയ തുക കടം നൽകി ഭൂമി തട്ടിയെടുക്കുകയും ചെയ്യുന്ന നിരവധി സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. കോടതി വ്യവഹാരങ്ങളെക്കുറിച്ചുള്ള അജ്ഞതയും സാമ്പത്തിക പരാധീനതകളുമൊക്കെ നിയമസംവിധാനത്തിൽ കൂടി പരിഹാരം കാണുന്നതിന് പലപ്പോഴും തടസ്സം നിൽക്കുന്നു. ഈ സാഹചര്യത്തിൽ സർക്കാർ ഉദ്യോഗസ്ഥരോ ആദായനികുതി നൽകുന്നവരോ അല്ലാത്ത പട്ടികവർഗ്ഗക്കാർക്ക് ഭൂമി സംബന്ധമായ വ്യവഹാരങ്ങളിൽ ആവശ്യമായ ഉപദേശങ്ങളും മറ്റ് സഹായങ്ങളും നൽകുന്നതിന് വകുപ്പ് പദ്ധതി രൂപീകരിക്കേണ്ടതാണ്.

**ഗോത്രസാരഥി**

7.7 ഊരുകളിൽ നിന്നും സ്കൂളുകളിലേയ്ക്കുള്ള ദൂരക്കൂടുതൽ, യാത്രാദുരിതം, വാഹനലഭ്യത ഇല്ലാതെ വരിക തുടങ്ങിയ കാരണങ്ങളാൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുവരുന്ന പദ്ധതിയാണ് ഗോത്രസാരഥി. ചില സ്കൂൾ അധികൃതരുടെ പ്രേരണകാരണം ദൂരെയുള്ള സ്കൂളുകളിൽ കുട്ടികളെ ചേർക്കുന്നതായും ആയതിനാൽ പ്രസ്തുത പദ്ധതിയിൽ അധിക ചെലവ് വരുന്നതായും ഏതെങ്കിലും കാരണത്താൽ വണ്ടികൾ വന്നില്ലെങ്കിൽ അന്നേ

ദിവസം സ്കൂളുകളിൽ കുട്ടികൾ എത്താതിരിക്കുന്ന സാഹചര്യം ഉണ്ടാകുന്നുണ്ടെന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, പഞ്ചായത്ത് അധികൃതർ എന്നിവർ ചേർന്ന് കണ്ടെത്തുന്ന കോളനികൾ കേന്ദ്രീകരിച്ച് ഗോത്രസാരഥി പദ്ധതി നടപ്പലാക്കുക (സ്കൂൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നതിന് പകരം), കോളനിയിൽ നിന്ന് പൊതുഗതാഗത സൗകര്യം ലഭ്യമാകുന്ന ഇടം വരെയോ തൊട്ടടുത്ത സ്കൂൾ വരേയോ വാഹനം ഏർപ്പാടാക്കി നൽകുക, തദ്ദേശ സ്ഥാപനങ്ങളെ പദ്ധതി നടത്തിപ്പ് ചുമതല ഏൽപ്പിക്കുക തുടങ്ങിയവയിൽ യുക്തമായവ ആവശ്യമായ കൂടിയാലോചനകൾക്കു ശേഷം നടപ്പാക്കാവുന്നതാണ്.

**ജനനി ജന്മരക്ഷാ പദ്ധതി**

7.8 ഗർഭിണികൾക്ക് യഥാസമയം പോഷകാഹാരം ലഭിക്കാത്തതിനാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ കാരണം നവജാത ശിശുവിന്റെ ആരോഗ്യക്കുറവും മരണവും ഒഴിവാക്കുന്നതിന് ഗർഭത്തിന്റെ മൂന്നാം മാസം മുതൽ കുഞ്ഞ് ജനിച്ച് ഒരു വയസ്സാകുന്നതുവരെ പോഷകാഹാരങ്ങൾ നൽകുന്നതിന് ഗർഭിണികൾക്ക് പ്രതിമാസം 2,000/- രൂപ നൽകി വരുന്ന പദ്ധതിയാണിത്. പട്ടികവർഗ്ഗക്കാരായ എല്ലാ ഗർഭിണികൾക്കും അപേക്ഷിക്കാവുന്ന ഈ പദ്ധതിയിൽ അപേക്ഷകരുടെ ബാഹുല്യം കാരണം ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ച് യഥാസമയം തുക വിതരണം ചെയ്യാൻ സാധിക്കാതെ വരുന്നുണ്ട്. അർഹരായ ഗുണഭോക്താക്കൾക്ക് യഥാസമയം തുക ലഭ്യമാക്കിയാൽ മാത്രമേ പദ്ധതിയുടെ ഗുണഫലം ലഭിക്കുകയുള്ളൂ. ഈ പദ്ധതിയ്ക്ക് വരുമാനപരിധി നിശ്ചയിക്കുന്നത് ഉചിതമായിരിക്കുമെന്ന് കാണുന്നു. ഗർഭസ്ഥ ശിശുവിന്റെ ആരോഗ്യവും നവജാത ശിശുവിന്റെ ആരോഗ്യവും ഉറപ്പുവരുത്തുന്നതിന് ലക്ഷ്യം വയ്ക്കുന്ന ഈ പദ്ധതി പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്ന പുരുഷൻ വിവാഹം കഴിയ്ക്കുന്ന മറ്റ് സമുദായക്കാരായ സ്ത്രീകൾക്ക് ലഭ്യമല്ല. പലപ്പോഴും പാലക്കാട്, ഇടുക്കി, വയനാട് ജില്ലകളോട് ചേർന്ന് കിടക്കുന്ന അയൽ സംസ്ഥാനങ്ങളിൽ നിന്നും വിവാഹിതരായി കേരളത്തിലേയ്ക്കു വരുന്ന അവിടെ പട്ടികവർഗ്ഗത്തിൽപ്പെടുന്ന സ്ത്രീകൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിയ്ക്കുന്നില്ല. ജനിയ്ക്കുന്ന കുട്ടി പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്നതിനാലും, പട്ടികവർഗ്ഗക്കാരായ ശിശുക്കളുടെ

<u>ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കുന്ന പദ്ധതി എന്ന നിലയിലും പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്ന പുരുഷൻ വിവാഹം കഴിയ്ക്കുന്ന മറ്റ് സമുദായക്കാരായ സ്ത്രീയ്ക്ക് സാമ്പത്തിക പരിധിയ്ക്കുള്ളിൽ വരുന്നതാണെങ്കിൽ ജനനി ജന്മരക്ഷാ പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകാവുന്ന രീതിയിൽ പദ്ധതിയുടെ മാർഗ്ഗരേഖയിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്.</u>

7.9 വയനാട് ജില്ലയിൽ വനാതിർത്തിയ്ക്കുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ വനത്തിന് പുറത്ത് ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്. വനം വകുപ്പുമായി ബന്ധപ്പെട്ട് ഇത്തരം <u>പദ്ധതികൾ നടപ്പിലാക്കുമ്പോൾ വനവുമായി ബന്ധപ്പെട്ട് ജീവസന്ധാരണം നടത്തിവരുന്ന ജനവിഭാഗങ്ങൾക്ക് അവരുടെ ജീവിത-തൊഴിൽ സാഹചര്യങ്ങളിൽ നിന്നുള്ള പറിച്ചുനടൽ എത്രത്തോളം ഉൾക്കൊള്ളാൻ കഴിയുന്നു എന്ന് വിലയിരുത്തുകയും ഇപ്രകാരമുള്ള പുനരധിവാസങ്ങൾ തൊഴിൽ സാഹചര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുകൂടി ആക്കുന്നതിന് പ്രത്യേക ശ്രദ്ധ പുലർത്തുകയും വേണ്ടതാണ്.</u>

7.10 <u>പട്ടികവർഗ്ഗ മേഖലയിൽ പഠനങ്ങളും ഗവേഷണങ്ങളും നടത്തുന്ന സർക്കാർ ഏജൻസിയായ KIRTADS-മായും വകുപ്പിന് ഏകോപനം ഉണ്ടാകേണ്ടതുണ്ട്.</u> ഗവേഷണ ഫലങ്ങൾ വകുപ്പിന്റെ പദ്ധതി രൂപീകരണ സമയത്ത് ഫലപ്രദമായി ഉപയോഗപ്പെടുത്തേണ്ടതാണ്.

7.11 <u>പട്ടികവർഗ്ഗക്കാരെ സംബന്ധിക്കുന്ന വിവിധ നിയമങ്ങളായ വനാവകാശ നിയമം, അതിക്രമങ്ങൾ തടയുന്നിതിനുള്ള നിയമങ്ങൾ, ചൂഷണത്തിൽ നിന്നും സംരക്ഷണം നൽകുന്ന നിയമങ്ങൾ തുടങ്ങിയവ സംബന്ധിച്ച് പട്ടികവർഗ്ഗ ജനതയെ ബോധവത്ക്കരിക്കേണ്ടത് അത്യാവശ്യമാണ്. തത്സംബന്ധമായ ക്ലാസ്സുകൾ MRS-കൾ, ഹോസ്റ്റലുകൾ തുടങ്ങിയവയിലും ഊരുകളിലും നടത്തേണ്ടതാണ്.</u>

7.12 പലപ്പോഴും ഊരുകളിലേയ്ക്കുള്ള റോഡ്, പാലങ്ങൾ തുടങ്ങിയ ആവശ്യങ്ങൾക്ക് വനം വകുപ്പിന്റെ നിയമങ്ങൾ തടസ്സം നിൽക്കുന്നതായും നിരവധി നിവേദനങ്ങളും പ്രക്ഷോഭങ്ങളും നടത്തിയാലും പരിഹാരം കാണാത്ത പ്രശ്നങ്ങൾ പലതും മാവോയിസ്റ്റ് സാന്നിദ്ധ്യവും അവരുടെ ഭീഷണിയും ഉണ്ടാകുമ്പോൾ പരിഹരിക്കപ്പെടുന്നതായും

നിലമ്പൂർ മേഖലയിലെ പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇത് മാവോയിസ്റ്റുകൾക്ക് ഊരുകളിൽ വീരപരിവേഷം ഉണ്ടാകാൻ കാരണമാകുന്നതായും പറയപ്പെടുന്നു. ഇക്കാര്യത്തിൽ വകുപ്പ് ഒരു ആത്മപരിശോധന നടത്തുകയും സാദ്ധ്യമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുമാണ്.

7.13 ഹോസ്റ്റലുകളിലും MRS-കളിലും കുട്ടികൾക്ക് മോട്ടിവേഷൻ ക്ലാസ്സുകളും കരിയർ ഗൈഡൻസ് ശിൽപ്പശാലകളും സംഘടിപ്പിക്കേണ്ടതാണ്. പട്ടികവർഗ്ഗക്കാരിൽ നിന്നും (വിശിഷ്യാ വകുപ്പിന്റെ സ്ഥാപനങ്ങളിൽ പഠിച്ചവർ) ഉന്നത വിജയങ്ങൾ വിവിധ മേഖലകളിൽ കൈവരിച്ചവരുമായി കുട്ടികൾക്ക് interactive sessions സംഘടിപ്പിക്കുന്നത് കുട്ടികളുടെ ആത്മവിശ്വാസത്തിനും പ്രശ്നപരിഹാരങ്ങൾക്കും മുതൽക്കൂട്ടമാകുമെന്നത് തർക്കരഹിതമായ വസ്തുതയാണ്.

7.14 പല ഹോസ്റ്റലുകളും കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ നിന്നും അകലെയാണ് സ്ഥിതി ചെയ്യുന്നത്. ഇപ്രകാരം ഹോസ്റ്റലിൽ നിന്നും സ്കൂളുകളിലേയ്ക്കും തിരിച്ചുമുള്ള കുട്ടികളുടെ യാത്രയിൽ അനഭിലഷണീയമായ പല പ്രവണതകളും ഉടലെടുക്കുകയും അച്ചടക്കരാഹിത്യത്തിന് കാരണമാകുകയും ചെയ്യുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി ഹോസ്റ്റലിൽ നിന്നും സ്കൂളുകളിലേയ്ക്കും തിരിച്ചും യാത്രാസൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

7.15 MRS-കളിലേയും ഹോസ്റ്റലുകളിലേയും വലിയൊരു വിഭാഗം കുട്ടികൾക്ക് ജനിതകമായിത്തന്നെ അവർക്ക് ലഭിച്ച താളബോധവും, സംഗീത കലാബോധമുള്ളവരുമാണ്. പലരും മികച്ച കലാപ്രവർത്തനങ്ങളിൽ മികവ് തെളിയിച്ചവരുമാണ്. ഇത്തരം സ്ഥാപനങ്ങളിൽ വിവിധ കലകളും സംഗീതവും മറ്റ് ക്രാഫ്റ്റുകളും പഠിപ്പിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

7.16 പട്ടികവർഗ്ഗവിഭാഗക്കാരായ ആളുകൾക്കായി ഏറെക്കുറെ എല്ലാ വകുപ്പുകളും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ ആധിക്യം തന്നെ നിലവിലുണ്ടെങ്കിലും വകുപ്പുകളുടെ ഏകോപനമില്ലായ്മ പലപ്പോഴും ലക്ഷ്യപ്രാപ്തിയ്ക്ക്

വിഘാതായി നിൽക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസനവകുപ്പ് നോഡൽ വകുപ്പായി പ്രവർത്തിച്ചുകൊണ്ട് വിവിധ വകുപ്പുകളുടെ പട്ടികവർഗ്ഗ മേഖലയിലെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശവും ഏകോപനവും നിർവ്വഹിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

7.17 ഇപ്പോൾ വകുപ്പ് നടത്തിവരുന്ന ഭക്ഷ്യധാന്യവിതരണം വാതിൽപ്പടി വിതരണ സമ്പ്രദായ രീതിയിലാണ് നടത്തിവരുന്നത്. കയറ്റിറക്ക് കൂലി, ഗതാഗത ചെലവ് തുടങ്ങിയവയിൽ വകുപ്പിന് വളരെയധികം തുക ചെലവാകുന്നുണ്ട്. ഇതേ ഗുണഭോക്താക്കൾക്കായി പൊതുവിതരണ വകുപ്പ് നൽകുന്ന ഭക്ഷ്യധാന്യങ്ങൾ അവർ റേഷൻ കടകളിൽ എത്തി കൃത്യമായി കൈപ്പറ്റുന്നതായും കാണുന്നു. ഇപ്രകാരം ഭക്ഷ്യധാന്യങ്ങൾ, ഓണക്കോടി തുടങ്ങിയവ പൊതുവിതരണ സമ്പ്രദായം ഉപയോഗപ്പെടുത്തിക്കൊണ്ട് നൽകുന്നത് വലിയ പാഴ് ചെലവ് കുറക്കുന്നതിന് ഉതകുന്നതാണ്. കിടപ്പുരോഗികൾ, അതീവ ദുർഘടമായ പ്രദേശവാസികൾ തുടങ്ങി ഏറ്റവും അത്യാവശ്യമുള്ളവർക്ക് മാത്രമായി വകുപ്പ് നേരിട്ട് ഭക്ഷ്യവസ്തുക്കൾ എത്തിച്ചുനൽകുന്നത് തുടരാവുന്നതാണ്.

7.18 നിലമ്പൂർ മേഖലയിൽ ചോലനായ്ക്കർക്കായി നിശ്ചിത ദിവസങ്ങളിൽ ഭക്ഷണം പാകംചെയ്തു നൽകിവരുന്ന പദ്ധതി വിശദമായി വിലയിരുത്തി ആവശ്യമായ മാറ്റങ്ങൾ നടപ്പാക്കേണ്ടതാണ്.

# അധ്യായം 8
# ചെലവുകളും നേട്ടങ്ങളും
# (Cost-Benefit Analysis)

8.1 പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തനം കാലോചിതമായി മെച്ചപ്പെടുത്തി കൂടുതൽ ജനസൗഹൃദമാക്കുന്നതിനായി വേണ്ടിവരുന്ന അത്യാവശ്യ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശകളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. നിലവിലുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിൽ ക്ലാർക്ക് തസ്തിക ഇല്ലാത്ത 26 ഓഫീസുകളിലും പുതുതായി രൂപീകരിക്കുവാൻ ശുപാർശ ചെയ്തിട്ടുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിലെ ക്ലാർക്ക് തസ്തികകളും ഡയറക്ടറേറ്റിൽ പുതുതായി രൂപീകരിക്കുന്ന സെക്ഷനിലെ ക്ലാർക്ക് തസ്തികകളും ഉൾപ്പെടെ 42 ക്ലാർക്ക് തസ്തികകളും 8 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളും ഒരു ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ തസ്തികയുമാണ് പുതുതായി സൃഷ്ടിക്കാൻ ശുപാർശ ചെയ്തിരിക്കുന്നത്. സാങ്കേതിക തസ്തികകളിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും അദ്ധ്യാപക തസ്തികകളിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ വരുന്ന ജീവനക്കാർക്ക് വകുപ്പിന്റെ അക്കൗണ്ടിൽ നിന്നുതന്നെ നിലവിൽ ശമ്പളം നൽകിവരുന്നതിനാൽ ഈ വിഭാഗം തസ്തികകൾ വകുപ്പിന്റെ ഭാഗമാക്കി മാറ്റുന്നതുകൊണ്ട് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നില്ല. സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികകൾ സീനിയർ സൂപ്രണ്ട് തസ്തികകളും, ഹെഡ് ക്ലാർക്ക് തസ്തികകൾ ജൂനിയർ സൂപ്രണ്ട് തസ്തികകളും ആക്കി മാറ്റുന്നതിനും പ്രസ്തുത തസ്തികകളിൽ ജോലി നോക്കുവരുന്നവർ മേൽപ്പറഞ്ഞ തസ്തികകളുടെ ശമ്പളസ്കെയിലിനു മുകളിൽ എത്തിക്കഴിഞ്ഞവരുമായതിനാൽ സർക്കാരിന് അധികബാദ്ധ്യത ഉണ്ടാവുന്നതല്ല. പുതുതായി സൃഷ്ടിക്കുന്ന തസ്തികകളുടെ അധിക സാമ്പത്തിക ബാദ്ധ്യത (ലീവ് സറണ്ടർ ഉൾപ്പെടെ 13 മാസത്തെ വേതനം എന്ന നിരക്കിൽ) കണക്കാക്കിയത് പട്ടികയായി താഴെ കൊടുക്കുന്നു.

| **തസ്തിക** | **അടിസ്ഥാന ശമ്പളം** | **ഡി.എ.** | **ആകെ** | **വാർഷിക ശമ്പളം (13 മാസത്തേത്)** | **അധിക തസ്തികകളുടെ എണ്ണം** | **ആകെ തുക** |
|---|---|---|---|---|---|---|
| ക്ലാർക്ക് | 19000 | 3800 (20%) | 22800 | 2,96,400/- | 34 | 1,00,77,600 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 30700 | 6140 (20%) | 36840 | 4,78,920/- | 8 | 38,31,360/- |
| ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ | 40500 | 8100 (20%) | 48600 | 6,31,800/- | 1 | 6,31,800/- |
| ആകെ | | | | | 51 | 1,45,40,760 |
| **(ഒരു കോടി നാൽപ്പത്തിയഞ്ച് ലക്ഷത്തി നാൽപ്പതിനായിരത്തി എഴുനൂറ്റി അറുപത് രൂപ മാത്രം)** | | | | | | |

# അധ്യായം 9

# ശിപാർശകളുടെ സംക്ഷിപ്തം

## (Summary of Recommendations)

9.1 പട്ടികവർഗ്ഗവികസന വകുപ്പിലെ കണക്ക് പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി ഡയറക്ടറേറ്റിൽ ഒരു പുതിയ സെക്ഷൻ കൂടി രൂപീകരിക്കാവുന്നതാണ്. (ഖണ്ഡിക 5.10)

9.2 അട്ടപ്പാടി ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസിൽ 2 ക്ലാർക്ക് തസ്തികകൾ കൂടി അധികമായി അനുവദിക്കുന്നതിന് ശുപാർശ ചെയ്യുന്നു. (ഖണ്ഡിക 5.25)

9.3 പുനലൂർ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ അനുവദിക്കപ്പെട്ടിരിക്കുന്ന ജൂനിയർ സൂപ്രണ്ട് തസ്തിക working arrangement വ്യവസ്ഥ നിർത്തലാക്കി അടിയന്തിരമായി പ്രസ്തുത ഓഫീസിലേയ്ക്ക് തന്നെ പുന:ക്രമീകരിക്കേണ്ടതാണ്. (ഖണ്ഡിക 5.35)

9.4 റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ നിലവിലുള്ള ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് ആയി ഉയർത്തുന്നതിന് ശുപാർശ ചെയ്യുന്നു. (ഖണ്ഡിക 5.38)

9.5 ചാലക്കുടി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ 1 ക്ലറിക്കൽ തസ്തിക കൂടി അനുവദിക്കുന്നതിന് ശുപാർശ ചെയ്യുന്നു. (ഖണ്ഡിക 5.44)

9.6 പാലക്കാട് ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ 2 ക്ലാർക്ക് തസ്തികകൾ കൂടി പുതുതായി അനുവദിക്കുന്നതിന് ശുപാർശ ചെയ്യുന്നു. (ഖണ്ഡിക 5.47)

9.7 കോഴിക്കോട് ട്രൈബൽ ഡവലപ്മെന്റ് ഓഫീസിലെ ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയായി അപ്ഗ്രേഡ് ചെയ്ത് ഖണ്ഡിക 5.10- ൽ ശിപാർശ ചെയ്തിരിക്കുന്ന പ്രകാരം ഡയറക്ടറേറ്റിൽ പുതുതായി രൂപീകരിക്കുന്ന സെക്ഷനിലേക്ക് നൽകാവുന്നതാണ്. (ഖണ്ഡിക 5.50)

9.8 നിലവിൽ ക്ലറിക്കൽ തസ്തിക ഇല്ലാത്ത എല്ലാ ട്രൈബൽ എക്സ്റ്റൻഷൻ

ഓഫീസുകളിലും അടിയന്തിരമായി ഓരോ ക്ലറിക്കൽ തസ്തിക അനുവദിക്കുന്നതിന് ശുപാർശ ചെയ്യുന്നു. (ഖണ്ഡിക 5.59)

9.9 **പുതുതായി ശിപാർശ ചെയ്തിരിക്കുന്ന ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചതിനുശേഷം ജോലിഭാരം വിലയിരുത്തി അവിടങ്ങളിൽ ക്ലറിക്കൽ തസ്തിക അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കാവുന്നതാണ്.** (ഖണ്ഡിക 5.59 (എ))

9.10 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ കഴിയുന്നതും ഓഫീസിനു സമീപം തന്നെ താമസിക്കുന്നത് ഉചിതമായിരിക്കും എന്ന് കാണുന്നു. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾക്ക് അനുബന്ധമായി സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഖണ്ഡിക 5.59 (ബി))

9.11 തിരുവനന്തപുരം ജില്ലയിൽ കുറ്റിച്ചൽ ആസ്ഥാനമായി ഒരു പുതിയ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് സ്ഥാപിക്കുന്നതിന് ശുപാർശ ചെയ്യുന്നു. (ഖണ്ഡിക 5.62)

9.12 കൊല്ലം ജില്ലയിൽ പിറവന്തൂർ ആസ്ഥാനമായി ഒരു പുതിയ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് സൃഷ്ടിക്കുന്നതിന് ശുപാർശ ചെയ്യുന്നു. പുതുതായി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് രൂപീകരിക്കുന്നതിനായി ശുപാർശ സമർപ്പിക്കുന്ന വേളയിൽ പിറവന്തൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് രൂപീകരണത്തിന് പ്രഥമ പരിഗണന നൽകേണ്ടതാണ്. (ഖണ്ഡിക 5.65)

9.13 പത്തനംതിട്ട ജില്ലയിൽ ചിറ്റാർ ആസ്ഥാനമാക്കി ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് സൃഷ്ടിക്കുന്നതിന് ശുപാർശ ചെയ്യുന്നു. (ഖണ്ഡിക 5.66)

9.14 ഇടുക്കി ഐ.റ്റി.ഡി.പി.യിൽ ഉൾപ്പെടുന്ന പൂമാല, ഇടുക്കി എന്നീ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളുടെ പരിധിയിൽ വരുന്ന വണ്ണപ്പുറം, കഞ്ഞിക്കുഴി മേഖലകൾ ഉൾപ്പെടുത്തി കഞ്ഞിക്കുഴി കേന്ദ്രമാക്കി ഒരു പുതിയ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് സൃഷ്ടിക്കുന്നതിന് ശുപാർശ ചെയ്യുന്നു. (ഖണ്ഡിക 5.73)

9.15 തൃശ്ശൂർ ജില്ലയിൽ ആമ്പല്ലൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ അധികാരപരിധിയിൽ നിന്നും ചാലക്കുടി ബ്ലോക്ക് വിഭജിച്ചുകൊണ്ട് ആതിരപ്പള്ളി ആസ്ഥാനമാക്കി ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് പുതുതായി സൃഷ്ടിക്കുന്നതിന് ശുപാർശ ചെയ്യുന്നു. (ഖണ്ഡിക 5.79)

9.16 പുതുതായി ആതിരപ്പള്ളി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് നിലവിൽ വരുന്ന

സാഹചര്യത്തിൽ ആമ്പല്ലൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ ആസ്ഥാനം കൂടുതൽ സൗകര്യപ്രദമായ സ്ഥാനത്തേക്ക് മാറ്റി സ്ഥാപിക്കേണ്ടതാണ്. (ഖണ്ഡിക 5.80)

9.17 പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് കേന്ദ്രീകരിച്ച് ഒരു പുതിയ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് അനുവദിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു. (ഖണ്ഡിക 5.84)

9.18 കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി ആസ്ഥാനമാക്കി ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് സ്ഥാപിക്കുന്നതിന് ശുപാർശ ചെയ്യുന്നു. (ഖണ്ഡിക 5.89)

9.19 ആറളം മേഖലയിലെ പുനരധിവാസപ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ സൈറ്റ് മാനേജരുടെ പ്രവർത്തനം അവസാനിക്കുന്ന മുറയ്ക്ക് ആറളം ഫാം മേഖലയ്ക്ക് മാത്രമായി ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് അനുവദിക്കേണ്ടതാണെന്ന് ശുപാർശ ചെയ്യുന്നു. (ഖണ്ഡിക 5.97)

9.20 കാസർഗോഡ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിനു കീഴിൽ പരപ്പ ആസ്ഥാനമാക്കി ഒരു പുതിയ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് സൃഷ്ടിക്കണമെന്ന് ശുപാർശ ചെയ്യുന്നു. (ഖണ്ഡിക 5.105)

9.21 ആലപ്പുഴ ജില്ലയിൽ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് ഇല്ലാത്ത സാഹചര്യത്തിൽ എല്ലാ ജില്ലാതല യോഗങ്ങളിലും വകുപ്പിനെ പ്രതിനിധീകരിക്കുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. (ഖണ്ഡിക 5.110)

9.22 കാസർഗോഡ് ജില്ലയിൽ പരപ്പ ആസ്ഥാനമാക്കി ഒരു ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ് കൂടി അനുവദിയ്ക്കുന്നതിന് ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5.120)

9.23 അട്ടപ്പാടി, ചാലക്കുടി, കോഴിക്കോട് ടി.ഡി.ഒ ഓഫീസുകളിലെ സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികകൾ സീനിയർ സൂപ്രണ്ടായി അപ്ഗ്രേഡ് ചെയ്ത് അതാത് ഓഫീസുകളിൽ നിലനിർത്തുന്നതിന് ശിപാർശ ചെയ്യുന്നു. പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റിലെ സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തിക സീനിയർ സൂപ്രണ്ടായി അപ്ഗ്രേഡ് ചെയ്ത് കാസർഗോഡ് ജില്ലയിൽ പുതുതായി പ്രൊപ്പോസ് ചെയ്തിട്ടുള്ള പരപ്പ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് പ്രവർത്തനമാരംഭിക്കുന്ന മുറയ്ക്ക്

മാറ്റി നിയമിക്കാവുന്നതാണ്. (ഖണ്ഡിക 5.25, 5.45, 5.50, 5.120 )

9.24 വാർഡൻ തസ്തികയിലേക്ക് സ്പെഷ്യൽ റൂൾ തയ്യാറാക്കി പ്രത്യേകം നിയമനം സംസ്ഥാനതലത്തിൽ നടത്താവുന്നതോ നിലവിലുള്ള എൽ.ഡി. ക്ലാർക്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികളിൽ നിന്നും പ്രീമെട്രിക് ഹോസ്റ്റൽ വാർഡൻ തസ്തികയിൽ നിയമിക്കപ്പെടുന്നതിനുള്ള സമ്മതപത്രം സ്വീകരിച്ച് അവയിൽ നിയമിക്കുന്നതിന് പി.എസ്.സി.യോട് ആവശ്യപ്പെടുകയോ ചെയ്യേണ്ടതാണ്. (ഖണ്ഡിക 6.9)

9.25 പ്രീമെട്രിക് ഹോസ്റ്റൽ വാർഡൻ എന്ന എൽ.ഡി. ക്ലാർക്ക് സ്കെയിലിൽ ഉള്ള entry cadre തസ്തികയിൽ 1 : 1 എന്ന അനുപാതത്തിൽ ഹയർ ഗ്രേഡ് നൽകാവുന്നതും പോസ്റ്റ്മെട്രിക് ഹോസ്റ്റൽ വാർഡൻ/അഗതി മന്ദിരത്തിലെ വാർഡൻ തുടങ്ങിയവ next level promotion തസ്തികയായും MRS Manager എന്ന നിലവിലെ ജൂനിയർ സൂപ്രണ്ടിന് തുല്യമായ തസ്തിക മുൻപുണ്ടായിരുന്നതു പോലെ Senior Warden-ന്റെ പ്രൊമോഷൻ തസ്തികയുമായി നിശ്ചയിക്കണമെന്ന് ശുപാർശ ചെയ്യുന്നു. ഇത് എത്രയുംവേഗം നടപ്പിലാക്കേണ്ടതും നിലവിൽ വകുപ്പിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് താൽപ്പര്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വാർഡൻ തസ്തികയിലേക്ക് മാറുന്നതിന് അവസരം കൊടുക്കാവുന്നതുമാണ്. (ഖണ്ഡിക 6.10)

9.26 വാർഡൻ തസ്തികയിലേക്ക് നേരിട്ട് നിയമനം നടത്തുമ്പോൾ ഹോസ്റ്റലുകളിലെ വാച്ച്മാൻ, വകുപ്പിലെ മറ്റ് ലാസ്റ്റ്ഗ്രേഡ് തസ്തികയിൽ ജോലി നോക്കുന്നവർ എന്നിവർക്ക് നിശ്ചിത ശതമാനം ഒഴിവുകൾ മാറ്റിവെക്കാവുന്നതാണ്. നേരിട്ടുള്ള നിയമനത്തിൽ വകുപ്പിലെ ഹോസ്റ്റലുകളിലോ സമാനമായ സ്ഥാപനങ്ങളിലോ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് ജോലി പരിചയത്തിന്റെ അടിസ്ഥാനത്തിൽ വെയിറ്റേജ് അനുവദിക്കാവുന്നതുമാണ്. (ഖണ്ഡിക 6.11, 6.12)

9.27 പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഹോസ്റ്റലുകളിൽ കുട്ടികളുടെ എണ്ണം 60 -ൽ കൂടുമ്പോൾ കരാർ വ്യവസ്ഥയിൽ കുക്കുമാരെ നിയമിക്കുന്നതിന് 20:1 എന്ന അനുപാതം നടപ്പിൽ വരുത്താൻ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്. (ഖണ്ഡിക 6.13)

9.28 പട്ടികവർഗ്ഗ വികസന വകുപ്പിലെ എല്ലാ ഹോസ്റ്റലുകളിലും ഒരു ഫുൾ ടൈം

സ്വീപ്പർ തസ്തിക അനുവദിയ്ക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു. (ഖണ്ഡിക 6.13)

9.29 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ വിഭാവനം ചെയ്തിരിക്കുന്ന പൂർണ്ണമായ അർത്ഥത്തിൽ പ്രവർത്തനം കേന്ദ്രീകരിക്കുന്നതിനായി MRS-കളിലെ അദ്ധ്യാപക തസ്തിക വകുപ്പിന്റെ കീഴിൽ സൃഷ്ടിക്കേണ്ടതാണ്. തത്സംബന്ധമായ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിന് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതും പൊതുവിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപക നിയമനത്തിന് പി.എസ്.സി. തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളുടെ സമ്മതപത്രം വാങ്ങി ഇതിലേക്ക് നിയമനം നടത്താവുന്നതും വകുപ്പിലെ യോഗ്യരായ ജീവനക്കാർക്ക് അദ്ധ്യാപക നിയമനത്തിൽ നിശ്ചിത ശതമാനം സീറ്റുകൾ നീക്കിവയ്ക്കാവുന്നതുമാണ് . തിരുവനന്തപുരം ജില്ലയിലെ ഞാറനീലിയിൽ പ്രവർത്തിച്ചുവരുന്ന CBSE MRS -ലും അദ്ധ്യാപകരുടെ നേരിട്ടുള്ള നിയമനത്തിന് നടപടി സ്വീകരിക്കേണ്ടതാണ്. നേരിട്ടുള്ള സ്ഥിരനിയമനം നടത്തുന്നതുവരെ MRS ഞാറനീലിയിൽ കുറഞ്ഞത് 5 വർഷത്തേക്കെങ്കിലുമുള്ള കരാർ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയോഗിക്കുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു. (ഖണ്ഡിക 6.16,6.17,6.18)

9.30 MRS-കളിൽ +2 തലത്തിൽ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ബാച്ചുകളുടെ കോമ്പിനേഷനുകൾ അനുവദിയ്ക്കുന്നതിന് ഡയറക്ടർ നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു. (ഖണ്ഡിക 6.19)

9.31 MRS-കളിൽ മതിയായ ശുചീകരണ തൊഴിലാളികൾ നിലവിലില്ലെന്ന് ജീവനക്കാർ ചൂണ്ടിക്കാട്ടിയിട്ടുള്ള സാഹചര്യത്തിൽ അതാത് ജില്ലാതല ഓഫീസർമാർ പരിശോധന നടത്തി റിപ്പോർട്ട് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും ഡയറക്ടർ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. (ഖണ്ഡിക 6.20)

9.32 ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ പ്രസക്തി വിലയിരുത്തിയതിനു ശേഷം ആവശ്യമായവ നിലനിർത്തുന്നതിന് തീരുമാനിയ്ക്കുന്ന അവസരത്തിൽ ജീവനക്കാർക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ ജീവനക്കാർക്ക് തുല്യമായ പ്രതിഫലം ഉറപ്പുവരുത്തുന്നതിന് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്. (ഖണ്ഡിക 6.21)

9.33 പൊതുമരാമത്ത് വകുപ്പിൽ നിന്നുമുള്ള എഞ്ചിനീയറിംഗ് വിംഗിൽ മാറ്റം

വരുത്തി പട്ടികവർഗ്ഗവികസന വകുപ്പിലേക്ക് നേരിട്ട് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. (ഖണ്ഡിക 6.27)

9.34 പട്ടികവർഗ്ഗവികസന വകുപ്പിൽ ഇ-ഗവർണൻസ് സംവിധാനം നടപ്പിലാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഖണ്ഡിക 6.28, 6.29, 6.30, 6.31)

9.35 വകുപ്പ് നടത്തുന്ന യോഗങ്ങൾ കഴിവതും ഓൺലൈനായി മാത്രം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.(ഖണ്ഡിക 6.33)

9.36 ഓഫീസിലെ ഫയൽ നടപടിക്രമങ്ങൾ (സാധാരണ ഫയലുകൾ) പൂർണ്ണമായും ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് മാറ്റേണ്ടതാണ്. (ഖണ്ഡിക 6.34)

9.37 kerala.gov.in എന്ന domain-ൽ എല്ലാ ഓഫീസുകളും ഔദ്യോഗിക ഇ-മെയിൽ സൃഷ്ടിച്ച് ഉപയോഗിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഖണ്ഡിക 6.35)

9.38 വകുപ്പിനു വേണ്ടി പുതിയ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നത് ഓപ്പൺ ഓഫീസ് അധിഷ്ഠിതമായിരിക്കേണ്ട 109 തും പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുമ്പോൾ നിർബന്ധമായും ഓപ്പൺ ഓഫീസ് സോഫ്റ്റ് വെയർ തന്നെ ഉപയോഗിക്കേണ്ടതുമാണ്. (ഖണ്ഡിക 6.36)

9.39 ഫയലുകൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന് മുന്നോടിയായി വകുപ്പിലെ എല്ലാ ജീവനക്കാർക്കും യൂണികോഡ് മലയാളം ടൈപ്പിംഗിൽ പരിശീലനം നൽകേണ്ടതാണ്. (ഖണ്ഡിക 6.37)

9.40 പട്ടികവർഗ്ഗക്കാരുടെ വിവരശേഖരണം നടത്തി തയ്യാറാക്കുന്ന ഡാറ്റാബേസിന്റെ അടിസ്ഥാനത്തിൽ ഓരോ വ്യക്തിയുടെയും വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഐഡന്റിറ്റി കാർഡ് തയ്യാറാക്കി നൽകുകയും ആ ഐഡന്റിറ്റി കാർഡ് ഏതൊക്കെ സേവനങ്ങൾക്ക് സാക്ഷ്യപത്രമായി ഉപയോഗിക്കാൻ സാധിക്കുമെന്ന് സർക്കാരിനെ അറിയിക്കുകയും ആയത് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഡയറക്ടർ ശുപാർശ നൽകേണ്ടതുമാണ്.(ഖണ്ഡിക 7.1)

9.41 വയനാട് ജില്ലയിലും നിലമ്പൂർ കാടുകളിലും കണ്ടുവരുന്ന സവിശേഷ പ്രാധാന്യം അർഹിക്കുന്നതും വ്യത്യസ്തമായ ജനിതക ഘടനയും സ്വഭാവ സവിശേഷതകളും ഉൾക്കൊള്ളുന്ന ഗോത്രവിഭാഗങ്ങളെക്കുറിച്ച് വകുപ്പിന്റെ നേതൃത്വത്തിൽ വിദഗ്ധരെ

ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു നരവംശ ശാസ്ത്രപഠനം (Anthropological study) ഈ മേഖലയിൽ നടത്തുന്നതിന് ശുപാർശ ചെയ്യുന്നു. (ഖണ്ഡിക 7.3)

9.42 ആദിവാസി ഊരുകളിൽ ജനപങ്കാളിത്തത്തോടുകൂടി ലഹരി വിമുക്ത പ്രവർത്തിനായുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതും ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് MRS-കളിലും ഹോസ്റ്റലുകളിലും പ്രത്യേക ക്ലാസ്സുകൾ നടത്തേണ്ടതുമാണ്. കൂടാതെ ഇക്കാര്യത്തിൽ ഊരുകളിൽ ബോധവത്ക്കരണ ക്യാമ്പുകളും ആവശ്യമായ നിയമസഹായങ്ങളും നൽകേണ്ടതാണ്.(ഖണ്ഡിക 7.4)

9.43 സർക്കാർ ഉദ്യോഗസ്ഥരോ ആദായനികുതി നൽകുന്നവരോ അല്ലാത്ത പട്ടികവർഗ്ഗക്കാർക്ക് ഭൂമി സംബന്ധമായ വ്യവഹാരങ്ങളിൽ ആവശ്യമായ ഉപദേശങ്ങളും മറ്റ് സഹായങ്ങളും നൽകുന്നതിന് വകുപ്പ് പദ്ധതി രൂപീകരിക്കേണ്ടതാണ്.(ഖണ്ഡിക 7.6)

9.44 ജനിക്കുന്ന കുട്ടി പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്നതിനാലും, പട്ടികവർഗ്ഗക്കാരായ ശിശുക്കളുടെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കുന്ന പദ്ധതി എന്ന നിലയിലും, പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്ന പുരുഷൻമാർ വിവാഹം കഴിക്കുന്ന മറ്റ് സമുദായക്കാരായ സ്ത്രീകൾക്ക്, സാമ്പത്തിക പരിധിക്കുള്ളിൽ വരുന്നതാണെങ്കിൽ, ജനനി ജന്മരക്ഷാ പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകാവുന്ന രീതിയിൽ പദ്ധതിയുടെ മാർഗ്ഗരേഖയിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്.(ഖണ്ഡിക 7.8)

9.45 ഹോസ്റ്റലുകളിലും MRS-കളിലും കുട്ടികൾക്ക് മോട്ടിവേഷൻ ക്ലാസ്സുകളും കരിയർ ഗൈഡൻസ് ശിൽപ്പശാലകളും സംഘടിപ്പിക്കേണ്ടതാണ്. (ഖണ്ഡിക 7.13)

9.46 ഭക്ഷ്യധാന്യം മുതലായവയുടെ വാതിൽപ്പടി വിതരണം പൊതുവിതരണ സമ്പ്രദായത്തിലൂടെ ആക്കി മാറ്റുന്നത് ചെലവ് കുറക്കുന്നതിന് ഉതകുന്നതായതിനാൽ ഇക്കാര്യം വകുപ്പ് പരിശോധിക്കേണ്ടതാണ് . (ഖണ്ഡിക 7.17)

9.47 നിലമ്പൂർ മേഖലയിൽ ചോലനായ്ക്കർക്കായി നിശ്ചിത ദിവസങ്ങളിൽ ഭക്ഷണം പാകംചെയ്തു നൽകിവരുന്ന പദ്ധതി വിശദമായി വിലയിരുത്തി ആവശ്യമായ മാറ്റങ്ങൾ നടപ്പാക്കേണ്ടതാണ്. (ഖണ്ഡിക 7.18)

# അധ്യായം 10

## തുടർ നടപടികൾ
## (Further Actions)

10.1 ഈ റിപ്പോർട്ട് ലഭിച്ച് ഒരു മാസത്തിനകം ഇതിലെ ശിപാർശകളിന്മേൽ സ്വീകരിക്കേണ്ട തുടർ നടപടികൾ സംബന്ധിച്ച പ്രൊപ്പോസൽ വകുപ്പ് തലവൻ തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം റിപ്പോർട്ട് ലഭിച്ച് മൂന്ന് മാസങ്ങൾക്കകം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ അറിയിക്കേണ്ടതാണ്.

# കൃതജ്ഞത
# (Acknowledgement)

ഈ പ്രവൃത്തി പഠനം വിജയകരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ സഹകരണം നൽകിയ പട്ടികവർഗ്ഗ വികസന വകുപ്പിലെ എല്ലാ അധികാരികളോടും ഉദ്യോഗസ്ഥരോടും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

ഡോ: ആശ തോമസ്
അഡീഷണൽ ചീഫ് സെക്രട്ടറി
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്


തിരുവനന്തപുരം
തീയതി:

# അനുബന്ധങ്ങളുടെ പട്ടിക
# (List of Annexures)

| അനുബന്ധം നമ്പർ | വിവരണം |
|---|---|
| I | പട്ടികവർഗ്ഗ വികസന വകുപ്പ്- ഓർഗനൈസേഷൻ ചാർട്ട് |
| II | പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2001) 124- )-മത് റിപ്പോർട്ടിലെ ഖണ്ഡിക 1.13 -ന്റെ പകർപ്പ് |

# പട്ടികവർഗ്ഗ വികസന വകുപ്പ്

# ഓർഗനൈസേഷൻ ചാർട്ട്



TENTH KERALA LEGISLATIVE ASSEMBLY

# COMMITTEE ON PUBLIC ACCOUNTS (2001)

## HUNDRED AND TWENTY FIFTH REPORT

(Presented on 2nd March 2001)

SECRETARIAT OF THE KERALA LEGISLATURE



1.12. In respect of the other districts also it will be completed at the earliest.

### Further Recommendation

**1.13. The Committee desire to be informed of the latest position regarding the conduct of evaluation study in respect of districts other than Idukki, Wayanad and Kannur. The Committee also wanted to know what action had been taken so far for introducing a sound internal audit system in the Department.**

GOVERNMENT OF KERALA

**Abstract**

HARIJAN WELFARE—ESTABLISHMENT—FORMATION OF DEPARTMENT OF TRIBAL WELFARE—ORDERS ISSUED

---

DEVELOPMENT (D) DEPARTMENT

**G. O. (P) 69|75|DD.** **Dated, Trivandrum, 21st June 1975.**

---

*Read:*—1. G. O. Rt. 4666/74/PD dated 30-10-1974.

2. D. O. letter No. Dev. A1-65403/74 dated 7-1-1975 from the Director of Harijan Welfare.

3. D. O. letter dated 10-1-1975 from the Special Officer, Tribal Welfare.

ORDER

The Scheduled Tribes constitute 1.26% of the total population of Kerala. In the Fifth Five Year Plan more emphasis has been given to Tribal Development Programmes. As a result of implementation of numerous programmes both under plan and non-plan in the tribal area, several infra-structural facilities have been created, strengthened and improved. But the benefits derived out of these development activities are being more enjoyed by the non-tribals than the tribals. One of the major reasons for the failure of Development Departments to ensure that the benefit of these activities exclusively reach the tribal population is the lack of a separate and purposeful organisational set up to devote its undivided attention to the needs and aspirations of the tribal people. It has, therefore, become necessary to tone up and to reorganise the administrative machinery dealing with tribal problems so as to cope with the new tribal programmes envisaged during the Fifth Plan period. The question whether the existing Harijan Welfare Department may be bifurcated and a separate Department created to look after the tribal welfare to achieve the purpose mentioned above has been engaging the attention of Government for some time.

2. After having considered all aspects of the case Government are pleased to issue the following orders in the matter.

(i) A new Department by name "Tribal Welfare Department' will be formed exclusively to look after the matters connected with tribals. The Special Officer, Tribal Welfare appointed as per G. O. read as first paper above will be the Head of the Department of Tribal Welfare and also the Ex-officio Special Secretary to Government.

(ii) The Officers and staff of the Tribal Welfare Department and of the Harijan Welfare Department will be treated as a single unit for purposes of appointment, promotions, seniority etc. Transfers, postings etc., of the staff to the Tribal Welfare Department will be done by the Director of Harijan Welfare in consultation with the Special Officer, Tribal Welfare.

(iii) The following will be the staff strength of the Office of the Special Officer, Tribal Welfare and this will be found partly by transfer of the existing staff in the Harijan Welfare Department and partly by creating new posts as detailed below:—

*Staff strength of the Office of the Special Officer, Tribal Welfare.*

| | | |
|---|---|---|
| 1. | Special Officer, Integrated Area Development Programme | 1 |
| 2. | Accounts Officer | 1 |
| 3. | Senior Superintendent | 1 |
| 4. | Junior Superintendents | 3 |
| 5. | U. D. Clerks | 6 |
| 6. | L. D. Clerks | 14 |
| 7. | L. D. Typist | 3 |
| 8. | Stenographer | 1 |
| 9. | Record Keeper | 1 |
| 10. | Peons | 4 |
| 11. | Watchman. | 1 |

*Staff to be diverted from the Harijan Welfare Department to the Office of the Special Officer, Tribal Welfare.*

| | |
|---|---|
| Special Officer, Integrated Area Development Programme | 1 |
| Senior Superintendent | 1 |
| Junior Superintendents | 3 |
| U. D. Clerks | 6 |
| L. D. Clerks | 10 |
| L. D. Typist | 3 |
| Stenographer | 1 |
| Peons. | 3 |

(iv) Sanction is accorded for the creation of the following posts t... the end of February, 1976 for the Office of the Special Officer, Tribal Welfare with the view to providing the office with the full complement of the staff detailed under item (iii) above.

| | | | |
|---|---|---|---|
| 1. | Accounts Officer | (Rs. 495-835) | 1 |
| 2. | L. D. Clerks | (Rs. 235-385) | 4 |
| 3. | Record Keeper | (Rs. 215-375) | 1 |
| 4. | Peon | (Rs. 196-265) | 1 |
| 5. | Watchman | (Rs. 196-265) | 1 |

3. *District-level organisation.*

There will be District-level organisations under the Tribal Development Department. But the present Revenue District need not be taken as Unit of administration for the purpose of Tribal Development. Taking into consideration the concentration of the tribal population, there will be 5 Units of Administration as shown below:—

| | | *Headquarters* |
|---|---|---|
| Tribal areas of Cannanore & Kozhikode Districts | 1 Unit | Manantoddy. |
| ,, of Malappuram & Trichur Districts | ,, | Nilambur. |
| ,, of Palghat District | ,, | Mannarghat. |
| ,, of Idukki District | ,, | Thodupuzha. |
| ,, of Trivandrum & Quilon Districts | ,, | Punalur. |

(ii) There will be a Tribal Development Officer for each Unit with Office staff. The following will be the staff strength for each unit and this will be found partly by transfer of the existing staff in the Harijan Welfare Department and partly by creating new posts as detailed below:—

*Staff strength for each of the Five Tribal Development Units*

| | *Tribal Development Officer* | *Head Clerk* | *U.D. Clerk* | *L.D. Clerk* | *L.D. Typist* | *Peon* | *Watchman* |
|---|---|---|---|---|---|---|---|
| Manantoddy | [illegible] | 1 | 2 | 4 | 1 | 1 | 1 |
| Nilambur | 1 | nil | 1 | 3 | 1 | 1 | 1 |
| Mannarghat | 1 | 1 | 2 | 4 | 1 | 1 | 1 |
| Thodupuzha | 1 | 1 | 2 | 3 | 1 | 1 | 1 |
| Punalur | 1 | nil | 1 | 3 | 1 | 1 | 1 |
| Total | 5 | 3 | 8 | 17 | 5 | 5 | 5 |

ARCHIVES STATE ARCHIVES DEPT.

*Staff to be diverted from the Harijan Welfare Department to the Tribal Development Units.*

| | |
|---|---|
| Tribal Officer | 1 |
| U. D. Clerks | 7 |
| L. D. Clerks | 17 |
| L. D. Typist | 1 |
| Peons | 5 |

(iii) Sanction is accorded for the creation of the following posts till the end of February 1976 with a view to providing the Tribal Development Offices with the full complement of the staff.

| | | |
|---|---|---|
| Tribal Development Officer | Rs. 495-835 | 4 |
| Head Clerks | Rs. 330-570 | 3 |
| U. D. Clerk | Rs. 275-525 | 1 |
| L. D. Typist | Rs. 235-385 | 4 |
| Watchman | Rs. 196-265 | 5 |

(iv) The post of Tribal Officer diverted from the Harijan Welfare Department will be designated as Tribal Development Officer so that there will be 5 Tribal Development Officers in all.

4. *Taluk-level Administration.*

For the present, the Taluk Welfare Inspectors of the Harijan Welfare Department will continue to attend to the duties connected with Tribal Welfare and will be subordinate to the Tribal Development Officers so far as Tribal matters are concerned.

5. *Control of Offices and Institutions.*

The existing Offices and Institutions under the Harijan Welfare Department now functioning exclusively for the tribals will be deemed to be functioning under the Tribal Welfare Department.

6. *Delegation of powers.*

The Special Officer, Tribal Welfare and the Tribal Development Officers will exercise the powers of the Director of Harijan Welfare and District Welfare Officers respectively. If more delegation is required, the Special Officer, Tribal Welfare will forward specific proposals to Government.

7. *Vehicles.*

Half the number of vehicles in the Harijan Welfare Department will be transferred to the Tribal Welfare Department.

4801561/2020/P&ARD(OS)



8. *Stationery & Forms.*

The Stores, articles, furniture etc., required for the Tribal Welfare Department will be obtained from the Harijan Welfare Department for the time being.

9. *Budget provision.*

The Special Officer, Tribal Welfare and Tribal Development Officers will operate the funds specifically provided in the Budget for the Welfare of the Tribes provided such schemes come under the Tribal Welfare Department. In respect of schemes common to Scheduled Castes and Scheduled Tribes where funds are provided under a single budget head, that much amount which may go to tribal welfare will be placed at the disposal of the Special Officer, Tribal Welfare by the Director of Harijan Welfare. The Special Officer, Tribal Welfare will take immediate action for providing necessary funds for the Tribal Welfare Department in the current year's Budget.

10. *Common functions.*

The matters common to Scheduled Castes and Scheduled Tribes will continue to be attended to by the Director of Harijan Welfare for the time being.

11. *Date of formation.*

The new Department will come into being on 1-7-1975.

By order of the Governor,

M. S. K. RAMASWAMY.

*Secretary to Government.*

To

The Director of Harijan Welfare.
The Government of India, Ministry of Home Affairs (with C. L.).
The Special Officer, Tribal Welfare.
The Accountant General, Kerala. (This issues with the concurrence of the Finance Department).
All Heads of the Departments and Collectors.
All Secretaries to Government/Additional Secretary/Joint Secretaries/Under Secretaries.
All Sections of the Secretariat.
The Director of Public Relations.
The Superintendent of Government Press.
The Public (Special A) Department.
The Finance Department (Vide U. O. No. 2742/A & D/C1/75/Fin dated 16-5-1975).

3/1900/MC.

105

GOVERNMENT OF KERALA

Abstract

Tribal Welfare - Establishment - Separation from Harijan Welfare Department and Strengthening of the Tribal Welfare Department - Order issued.

---

DEVELOPMENT (C) DEPARTMENT

G. O. MS. No.100/79/DD Dated, Trivandrum, 26-7-1979.

---

Read:- 1. G. O. (P) 69/75/DD dated 21-6-75.
2. Letter No. Plg. A.5875/78/TW. dated 12-7-78 from the Director of Tribal Welfare.
3. G. O. MS. No.123/78/DD dated 8-8-78.

ORDER

In the G. O. read as Ist paper above, a new Department by name "Tribal Welfare Department" was formed exclusively to look after the welfare of Scheduled Tribes in the State, bifurcating the Harijan Welfare Department. But the staff of both these Departments was treated as a single unit for purposes of appointment, Promotion, Seniority etc. So also, the Taluk Welfare Inspectors of the Harijan Welfare Department continued to attend to the duties related to Tribal Welfare activities also, in the absence of separate field staff for the Tribal Welfare Department. The schemes pertaining to educational concessions for Scheduled Tribes also continued to be attended to by the Harijan Welfare Department.

2. The Director of Tribal Welfare in his letter read as 2nd paper above has reported the defects and draw-backs of this arrangement and pointed out the necessity of completely separating the Tribal Welfare Department from the Harijan Welfare Department and the need for strengthening the Tribal Welfare Department for its effective functioning. He has also submitted necessary detailed proposals in this regard. The above proposals involve separation of the Tribal Welfare Department from the Harijan Welfare Department and strengthening of the Headquarters and the Field Staff.

3. Government have examined the above proposals in detail. After careful consideration of all aspects of the matter Government are pleased to order as follows.

(i) The Department of Tribal Welfare will be completely separated from the Department of Harijan Welfare and will exist as an independent Department.

(ii) The following posts will be additionally created in the Department.

contd..2

| | | Scale of pay | No. of post |
|---|---|---|---|
| 1. | **Headquarters:** | | |
| 1. | Administrative Officer | 910-1550 | 1 |
| 2. | Accounts Officer (Upgraded) | 750-1450 | 1 |
| 3. | Peons | 280-400 | 2 |
| 4. | Roneo Operator | 310-490 (290-425 vide Go.Rt. 124/80/DD) | 1 |
| 2. | **Field Staff:** | | |
| 1. | Tribal Development Officer. | 700-1270 | 2 |
| 2. | P.A. to Tribal Development Officer. | 520-900 | 7 |
| 3. | Head Clerks | 450-785 | 4 |
| 4. | U. D. Clerks | 390-685 | 6 |
| 5. | L. D. Clerks | 330-515 | 11 |
| 6. | L. D. Typists | 330-515 | 9 |
| 7. | Peons | 280-400 | 9 |
| 8. | Watchman | 280-400 | 2 |
| 9. | Industrial Supervisor | 520-900 | 2 |
| 10. | Peons to Industrial Supervisor. | 280-400 | 2 |
| 11. | Tribal Extension Officers. | 450-785 | 28 |
| 12. | Driver | 310-490 | 3 |
| 3. | **I.T.D. Projects:** | | |
| 1. | Project Officers | 910-1550 | 4 |
| 2. | Stenographer | 350-580 | 4 |
| 3. | U. D. Clerks | 390-685 | 4 |
| 4. | Peons | 280-400 | 4 |
| 5. | Drivers | 310-490 | 4 |

LOCATION:

4. The Director of Tribal Welfare will send necessary proposals for the location of Tribal Development Officers, Tribal Extension Officers and I. T. D. Projects fixing jurisdiction to Government for sanction.

Staff Pattern:

5. Tribal Development Offices

The Tribal Development Offices will have a uniform staff pattern as below:-

| | | | |
|---|---|---|---|
| 1. | Tribal Development Officer. | 700-1270 | 1 |
| 2. | P.A. to Tribal Development Officer. | 520-900 | 1 |
| 3. | Head Clerk | 450-785 | 1 |
| 4. | U. D. Clerk | 390-685 | 2 |
| 5. | L. D. Clerk | 330-515 | 4 |
| 56 | L. D. Typist | 330-515 | 2 |
| 8. | Peons | 280-400 | 2 |
| 8. | Watchman | 280-400 | 1 |
| 9. | Driver | 310-490 | 1 |

O/o DIRECTOR OF ARCHIVES, STATE ARCHIVES DEPARTMENT, NALANDA, THIRUVANANTHAPURAM

contd..3

I. T. D. Projects:

| | | | |
|---|---|---|---|
| 1. | Project Officer | 910-1550 | 1 |
| 2. | Stenographer | 350-580 | 1 |
| 3. | U. D. Clerk | 390-685 | 1 |
| 4. | Peon | 280-400 | 1 |
| 5. | Driver | 310-490 | 1 |

Posting of staff:

6. Barring two or three officers who came on deputation from other Departments and those working in the Integrated Tribal Development Project, Attappady all the officers and staff now working in the Tribal Welfare Department are those either drafted from the Harijan Welfare Department or appointed by the Director of Harijan Welfare as both the Departments formed a single unit. All Officers and staff in the Tribal Welfare Department and Harijan Welfare Department will be given option for absorption in the Tribal Welfare Department or retention in the Harijan Welfare Department. There is no need for such option in respect of officers working in institutions meant exclusively for Scheduled Tribes and where there are no identical posts in the Harijan Welfare Department. The Tribal Research and Training Centre, Kozhikode will be under the Tribal Welfare Department. As the separation will, in effect, take place only when the officers and staff are regularly absorbed in either of the two Departments after obtaining their option, regular absorption etc. in the respective Departments will have to be done expeditiously. The Director of Tribal Welfare will send necessary proposals to Government regarding the method of acceptance of option and obtain Government Orders in the matter.

7. Schemes relating to education concessions for Scheduled Tribes will be continued to be implemented by the Director of Harijan Welfare for the current academic year. The Director of Tribal Welfare will take suitable steps to implement the schemes from next academic year onwards. He will obtain Government orders regarding the method of filling up of the various posts in the Department.

Staff Quarters:

8. The proposals of Director of Tribal Welfare regarding staff quarters is agreed to in principle.

Project Cell

9. It is sufficient to form a Central Project Cell in the Directorate itself. The Director will forward to Government separate proposals on this behalf. Meanwhile the existing unit at Attappady may continue.

Telephone, Furniture etc.

10. The proposal for providing telephone, furniture, vehicle etc. will be examined separately later. The Director will send necessary proposals to Government in this regard.

contd..4

<u>Staff rendered surplus:</u>

11. On account of the transfer of several activities hitherto attended to in the Harijan Welfare Department some post in the Harijan Welfare Department will be rendered surplus. The Director of Harijan Welfare will identify such posts and take expeditious action either to shift the posts to the Tribal Welfare Department in the place of the new posts created or abolish them.

12. The expenditure on account of the creation of additional staff now ordered will constitute 'New Service'.

By order of the Governor,

J. S. BADHAN,
Secretary to Government.

The Director of Tribal Welfare.
The Director of Harijan Welfare.
The Accountant General, Kerala. (This order issues with the concurrence of Fin. Dept. vide U. O. No.6783/Dev.1/78/Fin. dated 3-11-78)

Copy to: The Finance Department.
The General Administration Department.(Service)
The Private Secretary to Minister (Harijan Welfare and Community Development).
Development D, S, T & V Departments.

Forwarded/by order,

Section Officer.